


# മുഖം മറച്ചതോ അതോ മറയ്ക്കപ്പെട്ടതോ

## ക്രൈസ്റ്റ് കോളേജ് (ഓട്ടോണോമസ്)

ഇരിങ്ങാലക്കുട

College Magazine

2017-18


2018 AUGUST 15
കാമ്പസിലെ
ക്യാമ്പ്



# ആദരാഞ്ജലികൾ



## റവ. ഫാ. ഡോ. ടി.എം. ജോസ് CMI

പ്രിൻസിപ്പാൾ (15-10-2007-27-07-2017)

ജനനം : 06-08-1963 മരണം : 27-07-2017



Rev. Fr. Jacob Njerinjampilly CMI
Manager



Dr. Mathew Paul Ukken, Principal



Rev. Fr. Jolly Andrews CMI
Vice Principal



Dr. V.P. Anto
Vice Principal



Rev. Fr. Joy P.T.
Vice Principal



Dr. T. Vivekanandan
Staff Advisor



Dr. K.M. Jayakrishnan
Staff Editor



Prof. C.V. Sudheer
Staff Editor



Dr. Pius K. Jacob
Retd. Staff
Zoology Dept. HOD



Dr. Jacob George
Retd. Staff
Physical Edu. Dept. HOD

# COLLEGE UNION 2017-18



**FARHANA**
Vice Chairperson



**JESS JOHN**
General Secretary



**VINAY MOHAN**
Chairman



**VARSHA R. PARACHALIL**
Joint Secretary



**AJMAL LATHEEF**
Finearts Secretary



**SARANG BABU**
UUC



**SREEJITH**
UUC



**JITHINBABU**
General Captain



**AVIN BABU**
Magazine Editor

## MATHEMATICS



## B.S.W.



## PHYSICS



## ZOOLOGY



## B.COM (SELF A)



## B.COM (SELF B)



## FUNCTIONAL ENGLISH



## ECONOMICS



## B.C.A



## PSYCHOLOGY



## B.P.E.



## COMPUTER SCIENCE



## MALAYALAM



## GEOLOGY



## HOTEL MANAGMENT



## B.COM (SELF C)

## B.A. ENGLISH & HISTORY


മാഗസിൻ കമ്മിറ്റി




REVOLUTION



# CHRIST COLLEGE MAGAZINE

മുഖം മറച്ചതോ അതോ മറയ്ക്കപ്പെട്ടതോ


| | | |
|---|---|---|
| Staff Editors | : | Dr. K.M. Jayakrishnan |
| | : | Shri. C.V. Sudheer |
| Student Editor | : | Avin Babu |
| Sub Editor | : | Megha Prasad |
| Cover Page | : | Kiran E.V.S., Hameeda, Agnives |
| Printing | : | Color Offset, Nadavaramba<br>0480 2822576 |

The opinion expressed in this publication are those of the writers concerned and not necessarily of the college. The Christ College 2017-18 magazine of Christ College, Irinjalakuda statement about ownership and other particulars about "Mukham Marachato ato marakkapettato"
form IV (see rule 8)

| | | |
|---|---|---|
| Place of publication from | : | Irinjalakuda |
| Periodicity of publication | : | Annual |
| Publisher's Name | : | Shri. Gejo Johny |
| Nationality | : | Indian |

Published under the authority of Magazine Committee 2017-18

I here by declare that the particular given above the true to the best of my knowledge and belief.

Sd.-

..............................

# ആദരാഞ്ജലികൾ



## ഡോ. കെ. ചന്ദ്രൻ

# C O N T E N T S



“ സാറേ,
ഇതു പരീക്ഷയ്ക്കു വരോ..........? ”

നമ്മുടെ ആകാശവും ഭൂമിയും സിലബസിലുള്ളതല്ലെങ്കിലും അത് ഞങ്ങളുടെ ജാഗ്രതയുടെ ഭാഗമാണ്. അതിന്റെ നിലനിൽപ്പിനായി പഠിപ്പ് മുടക്കേണ്ടി വന്നാൽ ഞങ്ങൾ അതു ചെയ്യും. കാരണം അതിലും വലുതാണീ ഭൂമി

"എടീ ഇതു കഴിഞ്ഞക്കൊല്ലം വന്നതാ
ഈ കൊല്ലം ചോദിക്കില്ല....."

ഗാഡ്ഗിൽ റിപ്പോർട്ട് വന്നിട്ട് വർഷം പലതായി. എങ്കിലും അതുയർത്തുന്ന ചോദ്യങ്ങൾ ഇന്നും പ്രസക്തമാണ്. കഴിഞ്ഞവർഷം ഉയർത്തിയ ചോദ്യങ്ങൾക്ക് തീരുമാനമായില്ലെങ്കിൽ ഞങ്ങളത് ചോദിച്ചുകൊണ്ടേയിരിക്കും. എന്തു വികസനത്തിനുവേണ്ടിയായിരുന്നു നിങ്ങളാ മരങ്ങൾ മുറിച്ചത്?



# അതിജീവനത്തിന്റെ നേർവഴികൾ

വിതച്ച വിത്തുകളെല്ലാം ചത്തുപോയി
മതിച്ച സ്വത്തുക്കളെല്ലാം കെട്ടുപോയി
ശൂന്യതയ്ക്ക് കാവൽ നിൽക്കും ശ്വാനനായി
മാറുന്നു നേരം.
അതിജീവനത്തിന്റെ അടുപ്പു കത്തുന്നു
ചങ്കുറപ്പിന്റെ അരി വേവുന്നു
തൊഴിലിന്റെ ബോധമാളുന്നു
പൊരുതുന്നു, കര കയറുന്നു
മനുഷ്യൻ വീണ്ടും മനുഷ്യനാകുന്നു!

ബ്രോളിൻ പോൾ
ഒന്നാം വർഷം
എം.എ. ഹിസ്റ്ററി



# അവശേഷിപ്പ്

“ആ കാണുന്ന തൊടിക്കപ്പുറം ഒരു വലിയ കുന്നായിരുന്നു പണ്ട് ”
“വലുതെന്ന് പറഞ്ഞാൽ ???”
“വലുതെന്ന് പറഞ്ഞാൽ വലുത് തന്നെ !”
“മുത്തശ്ശി പോയിട്ടുണ്ടോ ?”
“അങ്ങനെയിങ്ങനെ ഒന്നും പോവാൻ പാടില്ല എന്നായിരുന്നു. ന്നാലും പോയീട്ടുണ്ട് ..രണ്ട് പ്രാവശ്യം.”
“അതെന്താ പോവാൻ പാടില്ലാത്തെ ??”
‘‘ഇന്നത്തെ പോലെയാ അന്ന് .. ന്നാണോ നിന്റെ വിചാരം. പാടില്ല്യന്ന് പറഞ്ഞിട്ടുണ്ട്.. ന്ന് വെച്ചാൽ പിന്നെ ഇത് പോലെ ചോദ്യം പറച്ചിലും ഒന്നും ഇല്ല്യാ.. പോവില്ല്യന്ന് തന്നെ.
ദേവി കല്ലിൽ കുടിയിരിക്കണ സ്ഥലയിരുന്നു.”
“ദേവി കല്ലിലോ.. ?”
“പണ്ടിവിടൊക്കെ കാടല്ലേ.. അന്ന് ആദ്യമായി ഇവിടെ വന്ന് താമസിക്കുന്നോർ കാട് വെട്ടി തെളിക്കുന്നതിന് മുമ്പ് ഒരു കല്ലിൽ ദേവിയെ ഇരുത്തും. ദേവിയോട് അനുവാദം വാങ്ങാണ്ട് ഒരു ഇല പോലും തൊടില്ല്യായിരുന്നു. എല്ലാം നോക്കികൊണ്ട് ദേവി അവിടെ ഇങ്ങനെ ഇരിക്കും.”
“മുത്തശ്ശി എപ്പളാ പോയേ ??”
“ഇവിടെ മാസമുറ ആദ്യായിട്ടു വരുന്നതിന് മുമ്പ് മാത്രേ പെൺകുട്ടിയോൾക്ക് അങ്ങട്ട് പോവാൻ പാടുള്ളായിരുന്നു. അതും വിളക്ക് വെക്കാൻ മാത്രം. ഞാൻ രണ്ടു വട്ടം പോയിണ്ട്... നാണുവിന്റെ കൂടെയും ഒരിക്കൽ ജാനുവിന്റെ കൂടെയും.
കുന്നിറങ്ങുമ്പോ എന്തോ ശബ്ദം കേട്ട് പേടിച്ചു അലമുറയിട്ട് കരഞ്ഞു ഇറങ്ങി വരുമ്പോ നാണി കാൽ തെറ്റിവീണു. വീട്ടിൽ കൊണ്ടു പോയപ്പോളാ മനലസ്സിലായെ അവൾക്ക് മാസമുറ വന്നു... ന്ന്. എന്നിട്ടും അത്രേ അല്ലെ ഉണ്ടായുള്ളൂ... വീണൊരിത്തിരി ചോര പോടിഞ്ഞേയുള്ളൂ... ചെറിയ കുട്ടിയല്ലേ ... ദേവി ക്ഷമിച്ചതാവും..”
“ന്റെ അച്ഛൻ പോയിണ്ടോ അങ്ങട്ട് .??”
‘‘ചെറുതിലെ പോയിണ്ട്.. അതു കഴിഞ്ഞ് അവൻ പഠിക്കാനൊക്കെ പോയി വന്നപ്പോഴേക്കും അവിടം മരം ഒക്കെ പോയി മോട്ടക്കുന്ന് പോലെ ആയിട്ടുണ്ടായിരുന്നു. അന്ന് നിന്റെ അച്ഛനൊക്കെ അത് തീരെ ഇഷ്ടമില്ല്യാർന്നു. അതൊന്നു മുറിച്ചാൽ നാടിന് നല്ലതല്ലാന്ന് പറയും. അന്ന് പട്ടണത്തിൽനിന്ന് പഠിച്ചു വന്നതിന്റെ ഹുങ്കാ



ണെന്നു പറഞ്ഞു എല്ലാവരും നിന്റെ അച്ഛന് എതിരായി. എന്തിന് നിന്റെ വല്ല്യച്ഛൻ വരെ പറഞ്ഞു. മൂത്തവരെ പുച്ഛരിപ്പിക്കാനൊന്നും നീ വളർന്നിട്ടില്ലെന്ന്.."

"എന്നാ മുത്തശ്ശിക്ക് പറഞ്ഞു കൊടുക്കായിരുന്നു.. ന്റെ പേരകുട്ടിക്കും കാണേണ്ടതാ ഇതൊക്കെ.. ന്ന്."

"നല്ല കഥ, ഞാൻ പറയുന്നത് കേൾക്കേ ??

"ന്നിട്ട്.. ??"

"അതുകഴിഞ്ഞു കൊറച്ചും കൂടി കഴിഞ്ഞപ്പോ ആ കുന്നിന്റെ അരികിൽ .. ന്ന് ഒക്കെ മണ്ണ് എടുക്കാൻ തൊടങ്ങി. അപ്പൊ കല്ലും മണ്ണും ചെളിയും ഒക്കെ മഴയത്ത് നമ്മടെ വീടിന്റെ ഉമ്മറം വരെ വരുമായിരുന്നു. അപ്പളേക്കും പിന്നെ സമരക്കാർ വന്നു. പിന്നെ കൊറച്ചു ദീസം ഉഷാറായിരുന്നു. അത് കഴിഞ്ഞു അവരങ്ങു പോയി.."

"എന്നിട്ട്"

" എന്നിട്ടെന്താ ഈ വക്കിൽ മുഴുവൻ വീട് വെച്ചു. അപ്പൊ ആരും പൊളിച്ചു മാറ്റാൻ വരില്ല്യല്ലോ..

ഇത് കൃഷി ചെയ്യണ പാടായിരുന്നു. പണ്ട്..

അപ്പൊ മഴക്കാലത്തു ഇവിടെ വെള്ളം ഉണ്ടാവും.. വെള്ളം ന്ന് പറഞ്ഞാൽ ഒറ്റ നോട്ടത്തിൽ പുഴയാണോ .. ന്ന് തോന്നണ അത്രേം.. മീൻ പിടുത്തോം കളിയും ഒക്കെയായി നല്ലബഹളം ആയിരിക്കും ആന്നൊക്കെ. ഇന്നത്തെ പോലെയല്ലല്ലോ.. അന്ന് ഒരു വീട്ടിൽ തന്നെയില്ലേ.. ആറും ഏഴും. ഇവിടെ തന്നെ ഉണ്ടായിരുന്നല്ലോ.. ഏഴ് പേര്. പള്ളികൂടത്തിൽനിന്ന് വന്നാൽ പിന്നെ ഒരു മേളാണ്. നമുക്ക് ഒരു വള്ളം ഉണ്ടായിരുന്നു. അതോണ്ട് ശങ്കരന്റെ വീട്ടിലെ പിള്ളേരും നമ്മടെ ഉമ്മറത്ത് ഉണ്ടാവും. അന്ന് മോട്ടോർ ഒക്കെ വന്ന് തൊടങ്ങീട്ടെ ഉള്ളൂ.. തെക്കേലെ കൊള്ളിക്ക് മുഴുവൻ കയ്യോണ്ട് തന്നെ വെള്ളം കോരിയൊഴിക്കും .. എല്ലാരും ഇറങ്ങും.. നിന്റെ അച്ഛന് ഒരു ഓലത്തൊപ്പി ഉണ്ടായിരുന്നു. മഴയത്ത് അതും വെച്ചോണ്ടാണ് പുള്ളിയുടെ സർക്കീട്ട്.

പിന്നെ കൊറേ വീടൊക്കെ വന്നപ്പോ യാത്രയൊക്കെ ബുദ്ധിമുട്ടായി. വെള്ളം കേറുമ്പോ വള്ളത്തിൽ ഒക്കെ പോവാൻ എളുപ്പില്ല്യല്ലോ.. അങ്ങനെയാണ് വയൽ നികത്തി മണ്ണിട്ട് ഇവിടെയൊക്കെ റബർ വെച്ചേ .. കാര്യം നമുക്ക് ലാഭവും അതെന്നെ ആയിരുന്നു. എന്നാലും എന്തോ ഒരു തികട്ടൽ ഉണ്ടായിരുന്നു മസ്സിൽ .. അത് കുട്ടിക്ക് മനസ്സിലാവില്യ.."

"മുത്തശ്ശി കരയണ്ട.. ഞാൻ പറഞ്ഞോളാം.. എനിക്ക് വയൽ മതീന്ന് പറഞ്ഞോളാം.., വള്ളം വേണം..ന്ന് പറഞ്ഞോളാം.., നമുക്ക് ഒരുമിച്ച് മുത്തശ്ശി പറഞ്ഞ കുന്നിലേക്ക് പോവാം. ദേവി ഇരിക്കുന്ന കല്ലെവിടെ യാണ്.. ന്ന് നോക്കാം. എല്ലാം പഴയ പോലെയാക്കാം.. മുത്തശ്ശി കരയണ്ട"

" എല്ലാം ഒലിച്ചു പോയില്ലേ കുട്ടിയേ ? നമ്മളും.. "

അനുഗ്രഹ രാജ്
മൂന്നാം വർഷം
ബി.എസ്.സി. ജിയോളജി



## നമുക്ക് മനുഷ്യരായിത്തന്നെ മരിക്കണം

# പേടിയില്ലാതെ

നാരകങ്ങൾ പൂക്കുന്നതും കായ്ക്കുന്നതും നാരങ്ങകൾ കാപ്പിനിറമുള്ള മണ്ണിൽ വീണടിയുന്നതും നാം അറിയുന്നുണ്ട്. മഴയുടെ കുളിരും പൊള്ളുന്ന ഗ്രീഷ്മത്തിന്റെ നട്ടുച്ചകളും നമ്മെ തലോടി കടന്നുപോകുന്നുണ്ട്. ശിശിരത്തിന്റെ തണുപ്പിൽ നാം വിറങ്ങലിക്കുകയും ചുരുളാൻ ഇളംചൂടുള്ള മൂലകൾ അന്വേഷിക്കുകയും ചെയ്യുന്നുണ്ട്. നാമിതൊക്കെ അറിയുന്നുണ്ട്. നാം സ്നേഹിക്കുകയും വെറുക്കുകയും, വെറുത്തുകൊണ്ട് പ്രേമിക്കുകയും ചെയ്യുന്നുണ്ട്. നിഴലുകൾ നിലം തൊട്ടുപോകുന്നു. പതിറ്റാണ്ടുകൾ പഴുത്ത ഇലകൾ കൊഴിയുന്ന ലാഘവത്തിൽ ഞെട്ടറ്റുവീഴുകയും, ആകാശം പിന്നെയും വിശാലമാവുകയും ചെയ്യുന്നു. നമ്മൾ മാത്രം, നമ്മുടെ വംശം മാത്രം മാറ്റമില്ലാതെ തുടരുന്നു. അനുഭവങ്ങളെ കാൽപ്പനികതയുടെയുടെ വീഞ്ഞപ്പെട്ടിയിലടച്ച് ഓർമ്മയുടെ നദിയിൽ ഒഴുക്കുകയും, പിന്നീടൊരിക്കൽ, ജീവിതത്തിന്റെ ഏതെങ്കിലും ഒരു ദശാസന്ധിയിൽ അവ നമ്മെ തേടിവരുമെന്ന് നാം പ്രതീക്ഷിക്കുന്നു. ഇങ്ങനെ, കാൽപനികതയുടെയും സ്വപ്നങ്ങളുടെയും കേവലവിരഹത്തിന്റെയും അയഥാർത്ഥമായ ലോകത്തിൽ നാം തടവുകാരാക്കപ്പെടുകയും, ജീവിതത്തിന്റെ പച്ചയായ ഉള്ളുലയ്ക്കലുകളെ നാം നിസ്സാരമായി അവഗണിക്കുകയും ചെയ്യുന്നു. ഇപ്രകാരം, ഇന്ദ്രിയാനുഭൂതികളുടെ ഒരു ലോകത്തെ നിഷേധിച്ചുകൊണ്ട് നാം നമ്മുടെ തന്നെ ഭാവനാസൃഷ്ടിയായ അതീന്ദ്രിയലോകത്ത് മരിച്ചുകൊണ്ട് ജീവിക്കുകയും, അതിൽത്തന്നെ ജീവിച്ചുകൊണ്ട്, മരിക്കുകയും ചെയ്യുന്നു.

ഇങ്ങനെയുള്ള ഒരു ലോകത്ത് ആർക്ക് വേണ്ടിയാണ് നിങ്ങൾ ജീവിക്കുന്നതെന്നുള്ള ചോദ്യം നമ്മെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്നു. ചില അവ്യവസ്ഥകളെ നിലനിർത്താനാണ് നാം നിലനിൽക്കുന്നതെന്നും അപ്രകാരമുള്ള സാമൂഹികക്രമങ്ങളെ നിലനിർത്താനും പോഷിപ്പിക്കാനും തക്കവണ്ണമുള്ള വിദ്യാഭ്യാസപദ്ധതിയിലാണ് നമ്മെയൊക്കെ പരിശീലിപ്പിക്കുന്നതെന്നുള്ള യാഥാർഥ്യം നാം അറിയാതിരിക്കുകയും, ജീവിതം മുഴുവൻ എന്തിനൊക്കെയോ വേണ്ടിയുള്ള വെപ്രാളത്തിൽ ഓടിത്തീർക്കുകയും, പെട്ടന്നൊരു ദിവസം നമ്മളാരാണെന്നു മനസിലാക്കാൻ പോലുമാവാത്തതിന്റെ ഹൃദയവേദനയിൽ നാം നമ്മെത്തന്നെ മരണത്തിന് വിട്ടുകൊടുക്കുകയും ചെയ്യുന്നു.

ഇങ്ങനെ ഭൂരിഭാഗം മനുഷ്യരും അന്യന്റെ ഉയർച്ചയോർത്ത് ദുഃഖിക്കുകയും, തങ്ങൾക്ക് ലഭിക്കാത്ത സ്വർഗങ്ങളെക്കുറിച്ചോർത്ത് ആശങ്കാകുലരാവുകയും ചെയ്യുന്നു. ഒരു പേടി നമ്മെയെല്ലാം വലയം ചെയ്യുന്നു. തന്റെ മുതലെല്ലാം അപഹരിക്കപ്പെടുമോയെന്നും തന്റെ അതിരുകൾ അയൽക്കാർ മാന്തുമോയെന്നും നാം പേടിക്കുന്നു. നമ്മൾ തോൽപ്പിക്കപ്പെടുമോയെന്നും നാം പേടിക്കുന്നു. നമ്മൾ തോൽപ്പിക്കപ്പെടുമെന്നും നമ്മെയൊക്കെ 'അവർ' ഇല്ലാതാക്കുമെന്നും ആരോ നമ്മുടെ ചെവികളിൽ ഇരവുപകലുകളില്ലാതെ മന്ത്രിച്ചുകൊണ്ടേയിരിക്കുന്നു. അങ്ങനെ നാം വാളെടുക്കുകയും അന്യോന്യം വെട്ടി മുറിവേൽപ്പിക്കുകയും കൊല്ലുകയും ചെയ്യുന്നു. ആരാണ് നമ്മെ ഇങ്ങനെയൊക്കെ ആകാൻ പ്രേരിപ്പിക്കുന്നത്? ആരാണ് അയൽക്കാർ ശത്രുക്കളാണെന്ന് നമ്മോട് പറഞ്ഞുകൊണ്ടേയിരിക്കുന്നത്? കലഹം ഉണ്ടാക്കുന്ന പ്രേരകശക്തികളെ മതമെന്നും വിപണിയെന്നും, സാമ്രാജ്യത്വമെന്നും വർഗ്ഗീയതയെന്നും വംശീയതയെന്നും ജാതിയെന്നും തിരിച്ചറിഞ്ഞ സത്യസന്ധരായ 'വിഡ്ഢികളെ' നാം വെട്ടിയും കുത്തിയും വെടിവെച്ചും വകവരുത്തിയും, അവരെ പുറത്താക്കികൊണ്ടും, അവരുടെ പുസ്തകങ്ങൾക്ക് വിലക്കേർപ്പെടുത്തിയും, ചിലപ്പോളൊക്കെ അവ



രുടെ പുസ്തകങ്ങൾ കത്തിച്ചും നമ്മുടെ സ്വസ്ഥതയെ ഭദ്രമാക്കുകയും ചെയ്യുന്നു. കാരണം, സത്യം പറയുന്ന വരെ കാണുമ്പോൾ നമുക്കൊക്കെയും കല്ലുകടിക്കുന്നു. സത്യത്തെ നിശബ്ദമാക്കിക്കൊണ്ട് നാം നമ്മുടെ നുണ കളുടെ സ്വച്ഛതയെയും അതിന്റെ വ്യാജമായ അടിസ്ഥാ നത്തെയും ബലവത്താക്കുന്നു. ജീവിക്കാൻ ജയിക്കണ മെന്നും ജയിക്കാൻ മത്സരിക്കണമെന്നും, മത്സരിക്കാൻ എതിരാളി വേണമെന്നുള്ള വിപണിയുടെ കപടതന്ത്രം നാം നമ്മുടെ ഹൃദയത്തിൽ സ്വീകരിക്കുകയും ജയിക്കാൻ വേണ്ടി കൊല്ലാൻ തയ്യാറാവുകയും ചെയ്യുന്നു. സാമ്രാ ജ്യത്വവും മതങ്ങളും അതിരുകളില്ലാത്തതെന്നു നാം കരു തുന്ന ആഗോളവിപണിയുടെ നടത്തിപ്പാകാരോട് ചേർന്നു കൊണ്ട് വളരുകയും വളർന്നുകൊണ്ട് തങ്ങളുടെ അതി രുകളെ വലുതാക്കുകയും ചെയ്യുന്നു.

അവർ എങ്ങനെയാണത് ചെയ്യുന്നതെന്ന് നാം അറി യുന്നില്ല. അവർ ജനാധിപത്യത്തെ മറയാക്കിക്കൊണ്ട് തങ്ങളുടെ സമ്പത്ത് ഇരട്ടിപ്പിക്കുന്നതും നാം അറിയുന്നി ല്ല. മാത്സര്യത്തിന്റെ ചൂടിൽ പാരസ്പര്യം മറന്ന നമ്മെ ആരൊക്കെയോ വിഭജിക്കുന്നു. മനുഷ്യരായ നമ്മെ വിവിധ ജാതികളായും മതങ്ങളായും വിഭജിക്കുകയും, മറ്റുള്ളവരൊക്കെയും നമ്മുടെ നിലനിൽപ്പിന് ഭീഷണിയാ ണെന്നും അവരുടെ ഉന്മൂലനമാണ് നമ്മുടെ വിജയമെന്നും ചിലർ നമ്മോട് പറയാതെ പറയുകയും നാമറിയാതെ നമ്മുടെയുള്ളിൽ ഒരു ഭയം ഉറഞ്ഞുകൂടുകയും ചെയ്യു ന്നു. സഹോദരരെ അന്യരായി കാണാനും അവർ നമ്മുടെ ശത്രുക്കളാണെന്ന് നാം കരുതാനും തുടങ്ങുന്നു. ഒരി ക്കലും സംഭവിക്കില്ലാത്ത ഒരാക്രമണത്തെ പ്രതീക്ഷിച്ചു കൊണ്ട് നാം നമ്മുടെ ആയുധപ്പുരകൾ വലുതാക്കുകയും വിശപ്പിനെക്കുറിച്ച് മറന്നുപോവുകയും ചെയ്യുന്നു. ഇത്ത രത്തിൽ ഉളവാകുന്ന നമ്മുടെ ആന്തരിക ഭയങ്ങളെ ചൂഷണം ചെയ്തുകൊണ്ട് മതങ്ങളും രാഷ്ട്രീയക്കാരും രക്ഷകരായി അവതരിക്കുകയും അവർ കീശകൾ വലു താക്കുകയും ചെയ്യുന്നു. വിപണി നമ്മിലേക്ക് കുത്തിനി റച്ച മാത്സര്യത്തിൽ നിന്ന് ഇല്ലാത്ത അരക്ഷിതാവസ്ഥ യുടെ പ്രതീതി ഉണ്ടാവുകയും അങ്ങനെ അരക്ഷിതത്വ ബോധത്തിൽ ജീവിക്കുന്ന നമ്മെ മതങ്ങളും രാഷ്ട്രീയ പ്പാർട്ടികളും ഭരണകൂടങ്ങളും വിദഗ്ധമായി ഉപയോഗി ക്കുകയും ചെയ്യുന്നു.

നമ്മോട് നാം തന്നെ ചോദിക്കേണ്ട ചില ചോദ്യങ്ങ ളുണ്ട്. അവ ചോദിക്കപ്പെടാതെ വായുവിൽ അവശേഷി ക്കുന്നു. നാം യന്ത്രങ്ങൾക്ക് തുല്യരായി ചിന്താശേഷിയി ല്ലാതെ കടന്നുപോകുന്നു. നമ്മെ ഇങ്ങനെയൊക്കെ ആക്കിതീർക്കുകയും, നമ്മുടെ നിർവികാരതയെ ഉപയോ ഗിച്ച് വിസ്തൃതരാവുകയും ചെയ്യുന്നതാരാണ്? നമ്മുടെ ചോദനകളെ ഇല്ലാതാക്കുന്നതാരാണ്? അതിരുകളില്ലാത്ത നമ്മുടെ സ്നേഹത്തെ വേലികെട്ടി വേർതിരിക്കുന്നതാ രാണ്? നമ്മുടെ മാനുഷികയെ ഇല്ലാതാക്കുന്നതാരാണ്? നമ്മെ വിഭജിക്കുന്നതാരാണ്? അങ്ങനെയങ്ങനെ ഒരുപാട് ചോദ്യങ്ങൾ ഉത്തരമില്ലാതെ കാത്തിരിക്കുന്ന ഒരു ലോകത്ത് നാം മതിലുകൾ പണിയാൻ കല്ലുകൾ അന്വേ ഷിക്കുകയാണെന്നത് സങ്കടകരമാണ്. നാം നമ്മുടെ ഭയ ങ്ങളെ തിരിച്ചറിയാതിരിക്കുന്നതും, വ്യാജഭയങ്ങളിൽ നമ്മെത്തന്നെ തടവുകാരാക്കുന്നതും ആരൊക്കെയോ ചൂഷണം ചെയ്യുന്നുണ്ട്. മനുഷ്യവംശത്തിന്റെ പ്രതീക്ഷ കൾ ഒരിക്കലും അവസാനിക്കുന്നില്ല എന്നതും ഇതോടു കൂട്ടി ചേർത്ത് വായിക്കപ്പെടേണ്ടതാണ്. ലോകം എത്ര യൊക്കെ മലീമസമായാലും ചവറുകളെയൊക്കെ പെറുക്കി മാറ്റുന്ന ചിലരുണ്ട്. ചീഞ്ഞുനാറുന്ന അവശി ഷ്ടങ്ങളെ പൂച്ചെടികൾക്ക് വളമായി ഉപയോഗിക്കുന്ന ചിലരുണ്ട്. ചിന്തയുടെ അഗ്നിയിൽ എരിഞ്ഞുകൊണ്ട് ലോകത്തിന് ചൂടേകുന്ന ചിലരുണ്ട്. അങ്ങനെയുള്ള കുറെയേറെ മനുഷ്യരുടെ തോളുകളാണ് മനുഷ്യവം ശത്തെ താങ്ങുന്നതെന്ന് എല്ലാക്കാലത്തെയും പ്രതീക്ഷ. നമുക്ക് പേടിച്ചൊളിക്കാതിരിക്കാം. നമുക്ക് മനുഷ്യരായി ത്തന്നെ ജീവിക്കുകയും മരിക്കുകയും ചെയ്യാം. നമുക്കി നിയും മുന്നോട്ട് പോകാം. ചക്രവാളങ്ങളിൽ നമ്മുടെ സ്നേഹത്തിന്റെ അടയാളങ്ങൾ പൂക്കുന്നത് പിന്നെയും പിന്നെയും കാണാം.

ജോബിൻ മാത്യു മേഴ്സി
രണ്ടാം വർഷം
എം.എ. എകണോമിക്സ്





# VP MENON: THE UNSUNG HERO

When did India's "Iron Man" Sardar Vallabhai Patel's statue become the tallest in the world? What are the historical residues that have been raising the tourists to our country today without knowing the unjust and exploitative nature and political interests?

Prime Minister Narendra Modi may have some political ambitions, and have some deliberate future plans, to build statues. But Patel was a man toiling for the needs of commoners and a Congress-born Congressman, who died as a Congress worker.

In fact, he is called the 'Iron Man' because he could coordinate more than 500 princely states and brought these states to the Union of India. But that very difficult task was accomplished through his secretary, V. P. Menon. One need to learn the rocket science just to learn about this man's wisdom towards achieving the national integrity.

He was educated up to only seventh grade and served as the advisor of three viceroys, including Mountbatten, Bismarck and Cicero Beytlem. By serving as a diplomat he was the right hand man of Patel to unite 565 princely states. His unique intellect and personal strength reached the point where he represented India at critical times. Beyond the expectations of his viceroys he played a vital role in the Partition of India-Pakistan, Kashmir and other major crisis.

We need not follow the example of the Gujarat government which has left the gigantic statue for the crows to pee. Why the government has not done anything aimed to remember V. P. Menon? Is it because he does not come from a political party or studied up to the grade lower than Modi?

When Vallabhai Patel's statue towers over the landscape of Modi, India's unification completely lacks the acknowledged contribution of V. P. Menon. In 1946 even as Nehru's stance on the Viceroy's proposed role in the interim government threatened to torpedo the whole affair, Menon was the one who advised the Viceroy, Lord Wavell to reach out Patel to assure the opinions and solutions.

But it was Patel who was the mastermind of everything. Particularly he thought of an India where everyone is united in religion, culture and language. But V. P Menon was one who held the reins of power with an iron hand. Patel Sardar lived up to Menon's expectations.

Once Sardar has said to Menon's envoy H.V.R. Iyengar, "He would not only insist that Congress form the



interim government, but he would resign from the working committee if his position was not accepted. Patel ensured that his views carried the day".

Patel recognised Menon as just the right man by his side as a trusted lieutenant. He was the man who worked up to the needs of nation and the ranks of government service with his powerful Short, stocky, and decidedly blunt with his opinion of words.

Menon was born in 1893, in a little known village some six kilometers out of Ottapalam in Palakkad district of Kerala. His entry into politics and administrative services are mere coincidence and sheer hard work and keen observation on day to day politics. The inherent qualities of Menon appealed instinctively to Patel, who was the principal typist of the first draft of the Montagu-Chelmsford Report. He had not only helped to implement the Government of India Act, 1935, but also organised the elections of 1937.

Menon was highly experienced in the ways of Jinnah, Gandhiji and Nehru. He handled the various whims and fancies of the viceroy with his sheer brilliance and aplomb. It was Menon's plan for solving the problems of India's independence that had been carried above Lord Mountbatten's plan. Mountbatten's game plan was to split the Indian sub-continent into two countries, by bifurcating into dozen odd provinces, which evoked sharp criticism.

Each province would have the right to repudiate and also each princely state would have the right to become independent. Nehru confronted with burning rage at the prospect of "fragmentation, conflict and disorder". Mountbatten had no other choice but to call his constitutional advisor.

V. P. Menon in his modest guest house typed up his alternative plan gave birth to an independent India that chaged the map of the subcontinent and the world forever. His ability to handle a crisis situation with finesse and poise showing incredible wisdom and sagacity, which made him to be the right hand man of Patel.

Narayani Basu the great grand daughter of V. P. Menon, recently wrote a column in The Wire, where she stated: "The combination of these two personalities was a deadly one. Patel's open contempt for the rulers was tempered by Menon's mix of subtlety, gruff charm and ruthlessness"

The story of the Maharaja of Cochin who won over by the impressive image that Menon laid out for the princesses, whom he likened to a "rare collection of birds" who would not survive upon being released into the wild. In yet another case, he made a special provision for the maintenance of the royal fleet of cars, earning from Mountbatten's press secretary.

Today in this 21 st Century V. P. Menon's role of unifying India are unknown. Alan Campbell Johnson's admiring remark about V. P Menon is worth remembering, "It is high statesmanship that can cover a revolutionary act in the mantle of traditional form".

The act of the BJP Government building the tallest statue in the world for Patel, who never craved for immortality, had in fact made his image shorter. Also by choosing to ignore the man who helped Patel in stitching together the provinces by reorganizing all the princely states into the Union of India, VP Menon should not remain an unsung hero. He was the man behind the legendary tales of Kashmir, Junagadh and Hyderabad. He was the part and parcel for the Indian Union and still remembered by reading Indian political text.

Today, it is a sad paradox that Vappala Pangunni Menon remains buried in Wikipedia with little or no information about his contributions. The Prime Minister Narendra Modi should acknowledge the contribution of the great soul too, if not erecting his statue, at least showing statesmanship in acknowledging the fact that Menon's role in the formation of the modern India is spelt out for the future generation to comprehend.



# വരത്തന്റെ രാഷ്ട്രീയം

## (എബിയും മാർക്സും പിന്നെ 18-ാം മൈലും)

**"സിനിമ എന്നും ഒരു രാഷ്ട്രീയകലയാണ്"**
**പാബ്ലോ ലൊറൈൻ**



ഏതൊരു വ്യക്തിയും അവൻ/ൾ അണിയുന്ന വസ്ത്രവും കഴിക്കുന്ന ഭക്ഷണവും ചിന്തകളും സംസാരശൈലിയും അടക്കം, ഒരു രാഷ്ട്രീയനിർമ്മിതിയാണ്. അവന്റെ രാഷ്ട്രീയം എന്നും അവന്റെ സൃഷ്ടികളിൽ നിലനിൽക്കും. അവന്റെ കലയിലും സിനിമയിലും എല്ലാം അവന്റെ രാഷ്ട്രീയം പ്രകടമാകും.

ഇതൊരു സ്വാഭാവിക പ്രക്രിയയാണ് രാഷ്ട്രീയ സിനിമകൾ എന്ന ലേബലിൽ ഇറക്കുന്ന തട്ടുപൊളിപ്പൻ വാണിജ്യസിനിമകൾക്കുപരി, ഒരു രാഷ്ട്രീയ ചിഹ്നം പോലും കാണിക്കാതെ കൃത്യമായ സാമൂഹിക പശ്ചാത്തലാവതരണത്തിലൂടെ രാഷ്ട്രീയം പറയുന്ന സിനിമകളുടെ എണ്ണം വർത്തമാനകാല മലയാള സിനിമയിൽ ഏറി വരുന്നുണ്ട്. ഇന്ന് സിനിമകൾ കാഴ്ച വെക്കുന്നത് തിയ്യേറ്ററുകൾ പൂരപ്പറമ്പുകളാക്കി മുദ്രാവാക്യം വിളികളാൽ ഇളക്കി മറിക്കുന്ന കാമ്പസ് രാഷ്ട്രീയമല്ല; മറിച്ച് ദളിതന്റെ, അവനനുഭവിക്കുന്ന അവഗണനയുടെ ചുറ്റുപാടുകൾ മുതൽ അമേരിക്കൻ മുതലാളിത്തത്തിന്റെ അധികാര ഹുങ്ക് കാണിക്കുന്ന മലയാള സിനിമകൾവരെ കഴിഞ്ഞ അഞ്ചു വർഷത്തിൽ മലയാള സിനിമയിൽ സംഭവിച്ചു. അങ്കിൾ സാം എന്ന് അറിയപ്പെടുന്ന അമേരിക്കൻ മുതലാളിത്തത്തിന്റെ പ്രതീകമായ ഒരു കഥാപാത്രത്തെ അതേ രൂപരേണുക്കളോടെ സൃഷ്ടിച്ച് ഒരു വീൽ ചെയറിൽ ഇരുത്തി രാഷ്ട്രീയം അവതരിപ്പിച്ച ആഷിഖ് അബുവിന്റെ ഗാങ്സ്റ്റർ, കമ്മട്ടിപ്പാടം, ഈ.മ.യൗ. മുതലായ സിനിമകൾ വ്യക്തമായ അടിച്ചമർത്തലിന്റെയും പുരോഹിതവർഗ്ഗം ഡിറ്റക്റ്റീവ് നോവലുകൾ പള്ളിമേടയിൽ ഇരുന്ന് വായിച്ച് തെമ്മാടിക്കുഴി കൽപ്പിച്ച് കൊടുക്കുന്ന മതജീർണ്ണതകളുടെ രാഷ്ട്രീയവും സംസാരിക്കുന്നു.

സിനിമകളെല്ലാം സംസാരിക്കേണ്ടത് ഒരാഹ്വാനമായാണ്, പ്രേക്ഷകനെ ചിന്തിപ്പിക്കുന്ന തരത്തിലുള്ള ഒരാഹ്വാനം നൽകുന്ന ശ്രേണിയിലുള്ള സിനിമകൾ



എന്നും സിനിമ കാണുന്ന പ്രേക്ഷകനോട് മാത്രമല്ല, അവന്റെ ഉള്ളിലെ മനുഷ്യനോടും സംവദിക്കണം.

കഴിഞ്ഞ വർഷം ഇറങ്ങിയ ഏറെ നിരൂപക-പ്രേക്ഷക ശ്രദ്ധ പിടിച്ചു പറ്റിയ ഒരു ചിത്രമാണ് അമൽ നീരദ് സംവിധാനം ചെയ്ത വരത്തൻ. വളരെ കമേർഷ്യൽ എന്ന് ചാപ്പ കുത്തപ്പെട്ട സിനിമകളാണ് അമൽ നീരദിന്റെ എന്നിരിക്കെ തന്റെ എല്ലാ സിനിമകളും ഒരു ശ്രേണിയിലെ സമാന്തരസൃഷ്ടികളായും പ്രകടമായ ഒരു രാഷ്ട്രീയ സ്വഭാവം ചർച്ച ചെയ്യുന്ന ഒന്നാണ് എന്ന് നീരദ് തെളിയിക്കുന്നുണ്ട്. സിനിമയിലേയും കുടുംബവ്യവസ്ഥയിലേയും 'തന്തക്ക് പിറന്ന നല്ല മക്കളാണ്' എന്ന ബിലാലിന്റെ മറുപടി ആരും ശ്രദ്ധിക്കാതെ പോയ ഒരു പ്രഖ്യാപനമാണ്. അങ്ങനെ, ബിഗ് ബി യിൽ തുടങ്ങി, സഞ്ചരിക്കുന്നവനും പ്രണയിക്കുന്നവനും ലോകത്തിന്റെ ഭാവി നിശ്ചയിക്കുന്ന കാലം വരും എന്ന് പറഞ്ഞു അവസാനിക്കുന്ന ഇയ്യോബിന്റെ പുസ്തകവും, ഇയ്യോബിന്റെ പുസ്തകം അവസാനിച്ചിടത്ത്നിന്ന് തുടങ്ങുന്ന സി.ഐ.ഏ. യും മുന്നോട്ട് വയ്ക്കുന്നത് അയ്‌ലൻ കുർദി മുതൽ ഉപജീവനത്തിനായി പിറന്ന നാടുവിട്ട് കഷ്ടപ്പെടുന്ന ലോകത്തിന്റെ അഭയാർത്ഥികളെക്കുറിച്ചുള്ള ചിന്തകളാണ്. വരത്തനിൽ ഇത് വ്യത്യസ്തമല്ല.

'വിപ്ലവം പഴുപ്പെത്തുമ്പോൾ വീഴുന്ന ആപ്പിളല്ല നാം അത് പറിച്ചെടുക്കുക തന്നെ വേണം
ചെഗുവേര'

വരത്തൻ എന്ന സിനിമ ഒരു കലാപമാണ്. നിലനിൽപ്പിനായി പൊരുതുന്ന ഒരോ മനുഷ്യനും ചെയ്യുന്ന കലാപം. സിനിമ നാലു തരത്തിലുള്ള അടിസ്ഥാനവർഗ്ഗസ്വഭാവങ്ങളെ മുൻനിർത്തി സംസാരിക്കുന്നു - സാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റം മൂലം ഏത് നിമിഷം തൊഴിലിടങ്ങളിൽനിന്ന് പുറത്തേക്കെറിയപ്പെടാൻ പോകുന്ന തൊഴിലാളിയുടെയും അവനെ പുറത്തെറിയുന്ന മുതലാളിത്ത ശക്തികളുടേയും കഥയിൽ ചിത്രം തുടങ്ങുന്നു. സാധാരണഗതിയിൽ പ്രകടമായി സിനിമ സംസാരിക്കുന്ന സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളെക്കുറിച്ചും അന്യന്റെ സ്വകാര്യതയിലേക്ക് കടന്നു കയറുന്ന സദാചാര കോമരങ്ങളെക്കുറിച്ചും മാത്രം അല്ലാതെ, സിനിമ സംസാരിക്കേണ്ടുന്ന വർഗ്ഗസമരവും, ഇന്നത്തെ ഇന്ത്യൻ സാമൂഹിക സംസ്ക്കാരിക പശ്ചാത്തലവുമെല്ലാം സമാന്തരമായി വരത്തൻ പ്രേക്ഷകനോട് സംവദിക്കുന്നുണ്ട്.

ജോലിയിൽ നിന്ന് പുറത്തായി 18-ാം മൈലിലേക്ക് എത്തുന്ന എബിയുടേയും പ്രിയയുടേയും വസ്ത്രവിതാനത്തിലേക്ക് കൺകടത്തുന്ന കഥാപാത്രത്തിന്റെ കൈയി



ലിരിക്കുന്ന പത്രത്തിലെ തലക്കെട്ട് RSS എന്ന സംഘടനയെ വിമർശിക്കുന്ന ഒന്നാണ്. പിന്നീട് അതേ സംഘടനാപ്രവർത്തകരുടെ പൊതുവസ്ത്രധാരണം പുലർത്തുന്ന, രാഖി കെട്ടിയ, കാവി മുണ്ടുടുത്ത വ്യക്തി - നമ്മുടെ നാടിന്റെ സംസ്ക്കാരത്തെ നശിപ്പിക്കാൻ വരുന്ന ബാഹ്യ ഇടപെടലിനെക്കുറിച്ച് സംസാരിക്കുന്നുണ്ട്. പിന്നീട് നാട്ടിലെ ഫ്യൂഡലിസ്റ്റുകളാണ് കഥയിൽ



രംഗപ്രവേശം ചെയ്യുന്നത്. എബിയുടേയും പ്രിയയുടേയും സ്വകാര്യതയിലേക്ക് കൈകടത്തുന്ന പാപാടി തറവാട്ടുകാർക്ക് ഉള്ള താൻ പ്രമാണിത്വവും എല്ലാം കഥയിൽ പരാമർശിച്ചു പോരുന്നത്.

കഥയുടെ തുടക്കം മുതൽ നായകകഥാപാത്രം ശാന്തശീലനാണ്, ഒരു പക്ഷെ തന്റെ ആവശ്യങ്ങൾക്കു പോലും സംസാരിക്കാനുള്ള ആർജ്ജവം കാണിക്കാതെ സർവ്വവും പറഞ്ഞവസാനിപ്പിക്കുന്ന കഥാപാത്രം കുളിമുറിയിൽ ഒരാൾ ഒളിഞ്ഞു നോക്കുന്നുണ്ട് എന്ന ഭാര്യ വന്നു പരാതി പറഞ്ഞപ്പോൾ പോലും കുളിമുറിയുടെ ജനൽ ഒരു ന്യൂസ് പേപ്പർ വച്ച് ഒട്ടിച്ച് പ്രശ്നം പരിഹരിക്കുന്ന കഥാപാത്രം. പല അവസരങ്ങളിൽ തന്റെ കുടുംബത്തിന്റെ സ്വകാര്യതയിലും വളരെ ശാന്തശീലനായി എല്ലാത്തിൽനിന്നും ഒഴിഞ്ഞ് മാറുന്ന കഥാപാത്രം. പിന്നീട് തനിക്കൊരു പ്രശ്നം വരുമ്പോൾ, തന്നോടൊപ്പം ഇതേ വ്യവസ്ഥിതിയുടെ ഇരയാ



വേണ്ടി വരുന്ന മറ്റൊരാളെ ചേർത്തു പിടിച്ച് സ്ഫോടനാത്മകമായി പ്രതികരിക്കുന്നു എബി. മാറ്റത്തിനായുള്ള സമരം എന്നും സംഘടിതമല്ല, മറിച്ച് ദുരിതത്തിന്റെ ഏറ്റവും അടിത്തട്ടിൽ നിന്നുള്ള പൊട്ടിത്തെറിയായാണ് ഇവിടെ സംഭവിക്കുന്നത്. അയാൾ അതിനു ശേഷം ഉപയോഗിക്കുന്ന ചെറുത്തുനിൽപ്പിന്റെ സമരത്തിനായുള്ള സീനുകളിലെ നിറ സംവിധാനത്തിനും ബലൂണിനും മറ്റും ചോരയുടെ നിറമാണ്. ഈ സംഘട്ടനവേളയിലുടനീളം എബി ആരാ, അയാൾ എവിടെനിന്നാ എന്ന് ഷോബി തിലകന്റെ കഥാപാത്രം മൂന്നു തവണ ചോദിക്കുന്നുണ്ട്. പര്യവസാനം, ഷൊബി തിലകന്റെ കഥാപാത്രത്തെ ആക്രമിച്ചു കീഴടക്കുന്ന വേളയിൽ ഷോബി തിലകൻ പറയുന്നുണ്ട്, ഇയാൾ ഒരു തീവ്രവാദിയോ മാവോയിസ്റ്റോ ആണെന്ന്.

ഇന്നത്തെ ഇന്ത്യൻ സാമൂഹികാവസ്ഥയെ ചോദ്യം ചെയ്യുന്ന, അല്ലെങ്കിൽ അതിലെ പ്രശ്നങ്ങൾക്കു നേരെ വിരൽ ചൂണ്ടുന്നവരെയെല്ലാം മാവോയിസ്റ്റുകളും തീവ്രവാദികളുമായി മുദ്ര കുത്തുന്നതിനെ ഇവിടെ വരച്ചു കാണിക്കുന്നു. നാട്ടിലെ പ്രശ്നങ്ങളെല്ലാം പണം വാങ്ങി മദ്ധ്യസ്ഥനായി നേട്ടം കൊയ്യുന്ന ഒരു സ്ഥിരം ഹൈറേഞ്ചുകാരൻ രാഷ്ട്രീയക്കാരന്റെ കച്ചവടകുബുദ്ധിയുമെല്ലാം സിനിമയിൽ പരാമർശിക്കുന്നുണ്ട്.

സമകാലീക ഇന്ത്യൻ സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങളെ സൂക്ഷ്മമായി വിലയിരുത്തി, പഠിച്ച് രൂപകൽപ്പന ചെയ്ത ഒന്നാണ് വരത്തൻ എന്ന സിനിമ. പോസ്റ്ററിലും ട്രെയിലറിലും പിന്നെ സിനിമയിലുടനീളവും പലയിടങ്ങളിലായി ചുവപ്പുകൊടി സ്ക്രീനിൽ തത്തിക്കളിച്ചാൽ തന്നെ തിയ്യേറ്ററിൽ ആളു കയറിക്കോളും എന്ന, വിപ്ലവത്തേയും കമ്യൂണിസത്തേയും മാർക്കറ്റിംഗിനു മാത്രമുള്ള ഒരു വസ്തുവായി ഉപയോഗിക്കാതെ, മനുഷ്യോൽപത്തി മുതൽ മനുഷ്യകുലത്തിന്റെ മുഖമുദ്രയായ വർഗ്ഗസമരത്തേയും അതിൽ എന്നും അധഃകൃതനായി കഴിയേണ്ടി വരുന്നവന്റേയും ജീവിതം, അത് ആ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ മാർക്സ് വിഭാവന ചെയ്ത പോലെത്തന്നെ വരച്ചുകാണിക്കുന്ന കൃത്യമായ രാഷ്ട്രീയമുള്ള സിനിമയാകുന്നു വരത്തൻ.

അഷിൻ ആന്റണി
മൂന്നാം വർഷം
ബി.എ. എക്കണോമിക്സ്





ഓർമ്മകളിരുട്ടായ്
ജാലകവിടവിലൂടെ കണ്ണുരുട്ടുന്നു.
പത്തായത്തിലൊളിച്ചാലും വിടാതെ
പിന്തുടർന്നെത്തുന്ന മറവികൾ,
ദു:സ്വപ്നങ്ങൾ,
രാത്രികളുടെ അലർച്ച,
രക്തക്കരവിതൻ ശവ മണത്താൽ
ചത്തുവീഴുന്ന കടവവ്വാലുകൾ,
കരിമ്പനകളുടെ യക്ഷിനൃത്തം,
ദൈവക്കോലങ്ങളെ പേടിച്ച് ഓടിക്കയറിയ
കറുത്ത കുന്നുകൾ,
അരമണികളുടെ മുഴക്കം,
അട്ടഹാസം,
ദംഷ്ട്രകൾ,
ഏകാന്തത,
ഇരുട്ട്,
ഭയം!!!

സുവർണ്ണ ബെന്നി
മൂന്നാം വർഷം
ഫങ്ഷണൽ ഇംഗ്ലീഷ്



# LEACHED DOWN



Disaster, even if the word seems very sad and lossy what's more sad is the need of it's occurrence for bringing unity and a notion of universal brotherhood among people .The seed of discrimination is the outcome of comfort.We tend to divide and see things as different than our own when we are in our best comforts.Maybe the answers to selfless action and notion can be traced back to our primitive ancestory.We have survived this long age by the very same but then we got civilized and the innocent primitive quality got leached out.

The recent flood in kerela throws us back to the principal of evolution that is basically to survive and so we gets automated to selflessness ,to survive ,to take chances, to act .No party.no cast ,no relegion and I bet no GOD was saved during the havoc.The commoner ,the outcast the bigoted all drowning yet striving to survive and in doing so creates moments of humanity which inspires the future to come.

And when we reach to the safe phase,again to our comfort ,we devide, bigot ,act and think as if all that happened was a dream,the world is as it is, nothing changed and it has to go on the same.Such disasters, when gazed in a different prespective are precious and inspiring moment in history where men have serendipitous achievement than considered as nightmares in dot of time.

Ajay Manath
II[nd] DC BSc Geology





# ഒരു കേരള മോഡൽ അതിജീവനം

മലബാറിന്റെ ഹൃദയമുണരുന്ന ഒരു പെരുനാൾ കാലത്ത് പടർന്നുപിടിച്ച നൂറ്റാണ്ടിലെ ഏറ്റവും ഭീതിദമായ മഹാമാരി. ആ ഹൃദയനഗരിയുടെ ഒരിക്കലും ഒടുങ്ങാത്ത സ്പന്ദനത്തെ ഏകദേശം 60 ദിവസക്കാലത്തേക്ക് നിശ്ചലമാക്കിയ പകർച്ചവ്യാധി. പിടിപെട്ടാൽ മരണമല്ലാത്ത ക്ലൈമാക്സ്കളൊന്നും നടക്കാനിടതരാത്ത മരുന്നില്ലാ രോഗങ്ങളുടെ പട്ടികയിൽപ്പെട്ട രോഗാവസ്ഥ മലേഷ്യൻ നദിയായ Sungai nipah യുടെ തീരത്തുള്ള മനുഷ്യരുടെ ജീവനെടുത്തപ്പോൾ, വൈദ്യശാസ്ത്രത്തിന്റെ നിഘണ്ടുവിലതിന്റെ പേര് ' നിപ ' എന്നുതന്നെയായി. ബംഗ്ലാദേശിൽ നിപ ബാധിതരിൽ എഴുപത് ശതമാനവും മലേഷ്യയിൽ നാൽപ്പത് ശതമാനവും മരണത്തിന് കീഴടങ്ങിയിരുന്നു. കോഴിക്കോട് പേരാമ്പ്ര ചങ്ങരോത്ത് സ്വദേശി സാദിഖിന്റെ ശരീരത്തിൽ ആദ്യമായി നിപയുടെ സാന്നിദ്ധ്യം കണ്ടപ്പോൾ അയാളെ പ്രവേശിപ്പിച്ച ഹോസ്പിറ്റലിലെ ഡോക്ടർമാർക്ക്, മലയാളികൾക്കാ കമാനം ആ വാക്ക് കേട്ടുകേൾവി പോലുമില്ലായിരുന്നു. പിന്നീടങ്ങോട്ടാണ്, അസാധാരണമായ, ഒരുപക്ഷേ സാമ്യമുള്ള മറ്റു നാടുകൾക്കസാധ്യമായ ഒരു ചെറുത്തു നിൽപ്പിന്റെ അധ്യായം ജന്യമാകുന്നത്. ഇന്ത്യ മഹാ രാജ്യത്തിന്റെ കേവലം 1.2% മാത്രം ഭൗമവിസ്തീർണ്ണ മുള്ള, എന്നാൽ ഇന്ത്യയിൽ ഏറ്റവുമധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന, സംസ്ഥാനത്തിലെ ഒരു ചെറുജില്ല വൈദ്യശാസ്ത്രം പോലും മുട്ടുമടക്കിയ മാരകരോഗ ത്തോട് നടത്തിയ പോരാട്ടത്തിന്റെ, അതിജീവനത്തിന്റെ കഥ.

2018 മെയ് 17 നു സാദിഖ് എന്ന 26 വയസ്സുകരാനെ മസ്തിഷ്കജ്വരത്തോട് സാമ്യമുള്ള, എന്നാൽ മറ്റേതോ രോഗത്തിന്റെ ലക്ഷണങ്ങളാൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിച്ചപ്പോൾ അവിടുത്തെ അത്യാധുനിക സൗകര്യങ്ങൾക്കും അഗ്രഗണ്യരായ ഡോക്ടർമാർക്കും യഥാർത്ഥ രോഗമെന്തെന്നു കണ്ടുപിടിക്കുക അസാധ്യമായിരുന്നു. ഒടുക്കം പൂനെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് രോഗത്തിന്റെ ഞെട്ടിക്കുന്ന വിവരങ്ങൾ അറിയാനിടയായപ്പോൾ സഹിഷ്ണുതയോടെ, സംയമനത്തോടെ , ഇന്നോളം ചികിത്സിച്ചു പരിചയമില്ലെന്നതും, അതിനുതകുന്ന സന്നാഹങ്ങളോ മരുന്നുകളോ ഇന്നാട്ടിലെങ്ങും



ലഭ്യമല്ലെന്നതുമായ, വസ്തുതകൾ നിലനിൽക്കെ, സമചിത്തതയോടെയും ജനങ്ങളിൽ ഭീതിപടരാതിരിക്കാൻ രോഗവിവരങ്ങൾ പുറത്തുവിടാതെയും യുദ്ധകാലാടിസ്ഥാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു ഐസൊലേഷൻ വാർഡ് തുടങ്ങി ചികിത്സയാരംഭിച്ചിടത്തു ഈ നാടിന്റെ പോരാട്ടവീര്യം സ്ഫുരിക്കുകയായി.

ഒന്നൊന്നായി മരണങ്ങൾ നവമാധ്യമങ്ങളിലൂടെ അജണ്ടയൊടെയും അല്ലാതെയും പടച്ചുവിടുന്നഅസംഖ്യം കള്ള പ്രചാരണങ്ങൾ. അത് കേട്ട് ഭയന്ന ഒരു ജില്ല മുഴുവൻ. പകലെന്നോ രാത്രിയെന്നോ വ്യത്യാസമില്ലാതെ നിറഞ്ഞുനിന്ന മിഠായി തെരുവുൾപ്പെടെയുള്ള തെരുവുകളെല്ലാം ശൂന്യം; വ്യാപാരസ്ഥാപനങ്ങളും ഗതാഗത സംവിധാനവും നിശ്ചലം. വീടു വിട്ടിറങ്ങാതെ, ആൾക്കൂട്ടങ്ങളെ ഭയന്ന മനുഷ്യർ. അടിയന്തിരാവസ്ഥയെക്കാൾ ഭയാനകമായൊരന്തരീക്ഷം കോഴിക്കോട് നഗരത്തിലെങ്ങും തളം കെട്ടിക്കിടന്നു. പകർച്ചവ്യാധിയെക്കാൾ പടർന്നുപിടിച്ചത് പരിഭ്രാന്തിയെന്ന വ്യാധിയായിരുന്നു. ‘‘ഭയമല്ല, ശ്രദ്ധയാണ് വേണ്ടത്’’ എന്ന പരസ്യവാചകത്തിൽ തുടങ്ങിയ സർക്കാരിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും ഇടപെടൽ പ്രഘോഷങ്ങളിലൊതുങ്ങിയില്ല; കുപ്രചാരകരും മുറിവൈദ്യന്മാരും അറസ്റ്റ് ചെയ്യപ്പെട്ടു. കൃത്യമായ രോഗപ്രതിരോധമാർഗങ്ങൾ ജനങ്ങളിലേ ക്കെത്തിക്കപ്പെട്ടു. ഊണും ഉറക്കവും ഉപേക്ഷിച്ചു ഐസോലേഷൻ വാർഡുകളിൽ നേരം കഴിച്ചുകൂട്ടിയ ആശുപത്രി ജീവനക്കാർ, സന്നദ്ധസംഘടനകൾ, ഡി.എം.ഒ. വി. ജയശ്രീ, ജില്ലാ കളക്ടർ യു. വി. ജോസ് അങ്ങനെ നീളുന്ന ഉദ്യോഗസ്ഥനിര. ലോകമെമ്പാടുനിന്നും മരുന്നുകളെത്തിക്കാനുള്ള ശ്രമങ്ങൾ.



നഗരമൊന്നു നടുനിവർക്കുന്നതിനിടയിൽ, നിപയുടെ ആദ്യത്തെ ഇരയെ പരിചരിച്ച നേഴ്സ് ലിനിയുടെ രക്തസാക്ഷിത്വവും, സ്വീകരിക്കാൻ ആളില്ലാതെ രോഗിയുടെ ജഡം സ്വയം സംസ്കരിക്കേണ്ടി വന്ന കോർപറേഷൻ ഹെൽത്ത് ഓഫീസർ ആർ. എസ്. ഗോപകുമാറിന്റെ അനുഭവവും പരിഭ്രാന്തിയുടെ “ രണ്ടാം വേവ്’’രൂപപ്പെടുത്തി. സർക്കാർ സംവിധാനങ്ങൾ അവിടെയും പിൻവാങ്ങിയില്ല. അശ്രാന്ത പരിശ്രമങ്ങൾ തുടർന്നു.

ഒരു ദൗത്യമാരംഭിച്ചാൽ, അതിന്റെ പ്രാരംഭഘട്ടം മുതൽ ലക്ഷ്യപ്രാപ്തിയിലെത്തുംവരെ അതിന്റെ ഗൗരവവും തീക്ഷണതയും, ഉൾപ്പെട്ട മനുഷ്യരുടെ



കഴിവുകളും കഴിവുകേടുകളും തിരിച്ചറിഞ്ഞ്, സമയബന്ധിതമായി ഓരോ അടിയും നീങ്ങി അതിനെ നയിക്കാൻ കെൽപ്പുള്ള ഒരു നേതാവ് തന്നെയാണ് അതിന്റെ നട്ടെല്ലായി വർത്തിക്കുന്നത്. മന്ത്രി മന്ദിരത്തിന്റെ സൗഖ്യങ്ങൾ വിട്ടു 24 മണിക്കൂറും, പകർച്ചവ്യാധി പടർന്നുകൊണ്ടിരിക്കുന്ന ജില്ലയുടെ വിവിധയിടങ്ങളിൽ അക്ഷീണം തന്റെ സാന്നിദ്ധ്യമറിയിച്ചു കൊണ്ടിരിക്കുന്ന, കെ.കെ. ശൈലജയെന്ന ആ ജനപ്രിയ സാമാജിക തന്നെയായിരിക്കും, കേരളത്തിന്റെ ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിപദം ഏറ്റവുമധികം അന്വർത്ഥമാക്കിയ വ്യക്തി. വാർത്തയറിഞ്ഞയുടൻ കോഴിക്കോട്ടെത്തി, നിരീക്ഷണത്തിലിരുന്ന അവസാന ത്തെ മനുഷ്യനും രോഗരഹിതനാണെന്ന് ഉറപ്പിച്ചു. ഏകദേശം 60 ദിവസക്കാലത്തെ ഭഗീരഥ പ്രയത്നത്തിന് ശേഷം ജൂലൈ 12 നു ജില്ലയെ പൂർണ്ണമായും നിപ മുക്തമായി പ്രഖ്യാപിക്കുന്നത് വരെ അവരവിടം വിട്ടില്ല, പെണ്ണെന്ന പേരിലൊരു തളർച്ചയും പ്രകടമാക്കിയില്ല. യുക്തിസഹമായി, ആദ്യത്തെ നിപ മരണത്തിനു ശേഷം ജീവനുകൾ ഓരോന്നായി ഭൂമുഖത്തുനിന്നും രോഗം മൂലം തുടച്ചു മാറ്റപ്പെടുമ്പോൾ, ഒന്നിനു പുറകെ ഒന്നായി വീഴുന്ന കരുക്കളോരോന്നിന്റെയും മൂല്യമറിഞ്ഞു ജാഗ്രതയോടെ നീങ്ങുന്ന ചതുരംഗ കളിക്കാരിയെപ്പോലെ തന്റെ ടീമംഗങ്ങളെ ഓരോ അടിയും മുന്നോട്ടു നയിക്കാൻ അവർക്കായി.

അത്യന്തം സാമ്പത്തികശേഷിയും സർവ്വസൗകര്യങ്ങളും കൈപ്പിടിയിലുള്ള വികസിത രാജ്യമായ മലേഷ്യയിൽ നൂറുകണക്കിന് ജീവനുകളെ നിഗ്രഹിച്ച രോഗത്തിന് ; സാദിഖിനു ശേഷം 19 മനുഷ്യരെ മാത്രമേ വിലപറയാൻ സാധിച്ചുള്ളൂ ഈ കൊച്ചു കേരളത്തിൽ – അതിൽ തന്നെ രണ്ടുപേരെ ജീവിതത്തിലേക്ക് തിരിച്ചു പിടിക്കാനും കഴിഞ്ഞുവെന്നത് ഈ നാടിന്റെ അസാമാന്യ ചെറുത്തുനിൽപ്പിന്റെ നേർക്കാഴ്ചയാണ്. ഇത്തരമൊരു അപൂർവ്വ രോഗാവസ്ഥയെ നേരിടാൻ മതിയായ ചികിത്സാസന്നാഹങ്ങളില്ലാതെ തന്നെ, ഈ ജനത യിതിനെ നേരിട്ടത്. ഇവിടെ ന്യൂനതകൾക്കിടയിലും, ശൈലജ ടീച്ചറുടെ തന്നെ വാക്കുകൾ കടമെടുത്തു പറഞ്ഞാൽ ''എണ്ണയിട്ട യന്ത്രങ്ങളെ പോലെ'' പ്രവർത്തിക്കാൻ മനസ്സും താല്പര്യവുമുള്ള മനുഷ്യരുണ്ട്. അവരെ നയിക്കാൻ അടഞ്ഞ വഴികൾക്കപ്പുറം ആയിരം വഴികൾകാണാൻ കഴിവുള്ള വിവരവും വിവേചന ബുദ്ധിയും യുക്തി ബോധവുമുള്ള നേതൃത്വമുണ്ട്. അത്രയും ലളിതമാണ്, കോഴിക്കോടിന്റെ അതിജീവന സമവാക്യം.

ഇന്ന് "നിപ" കേവലമൊരു പകർച്ചവ്യാധിയുടെ പേരല്ല. അതൊരു വീരഗാഥയുടെ, അതിജീവനത്തിന്റെ നാമമാണ്. തോൽക്കാനിടയുണ്ടായിട്ടും തോൽക്കാത്ത, എങ്ങുനിന്നോ അപ്രതീക്ഷിതമായി വന്നുഭവിച്ചിട്ടും, തയ്യാറെടുപ്പുകളോ ആവശ്യമായ സമ്പത്തോ, സജ്ജീകര ണങ്ങളോ ഒന്നുമില്ലാതിരുന്നിട്ടും ഒരുമയിൽ, സംയമന ത്തിൽ, വിശ്വാസത്തിൽ, കർമനിരതയിൽ ഒരു ജനത ഒന്നടങ്കം കുറിച്ച വീരഗാഥ. പ്രാണവായു പോലും നിഷേധിക്കപ്പെട്ടു പിഞ്ചുകുഞ്ഞുങ്ങൾ മരിച്ചുവീഴുന്ന സർക്കാർ മെഡിക്കൽ കോളേജുകൾ നിലനിൽക്കുന്ന അതെ രാജ്യത്തെ മറ്റൊരു സർക്കാർ മെഡിക്കൽ കോളേജിൽ പിറന്ന ചെറുത്തു നിൽപ്പിന്റെ മഹാകാവ്യം.

ഇനിയുമൊരു discovery of indiaയൊ മലബാർ മാന്വലോ പോലുള്ള ചരിത്ര സംഹിതകളെഴുതുകയാണെങ്കിൽ അവിടെ കേരളജനതക്ക്, ഭരിച്ച ഈ സർക്കാരിന്, മലബാറിന്റെ മക്കൾക്ക് ഒരു പ്രത്യേക അധ്യായം മാറ്റിവെക്കാതിരിക്കുക അസാധ്യമാണ്; ലോകമംഗീകരിച്ച ' കേരള മോഡൽ അതിജീവന'ത്തിന്റെ ആ അധ്യായം.

മേഘ പ്രസാദ്
രണ്ടാം വർഷം
ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്



# വാക്ക്

> വെട്ടിയിട്ട മരത്തിന്റെ കുറ്റിയിന്മേൽ നിശ്ശേഷ്ടനായ ഒരു കിളി ഇരിക്കുന്നത് നിങ്ങൾ കാണുന്നു. നിങ്ങളുടെ സാന്നിദ്ധ്യം അതിന് മനസിലാകാത്തതുകൊണ്ടല്ല. നിങ്ങളുടെ ധ്വനികൾ ഇനി അതിനെ ഭയപ്പെടുത്തില്ല.

അന്ധനാവാം ഞാൻ, എങ്കിലും
പുറം കണ്ണു വേണോ കാഴ്ചക്ക്?
നിങ്ങൾക്ക് ഭക്തി ഉപദേശിച്ച് തരാൻ
ഞാൻ എഴുത്തച്ഛന്റെ ശാരികയല്ല
വാക്കുകൾക്കിടയിലെ അകലമാണ് നിനക്ക് പ്രപഞ്ചം
വാക്കിലൂടെ ജനിച്ചവൻ വാക്കിലൂടെ മരിക്കുമെന്ന്
നിങ്ങൾ വേണമെങ്കിൽ പറഞ്ഞോളൂ
പക്ഷേ, വാക്കില്ലാതെ ജനിക്കുന്നവനോ?
എനിക്ക് ശേഷം പ്രളയമെന്ന് പറഞ്ഞ
പതിനാറാമൻ ലൂയിയും
എനിക്കൊപ്പം പ്രളയമെന്ന് കരഞ്ഞ
പതിനേഴാമൻ ലൂയിയും (അതായത് നീ)
ഈ വാക്കുകൾക്കിടയിൽ മൂന്നു ശതാബ്ദത്തിന്റെ
അന്തരമുണ്ടെന്ന് നീ കരുതുന്നെങ്കിൽ തെറ്റ്
നിന്റെ ഇറയത്തുനിന്നും പൂമുഖത്തേക്ക് അത്രമാത്രം
അവൻ കയറിയ സമയാന്തരാളം അത്രമാത്രം
ഈ വാക്കുകൾക്കിടയിൽ നീ നടന്ന ദൂരം
സൃഷ്ടിച്ച പ്രപഞ്ചം
അനന്തമെന്ന് നീ കരുതുന്നെങ്കിൽ തെറ്റ്
രണ്ടോ, മൂന്നോ ചുവട് അത്രമാത്രം
ഈ ചുവടിൽ, നീ കൊന്നുതീർത്ത ജീവൻ
തിന്നുതീർത്ത പാപം
വാക്കായിരുന്നു നിന്റെ വാൾ
അതിന്റെ മറുതല നീ കണ്ടില്ല
അവനു വാക്കില്ല അവനത് വേണ്ട
വാക്കില്ലാതെ പിറന്നവൻ
വാക്കില്ലായ്മയെ യോധനമാക്കിയവൻ
നീ തീർത്ത ദന്തഗോപുരം അവന് വാഴനാര്





നിന്റെ ആദ്യവാക്ക് നിന്നെ അന്ധനാക്കി
അറിയാത്ത മണിക്കൂറിലെ അവനെ നീ കണ്ടില്ല
നിന്റെ രണ്ടാം വാക്ക് നിന്നെ ബധിരനാക്കി
പറയാത്ത സമയത്തെ നിലവിളി നീ കേട്ടില്ല
നോക്കൂ നീ അഴുകുന്നു
കാണൂ നീ ഉരുകുന്നു
കഷ്ടതയോടെ വെട്ടിയെടുത്ത വാക്ക്
നിനക്കായ് ഹംസഗാനം പാടുന്നു
ഒന്നുകിൽ ജലത്താൽ സ്നാനമേൽക്കാം
അല്ലെങ്കിൽ അഗ്നിയാൽ ശുദ്ധിയാവാം
അതുമല്ലെങ്കിൽ വാക്കില്ലാത്തവന്റെ
തണുത്ത് കരത്തിൽ വാക്കോടെ നിനക്ക് മരിക്കാം
വാക്കോടെ ജനിച്ചവൻ വാക്കോടെ മരിക്കുന്നു
വാക്കില്ലാത്തവൻ അനശ്വരനാകുന്നു
നിങ്ങൾക്ക് ഭക്തി ഉപദേശിച്ച് തരാൻ
ഞാൻ എഴുത്തച്ഛന്റെ ശാരികയല്ല

> “ കിളി പറന്നുപോകുകയാണ്. നിങ്ങൾ അവനെ വിളിക്കും. അവൻ കേൾക്കില്ല. അവന് കർണപുടം ഇല്ലാഞ്ഞിട്ടല്ല. നിങ്ങൾ നിഷേധിച്ച സ്വാതന്ത്ര്യം അവൻ മറ്റൊരിടത്തുനിന്നു നേടും. അവനു വാക്കില്ല ”

അലോക് പല്ലിശ്ശേരി
ഒന്നാം വർഷം
ബി.എസ്.സി. ഫിസിക്സ്



# ഈ.മ.യൗ: പ്രകൃതിയുടെ ഭ്രമകല്പനകൾ



"ഫസ്റ്റ് ക്ലാസ് ശവപ്പെട്ടി, ഒന്നാം ക്ലാസ്സ് ബാൻഡ് സെറ്റ്, വെള്ളിക്കുരിശും ദർശനക്കാരും, മെത്രാനച്ചന്റെ ആശീർവാദം, വെടിക്കെട്ട്".

വാവച്ചൻ മേസ്തിരി സ്വന്തം ശവമടക്കിനെ കുറിച്ച് ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ ഈശി കൊടുക്കുന്ന വാക്കാണിത്. അതിനുശേഷം സംഭവിക്കുന്ന വാവച്ചന്റെ പെട്ടെന്നുള്ള മരണം, ഈശിയെ തകിടം മറിക്കുകയാണ്. അപ്പന് കൊടുത്ത ഈ വാക്ക് അയാളെ നിസ്സഹായതയിലാഴ്ത്തുന്നു. ആ നിസ്സഹായതയുടെ ഇരുട്ടിലേക്കാണ് ഈ.മ.യൗ സഞ്ചരിക്കുന്നത്. ഒറ്റവാക്കിൽ പറഞ്ഞാൽ ഇരുട്ടിന്റേയും മരണത്തിന്റേയും ഭ്രമകൽപ്പനകളിൽ തീർത്ത കൾട്ട് ക്ലാസിക് പടം!

ചാവുനിലം എന്ന തന്റെ നോവലിനെ അടിസ്ഥാനമാക്കി പി.എഫ്. മാത്യൂസ് തിരക്കഥയെഴുതി ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്ത ഈ.മ.യൗ തീർച്ചയായും കണ്ടിരിക്കേണ്ട മലയാള സിനിമകളിൽ ഒന്നു തന്നെയാണ്. മികച്ച സംവിധായകനും നടനും അടക്കം ആ സിനിമ നേടിയ 5 അവാർഡുകൾ അടിവരയിടുന്നു.

യഥാർത്ഥത്തിൽ വാവച്ചന്റെ മരണം ഈശിയുടെ ജീവിതത്തിന്റെ തുടർച്ചയാവുകയാണ്. ഈ ആകസ്മികതയിൽ അയാൾ അത്രയും കാലം സമരസപ്പെട്ടു. ജീവിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയോട് അയാൾക്ക് പോരടിക്കേണ്ടിവരുന്നു. സമൂഹം, മതം, സമുദായം, അധികാരവാഴ്ച എന്നിങ്ങനെ സർവ്വതിനെയും അയാൾക്ക് നേരിടേണ്ടതായും വരുന്നു.

ഒരു വശത്ത് അപ്പന്റെ അഭിലാഷം നിറവേറ്റാൻ ഭാര്യയുടെ കെട്ടുതാലിവരെ വിറ്റ് ഈശി പ്രയത്നിക്കുമ്പോൾ, മറുവശത്ത് ആ മരണത്തിൽ ദുരൂഹത കാണുന്ന നാട്ടുകാർ ഈശിയെ തന്നെ സംശയത്തിന്റെ മുനയിൽ നിർത്തുന്നു. ഈ ഒരു തുടർച്ചയിൽ ആ നാടിന്റെയും നാട്ടുകാരുടേയും വ്യഥകളെയും കപടതകളെയും പൂച്ച് പറച്ചിലുകളെയും എല്ലാം തിരക്കഥ കൃത്യമായി പുറത്ത് കൊണ്ട് വരുന്നുണ്ട്.

പള്ളി സെമിത്തേരി നിഷേധിച്ച് വികാരിയച്ചന്റെ ധാർഷ്ട്യത്തോട് ഈശി അയാളുടെ മുഖത്തടിച്ചാണ് മറുപടി നൽകുന്നത്. മതാധികാര വാഴ്ചയുടെ നേർക്കു തന്നെയാണ് ഈശി വിപ്ലവം തീർക്കുന്നതും. അപ്പന്റെ



അടക്ക് അനിശ്ചിതത്വത്തിലാവുന്നതോടുകൂടി കനത്ത മഴയിൽ പ്രകൃതി പോലും കൈവിടുമ്പോൾ, അയാൾ അയാളല്ലാതാവുകയാണ്. എല്ലാ വിപ്ലവങ്ങളും മനുഷ്യന്റെ നിസ്സഹായതയിൽനിന്നാണ് ജന്മംകൊണ്ടതെന്ന് പറയുന്നതു പോലെ ഈശി വലിയ ആക്രോശത്തോടു കൂടി കാഴ്ച്ചക്കാരെ തട്ടിമാറ്റി അപ്പന്റെ ശവശരീരം മുറ്റത്ത് ആറടി മണ്ണ് വെട്ടി കുഴിച്ചു മൂടുന്നു.

Death gives meaning to life എന്ന വരികൾ അന്വർത്ഥമാക്കുന്ന രീതിയിൽ രാവും പകലും ഈ.മ.യൗ, ഇങ്ങനെ കാഴ്ചക്കാരെ ഒരു മരണവീട്ടിൽ തളച്ചിടുകയാണ്. പി.എഫ്. മാത്യൂസിന്റെ ശക്തമായ തിരക്കഥയും ചെറുതെങ്കിലും ആഴമുള്ള സംഭാഷണങ്ങളുമാണ് ഈ.മ.യൗ.വിന്റെ അടിത്തറ. അപ്പന് ശവപ്പെട്ടി വാങ്ങാൻ കൂടുതൽ പണം ഈശി ചിലവഴിക്കുമ്പോൾ എന്തിനാണ് ഇത്രയും പൈസ മണ്ണിനടിയിൽ പോകാനുള്ളതല്ലേ എന്ന് സുഹൃത്ത് അയ്യപ്പൻ ചോദിക്കുന്നുണ്ട്. ഒരു മനുഷ്യജീവന്റെ, ജീവിതത്തിന്റെ എല്ലാ അർത്ഥവും ഈ ഒരൊറ്റ സംഭാഷണത്തിൽ കാണാം....

അതീന്ദ്രിയമായ എന്തോ ഒന്ന് കഥാപശ്ചാത്തലത്തിലുണ്ട് എന്ന തോന്നലോടെയാണ് ലിജോ ജോസ് ഈ.മ.യൗ ആവിഷ്ക്കരിച്ചിരിക്കുന്നത്. മാജിക്കൽ റിയലിസത്തിന്റെ നൂതനമായ കഥാകഥനരീതി ഇവിടെ സംവിധായകൻ പിന്തുടരുന്നുണ്ട്. വാവച്ചനും വാവച്ചന്റെ ശവക്കുഴി വെട്ടി അതിൽത്തന്നെ മരിച്ചു വീഴുന്ന സൈമണും വരുന്ന രംഗം ഇതിന് ഉദാഹരണമാണ്. ഒരു പക്ഷേ ലിജോ ജോസിന്റെ മാസ്റ്റർപീസ് എന്ന് ഭാവിയിൽ ഇതിനെപ്പറ്റി സംസാരിച്ചേക്കാം.

പ്രകൃതിയുടെ എല്ലാ ശബ്ദസാധ്യതകളെയും ഉപയോഗിച്ചുകൊണ്ട് ഈ സിനിമ വ്യത്യസ്തമായ ഒരു അനുഭവമാണ് പ്രേക്ഷകന് നൽകുന്നത്. രാത്രിയുടെ ആദ്യ പകുതി കാറ്റിന്റെയും കടലിന്റെയും ഇരമ്പലാണെങ്കിൽ, പകലിന്റെ രണ്ടാം പകുതി മഴയുടെ ഈണമാണ്. കഥാപാത്രങ്ങളുടെ മാനസികവിക്ഷോഭങ്ങൾക്കനുസൃതമായി ഈ ശബ്ദങ്ങളിലും താളവ്യത്യാസങ്ങൾ കാണാൻ കഴിയുന്നു. അത്രയും പ്രൊഫഷണലിസത്തോടെയാണ് ഇതിന്റെ ശബ്ദമിശ്രണം രംഗനാഥ് രവിയും ചിത്രസംയോജനം ദീപു ജോസഫും നിർവ്വഹിച്ചിരിക്കുന്നത്. കൃത്യമായ വെളിച്ച വിന്യാസത്തോടുകൂടി ഇരുട്ടിനെയും മരണത്തെയും ചിത്രീകരിച്ച ഷൈജു ഖാലിദിന്റെ ഛായാഗ്രഹണവും എടുത്തുപറയേണ്ട ഒന്നതന്നെയാണ്. മരണത്തെയും ഇരുട്ടിനേയും ഇത്രയധികം സുന്ദരമായി ദൃശ്യവൽക്കരിച്ച വേറൊരു മലയാള സിനിമ ഇല്ലെന്നു തന്നെ പറയാം. അനുയോജ്യമായ സംഗീതവും ശ്രദ്ധേയമാണ്.

ഈശിയായി ചെമ്പൻ വിനോദ് ജോസും, വാവച്ചനായി കൈനകരി തങ്കരാജും അയ്യപ്പനായി വിനായകനും പെണ്ണമ്മയായി പൗളി വിൽസനും വികാരിയച്ചനായി ദിലീഷ് പോത്തനും ജീവിച്ചു എന്ന് പറഞ്ഞാൽ അത് അധികമാവില്ല. ചെറുതെന്ന് തോന്നുന്ന എല്ലാ കഥാപാത്രങ്ങളും അത്രമേൽ ശക്തമാണ് ഈ കഥയിൽ. ചെമ്പൻ വിനോദിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ഇതുവരെയുള്ള കരിയറിലെ ഏറ്റവും മികച്ച കഥാപാത്രമാണ് ഈ.മ.യൗവിലേത്. അത്രയധികം തന്മയത്തത്തോടു കൂടിയാണ് ചെമ്പൻ ഈശിയുടെ വികാരവിക്ഷോഭങ്ങളെ കൈകാര്യം ചെയ്തിരിക്കുന്നത്.

വാൽകഷ്ണം:

ഇരുട്ട് കൂടി വരുന്ന രാത്രിയിൽ മരണ ദൂതന്മാരോടൊപ്പം മുമ്പേ ചത്ത ഒരു താറാവും പട്ടിയുമായ് വാവച്ചനും സൈമണും. ഇവരെ കയറ്റാനെന്നോണം നിറയെ റാന്തലുകൾ കത്തിച്ച് കടലിന് ഇരുവശത്തു നിന്നും തിരലക്ഷ്യമാക്കി വരുന്ന രണ്ട് കപ്പലുകൾ...

ഈ മ യൗ അവസാനിക്കുന്നത് ഇങ്ങനെയാണ്.... പ്രേക്ഷകന് ഉത്തരം കിട്ടാത്ത, അനുഭവവേദ്യമല്ലാത്ത മറ്റൊരു തലത്തിലേക്ക് അത് വളരുന്നതാവാം......

അഭിറാം ഭാസ്ക്കർ
മൂന്നാം വർഷം
ബി.എസ്.സി. ഫിസിക്സ്





പട്ടിണികൊണ്ട് മരിച്ചവന്റെ
ആത്മശാന്തിക്ക് ബലിയിട്ട്
കാകനെ വിരുന്നൂട്ടുന്ന സാമൂഹ്യബോധമേ..
എന്റെ അസ്ഥികൾ എനിക്കു
എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുന്ന കാലത്ത്
നിങ്ങൾ മനസ്സിലാക്കണം
ഞാനും എന്റെ കുടുംബവും പട്ടിണിയിലാണെന്ന്
ബലിയിടാനല്ല
വിശപ്പടക്കുവാനാണെനിക്കിഷ്ടം ..
നിങ്ങൾ വരണം.
ഒരു പൊതി ചോറുമായി....
കാളലടക്കുവാനാണ്.....
വയറിന്റെയും മനസ്സിന്റെയും...

ബ്രോലിൻ പോൾ
രണ്ടാം വർഷം
എം.എ. എക്കണോമിക്സ്



# ശ്വാനൻ

സെന്റ് മൈക്കിൾ എച്ച്.എസ്.എസ്സിന്റെ അർദ്ധവൃത്താകൃതിയിലുള്ള കവാടം കടന്ന്, ജെയിംസ് സാർ വരുന്നത് ക്ലാസിലെ എല്ലാവരും നോക്കാതെ നോക്കുന്ന ഒരു കാഴ്ച്ചയാണ്.

ഉച്ചക്കഞ്ഞി കഴിഞ്ഞ് പച്ചമാങ്ങ കല്ലെറിഞ്ഞു വീഴ്ത്തി തിന്നുമ്പോ നാക്കിന്റെ വശങ്ങളിലൂടെ കയറുന്ന പുളിയോടൊപ്പം ജെയിംസ് മാഷിന്റെ – മണിക്കൂറിനെ കുറിച്ചുള്ള പേടിയും തുപ്പലിനോടൊപ്പം വായിൽ ഇരമ്പി നിറയുമായിരുന്നു.

ഉച്ചക്ക് അദ്ദേഹം വീട് വരെ പോകും പട്ടിക്ക് തീറ്റ വെച്ചു കൊടുക്കാനാണ്. ഉച്ചകഴിഞ്ഞ് രണ്ടാമത്തെ മണിക്കൂറാണ് അദ്ദേഹത്തിന്റെ ക്ലാസ്. ആയതിനാൽ തന്നെ ഉച്ചകഴിഞ്ഞ് ഒന്നാം മണിക്കൂറിലെ എല്ലാവരുടെയും കണ്ണ് ജെയിംസ് സാർ വരുന്നുണ്ടോ അതോ ലീവ് ആണൊ എന്നാണ്. നോക്കുവാൻ പോലും പേടിയാണെങ്കിലും വരാതിരിന്നാൽ കിട്ടുന്ന ആശ്വാസത്തെ ഓർത്ത് എല്ലാവരും ഒളിക്കണ്ണിട്ട് നോക്കും, പക്ഷെ ആ ആശ്വാസത്തിന്റെ രുചി ഇതുവരെ ആരും അനുഭവിച്ചിട്ടില്ല.

പട്ടികൾ അയാൾക്കൊരു ഇഷ്ടവിഷയമായിരുന്നു. ഒരു പക്ഷെ അയാൾ പഠിപ്പിച്ചിരുന്ന കണക്ക് വിഷയത്തോളം ഇഷ്ടമായിരുന്നു. അതുവരെ നാട്ടിലെ കല്ലപ്പട്ടികളെ മാത്രം കണ്ടിരുന്ന ഞങ്ങൾക്ക് പട്ടികളിൽ തന്നെ ലാബ്രഡോർ എന്നും പോമറേനിയൻ എന്നും, ജർമ്മൻ ഷെപ്പേർഡ് എന്നും പേരുകളിൽ വെവ്വേറെ ജെനസുകളിൽ പട്ടികൾ ഉണ്ടെന്ന് അറിഞ്ഞതും പോൾസാറിന്റെ പട്ടി സ്നേഹത്തിലൂടെയാണ്.

ഇതെല്ലാം ഞങ്ങളെ അറിയിക്കുന്നത് ജെയിംസ് സാറിന്റെ പുത്രനും, ഞങ്ങളുടെ സഹപാഠിയുമായിരുന്ന ജോർജ്ജ് ആൽബെർട്ട് ആണ്. ജെയിംസ് സാറിന്റെ പട്ടി പ്രണയം, അദ്ദേഹത്തിന്റെ മകന് പട്ടി ജോർജ്ജ് എന്ന പേര് സമ്മാനിച്ച വിവരം സ്ക്കൂളിൽ അദ്ദേഹമറിഞ്ഞിട്ടില്ലായെന്നാണ് അറിവ്.

സ്നേഹവും കരുണയും തൊട്ടുതീണ്ടാത്ത ശബ്ദവും വാക്കുകളുമായിരുന്നു ജെയിംസ് സാറിന്റെ ഉച്ച കഴിഞ്ഞുള്ള രണ്ടാമത്തെ മണിക്കൂർ.

ഏഴിന്റേയും എട്ടിന്റേയും ഗുണനപട്ടിക എനിക്കും ജോർജ്ജിനും ഒരുപോലെ ബുദ്ധിമുട്ടാണ്. ജെയിംസ് സാർ പോലും ചോദിക്കാൻ തുടങ്ങുമ്പോൾ ജോർജ്ജ് എന്റെ പുറകിൽ ഒളിക്കുവാനുള്ള വിഫലശ്രമം എന്നും നടത്തിക്കൊണ്ടേയിരുന്നു.

അപ്പന്റെ കനത്ത ശിക്ഷണത്തിലൂടെ ജോർജ്ജ് പട്ടിക പഠിച്ചു.

ഞാൻ എന്റെ തന്തയുടെ കനത്ത ശിക്ഷണത്തിലൂടെ കൊല്ലപ്പണിയും പിന്നീട് ഭാവി അവസരങ്ങളെ മുന്നിൽ കണ്ട്, ഇലക്ട്രീഷ്യൻ പണിയിലേക്ക് ദിശ മാറിയ ഞാൻ, ജോർജ്ജിനെ ഓർത്ത് അസൂയപ്പെട്ടില്ല. കേരളമണ്ണിൽനിന്നും നിധി വിളയുന്ന മണ്ണിലേക്ക് മലയാളികളുടെ ചേക്കേറൽ തുടങ്ങിയത് ജോർജ്ജിലൂടെ ഒക്കെയാണ്. അവൻ ജനുസിന്റെ ഗുണം കാണിച്ചു എന്നുതന്നെ പറയാം. ഞാൻ എന്റേയും. ജോർജ്ജ് ഇരുകാലിൽ നിൽക്കാൻ തുടങ്ങിയപ്പോൾ മുതൽ ഒരുപാടു തവണ ചോദിച്ചു. അക്കരെ കടക്കുന്നതിന് കുറച്ചു പ്രായാധിക്യം കൂടിയ കൊല്ലപ്പണിക്കാരൻ തന്തയേയും എന്നും വൈകീട്ടുള്ള അന്തിക്കള്ളും വിടാൻ മനസ്സില്ലാത്തതുകൊണ്ട് സമ്മതം മൂളിയില്ല..



ജെയിംസ് സാർ റിട്ടയർ ചെയ്തു മുഴുവൻ സമയവും പട്ടി പരിപാലനത്തിലേക്ക് തിരിഞ്ഞു. കുളിപ്പിക്കുന്നതിനും തീറ്റുന്നതിനും പരിശീലിപ്പിക്കുന്നതിനും എല്ലാം ശാസ്ത്രീയമായ വഴികൾ തിരഞ്ഞു. ഇടയ്ക്ക് ആളെ വരുത്തിയും പരിശീലിപ്പിക്കാറുണ്ട്.

ഇടയ്ക്ക് ആളെ വരുത്തിയും സഹായത്തിന് ചെല്ലുന്നതിനാൽ പണ്ട് ഗുണനപട്ടിക മനപ്പാഠമാക്കാത്തതിന്റെ വിരോധമൊന്നും ഇപ്പോഴില്ല.

ഒരു നാലാംക്ലാസുകാരന് വേണ്ടതിനേക്കാൾ ശരീരവളർച്ചുള്ള കൊല്ലന്റെ മകനായ എന്റെ പുറകിൽ ഒളിക്കാനുള്ള ജോർജ്ജിന്റെ അപകർഷതാബോധത്തെ ഇക്കിളിപ്പെടുത്തുന്നതിൽ ജെയിംസ് സാർ ഒരു പ്രത്യേകസുഖം കണ്ടെത്തിയിരുന്നോ എന്ന് എനിക്ക് ഇപ്പോൾ തോന്നാറുണ്ട്.



ഗുണനപട്ടിക ആചാരം തെറ്റിക്കാതെ ഞങ്ങൾ രണ്ട് പേരും എന്നും തെറ്റിച്ചു.

മുട്ടുകുത്തി നിന്ന ശേഷം കൈകൾ നിലത്ത് കുത്തി സാറിനെ നോക്കി നിൽക്കുക എന്നതായിരുന്നു ശിക്ഷ. ശേഷം ഓരോ കൈയ്യും നീട്ടി രണ്ടടി വാങ്ങിക്കുക. ആദ്യത്തെ ഊഴം എന്നും എനിക്കാണ്, ശേഷം ജോർജ്ജിലേക്ക് തിരിയുമ്പോൾ അയാൾ പറയും.

കൊല്ലന്റെ ചെക്കന്റെ കാര്യം പോട്ടെ നിനക്ക് ജെനുസിന്റെ ഗുണമെങ്കിലും കാട്ടിക്കൂടെടാ!

നാലാം ക്ലാസ്സിലെ പിള്ളേർക്ക് അന്നാ രാഷ്ട്രീയം മനസ്സിലായില്ലെങ്കിലും, എനിക്കും ജോർജ്ജിനും ആൽബർട്ടിനും അത് ഏറെക്കുറെ മനസ്സിലാകുമായിരുന്നു.

അല്ലെങ്കിൽ കൊല്ലന്റെ ചെക്കനെ തന്റെ ചൊൽപ്പടിക്ക് കിട്ടിയതിന്റെ ആശ്വാസമായിരിക്കാം.

ചെങ്ങന്നൂർ അങ്ങാടിയിൽനിന്നും അധികം ദൂരമില്ലാത്ത ഒരു വലിയ പറമ്പിൽ ജോർജ്ജ് തന്റെ പുതിയ വീട് പണി ആരംഭിച്ചു. ഇലക്ട്രിഷ്യൻ പണിക്ക് പുറമെ അതിന്റെ മേൽനോട്ടം സ്വാഭാവികമായും എന്റെ ചുമലിലാണ്. സാധാരണ വീടുകൾക്ക് വേണ്ട പണികൾ എല്ലാം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ജോർജ്ജ് പുതിയ കുറച്ച് പണിക്കാരെ വിടുന്നത്. അൽപ്പം പരിഷ്ക്കാരപ്പണികൾക്ക് വേണ്ടി.

വീടിന്റെ എല്ലാ വാതിലുകളും എട്ട് പൂട്ടുകൾ ഉള്ളവയാണ്. താക്കോലിട്ട് തിരിച്ചാൽ ഒരേ സമയം എട്ട് പൂട്ടുകൾ വീഴും. വീടിന്റെ ഉള്ളിലും പുറത്തും ക്യാമറകൾ.

വീടിന് നൂറ്റൻമ്പത് മീറ്റർ അകലെ പണിത മൂന്നാൾ പൊക്കമുള്ള മതിൽ ചാടി കടക്കാതിരിക്കാൻ, കടക്കാൻ ശ്രമിക്കുന്നവരെ ഷോക്കടിപ്പിക്കുന്ന സംവിധാനം, റിമോട്ട്കൊണ്ട് മാത്രം തുറക്കാനും അടയ്ക്കാനും കഴിയുന്ന കവാടം.

പിന്നെ പട്ടിക്കുവേണ്ടി പ്രത്യേകം സജ്ജീകരിച്ച കൂടും. പണികഴിയുമ്പോൾ അന്തിക്കള്ളിന്റെ രുചിയറിയാൻ എത്തിയ മറുനാടൻ മലയാളിയുടെ സെന്റിന്റെ ലഹരിയിൽ ഞാൻ ചോദിച്ചു എന്തിനാണ് ഈ കോണത്തിലെ പണിയെല്ലാം ചെയ്തു വച്ചിരിക്കുന്നെ, ഇതൊന്നും ഇല്ലാതെയും ഇവിടെ ആൾക്കാർ ജീവിക്കുന്നില്ലേ.



അനായാസം ജോർജ്ജ് മറുപടി നൽകി ആ വലിയ വീട്ടിൽ അപ്പനൊറ്റയ്ക്ക് അല്ലേ അപ്പോ ഒരു സുരക്ഷിതത്വം ഒക്കെ വേണ്ടേ നീ നൽകേണ്ട സുരക്ഷിതത്വം എന്നാണോ ചോദ്യം, അടുത്ത ഗ്ലാസ്സ് കള്ളിനോടൊപ്പം ഒരു താറാവു കഷണം കൂടി ഞാൻ വിഴുങ്ങി.

പിന്നെ അടുത്ത ദിവസം തന്റെ മണിമാളികയുടെ തിണ്ണയിൽ കസേരയിട്ട് ജെയിംസ് സാറിനെ ഇരുത്തി ജോർജ്ജ് അതിന്റെ പുറകിൽ നിന്ന് തന്റെ അരയൊപ്പം വരുന്ന പട്ടിയേയും അടുത്ത് നിർത്തി ഒരു കുടുംബ ഫോട്ടോയും എടുത്തു.

മിന്നിമായുന്ന ഫ്ളാഷുകളിൽ ആ പട്ടി കണ്ണും ചിമ്മി നാക്ക് പുറത്തിട്ട് നിസ്സഹായനായി കിതച്ചുകൊണ്ടിരുന്നു

ഇടവപ്പാതിയിലെ മഴ ശക്തിയാർജ്ജിച്ചുകൊണ്ടേയിരുന്നു. ഡാമുകൾ തുറന്നു, പുഴ അലച്ചുതല്ലി, ആറ് നിറഞ്ഞ്കവിഞ്ഞു.

ഒരു ഉദയാസ്തമനത്തിനിടയിൽ നഗരം വെള്ളത്തിലായി. നാട്ടുകാരുടെയും ദുരന്തനിവാരണസേനയുടെയും പോലീസിന്റെയും അപകടപ്പെട്ടവരുടേയും നിലയ്ക്കാത്ത കോലാഹലം, കാതടപ്പിക്കുംവണ്ണമുള്ള ഹെലികോപ്ടർ ശബ്ദം.

സ്ഥിതി നിയന്ത്രണാതീതമായി. സേനയുടെ ബോട്ടുകൾ തികയാതെ വന്നു. മൽസ്യ തൊഴിലാളികൾ ബോട്ടുകളുമായെത്തി. മാദ്ധ്യമങ്ങളിലൂടെ രക്ഷാപ്രവർത്തനങ്ങൾ നിരീക്ഷിച്ചും, പ്രാർത്ഥിച്ചും സഹായം അഭ്യർത്ഥിച്ചും ആയിരങ്ങൾ.

രക്ഷാപ്രവർത്തനത്തിനിടയിൽ ജോർജ്ജ് ആൽബർട്ടിന്റെ മാളികയിരിക്കുന്ന റോഡിലേക്ക് ബോട്ട് തിരിക്കാൻ ഞാനാവശ്യപ്പെട്ടു. തിണ്ണയിൽനിന്നും ആഞ്ഞുതുപ്പിയാൽ അരപ്പൊക്കമുള്ള മതിലിൽ എത്തുന്ന വീടുകളുടെ ടെറസ്സിലുള്ളവരെ രക്ഷിച്ചു.

ശേഷം ജോർജ്ജ് ആൽബർട്ടിന്റെ വീട്ടിലേക്ക് മൂന്നാൾ പൊക്കമുള്ള മതിലുചാടി ഉള്ളിലെത്തിയ വെള്ളം ഒന്നാം നിലയും കടന്ന് രണ്ടാം നിലയിലേക്ക് എത്തിയിരിക്കുന്നു.

ജെയിംസ് സാറിന്റെ ഉശിരൻ നായ ഒരു വാഴയില പോലെ ആ മതിൽ കെട്ടിനുള്ളിൽ ഒഴുകി നടക്കുന്നത് തോണിയിൽനിന്ന് ഏന്തി നോക്കിയാൽ കാണാം. ഇവിടെ ഒരാളുണ്ട്, ഞാൻ മെല്ലെ പറഞ്ഞു.

കേട്ടതു ഒരു യുവാവ് മതിൽ കടക്കാൻ ശ്രമിച്ചു. മതിലിന് മുകളിലുള്ള കുപ്പിച്ചില്ല് മാത്രമല്ല പ്രശ്നം ഞാൻ അവനെ താക്കീത് ചെയ്തു. മതിലിൽ തൊട്ടാൽ ഷോക്കടിക്കും മാത്രമല്ല, ആ വയസ്സനെ ഈ മൂന്നാൾപൊക്കത്തിൽ വീടിന്റെ രണ്ടാം നിലയിൽ നിന്ന് നീന്തിച്ച് നൂറ്റിയമ്പത് മീറ്റർ എത്തിക്കാൻ സാധ്യമല്ല. സാധിച്ചാലും ഫലം ഉണ്ടാവില്ല, ഒപ്പമുണ്ടായിരുന്ന പണിക്കാരൻ പറഞ്ഞു.

എനിക്ക് എതിർക്കാൻ പറ്റിയില്ല. നിശ്ശബ്ദനായി അംഗീകരിക്കാനെ കഴിഞ്ഞുള്ളു. എനിക്ക് ജെയിംസ് സാറിനെ കാണാം. അതാ രണ്ടാംനിലയിൽ ബാൽക്കണിയിൽ നിൽപ്പുണ്ട് ജെയിംസ് സാർ.

അയാൾ നിൽക്കുകയല്ല മുട്ടുകുത്തി നിന്ന് കൈകൾ രണ്ടും തറയിൽ കുത്തി കിതക്കുകയാണ്. എന്തിനുവേണ്ടിയാണ് അദ്ദേഹം കിതയ്ക്കുന്നത്. ബോട്ട് മെല്ലെ നീങ്ങാൻ തുടങ്ങി. ജെനുസിന്റെ ഗുണം കൊണ്ടായിരിക്കും, ആ സന്ദർഭത്തെ അംഗീകരിക്കാൻ എനിക്ക് തോന്നിയില്ല.

എവിടേയോ ജെയിംസ് സാറിന്റെ കണക്ക് തെറ്റി. അതോ ജോർജ്ജ് ആൽബർട്ടിന്റെ കണക്ക് ശരിയായതാണോ. തോണി മുന്നോട്ട് നീങ്ങി, വഴിയോരത്തിലെ ഒരുപാട് മാളികയിൽനിന്ന് വിവിധ ജെനുസ്സിലുള്ള വിവിധ കിതപ്പുകൾ അതിൽ പ്രതിധ്വനിച്ചു കൊണ്ടേയിരുന്നു.

കുര്യാക്കോസ് ജൂനിയർ
3-ാം വർഷം
ബി.എസ്.സി. സുവോളജി





# REMINISCENT OF the EMERGENCY

The Pune police on August 28, in a coordinated operation in different states, had simultaneously raided the houses of several noted human rights activists and arrested renowned Telugu poet and writer Varavara Rao, trade union activist and writer Vernon Gonsalves, rights activist and lawyer Arun Ferreira, trade union activist and lawyer SudhaBharadwaj and rights activist GautamNavlakha, member of the People’s Union for Democratic Rights alleging links to the banned Communist Party of India(Maoist). The Police have claimed that the arrests were made on the basis of the violence that followed the Bhima Koregaon Commemorative event held in Maharashtra on 1 January of this year. The police also accused the arrested activists of plotting Rajiv Gandhi style assassination of Prime Minister NarendraModi. The arrests have drawn fierce criticism from the global civil society and political organizations. Human rights activists, writers and academicians have condemned the arrests and accused the efforts as a part of an organised crackdown of political dissent.



The arrests of the activists have led to protests across the nation. The Families and lawyers of the arrested activists have accused the charges and evidence alleged by Maharashtra police fabricated. Maharashtra police have released a letter allegedly written by activist SudhaBharadwaj to Comrade Prakash, member of bannedCPI (Maoist). SudhaBharadwaj has denied the allegation of letters by Maharashtra police. “It is a totally concocted letter fabricated to criminalize me and other human rights lawyers, activists and organisations”, said SudhaBharadwaj in a handwritten statement. When the letters were produced in the Court, senior police officers have denounced the allegation of the letter, which points towards the legitimacy of the accusations made by the Police and the Government against the activists.

The raids and arrests targetting a particular group of society especially Dalit activists, academicians, civil rights activists and political critics are reminiscent of the Emergency in India from 1975 to 1977 when then Prime Minister Indira Gandhi allowing elections to be suspended and civil liberties to be curbed. Today, Government haven’t made any official declaration on the restriction of dissent but they are trying to censor the political freedom of an individual which is guaranteed by the Constitution. The Government is trying to suppress the voices of dissent raising from the marginalized, oppressed sections of society. From these efforts, the Government is exposing its intolerance to the political freedom and dissent, which are the rights of every Indian citizen.

The arrested individuals were soon branded as ‘Urban Naxals’, a term used by the right-wing filmmaker VivekAgnihotri as the title for his book. With the arrests of the activists, the term has been widely used by the media, police and Government officials. ‘#Urban Naxals’ soon became a trend in social media. It is similar to the terms like ‘anti-national’, ‘terrorism’, and ‘Love Jihad’ which were intended by the right-wing Hindutva forces. The big media organizations have played a crucial role in the propagation of the ‘Naxalite stories’ with the arrests of the activists.

The Government and the police have shown ‘too much’ interest in this case since they are answerable to the murders of GauriLankesh, NarendraDabolkar, CPI leader GovindPansare and rationalist MM Kalburgi. The CBI and Karnataka Special Investigation Team (SIT) has accused extremist Hindutva organizations Sanatan Sanstha and Hindu JanajagrutiSamiti for their inescapable role in these murders. The Central Government haven’t taken any step towards these organizations. According to a BBC report, since Modi stormed to power in 2014, vigilante cow protection groups have lynched more than 20 people, the majority of them Muslims, for transporting beef. As expected no actions were taken to control the vigilante mob as they were pulling for Hindutva. The nation has also witnessed the rise in the widespread attacks on Dalits and marginalized communities after the NDA Government came into power. Extreme Hindutwa groups have widely used violence and hatred as a tool to obtain power in the minority communities.

Speaking of dissent and freedom of speech and expression guaranteed by the Constitution of India, individuals nor organizations are not free from the censorship imposed by the right-wing Hindutva groups and a Government supporting the latter. The situation is a clear reminiscence of the emergency as these evil forces are targetting the people who are raising the voice of dissent, stands with the marginalized and protects their rights. Beyond the extreme violence conducted around the country in the name of Hindutva, they are trying to kill the ideologies of diversities and those which they consider as threats to their concept of Hindutva, which is again violating the Constitution of India. From all these misconducts, the Government itself is revealing its lack of moral conduct to stay in power.

Faheem muhammed
IIIrd DC BA English





# ചുവന്ന കുപ്പിവളപ്പൊട്ട്

ഒരു ചുവന്ന കുപ്പിവളപ്പൊട്ടിലൂടൊരു തിരിച്ചുപോക്ക്
കൈലേസിന്റെ തുമ്പത്തെ ആ കെട്ടിനിന്നും നെല്ലിക്കാമധുരം
പൊട്ടിയ കുളപ്പടവുകളിലെ പച്ചപ്പായൽ
കന്ന് പൂട്ടിയ കണ്ടത്തിലെയൊറ്റക്കാലൻ കൊറ്റികൾ
തോളിൽ കൈക്കോട്ടുമായാവഴി നടന്നു നീങ്ങും മെല്ലിച്ച രൂപം
നട്ടുച്ചയ്ക്കു സർപ്പക്കാവിന്നടുത്തു നിന്നുയർന്നൊരു സീൽക്കാരം.
കേൾക്കാം ദൂരെ തലയരച്ചോടുന്ന മരണവണ്ടികൾ
മുക്കുറ്റി ചവിട്ടി മുറ്റത്തുകൂടെ ഉലാത്തുമ്പോൾ
തുളസിച്ചെടിയുടെ ഗന്ധം മാത്രം.
തൊടിയിലൂടലഞ്ഞിട്ട് തൊട്ടാവാടികളാൽ
നീറിപ്പുകഞ്ഞ കളിമുറിവുകളിൽ,
കമ്മ്യൂണിസ്റ്റ് പച്ചയുടെ ദയവ്
തിരണ്ട് ഒരു തീണ്ടാപ്പാടകലത്ത് മുഖം കുനിച്ച്
വലിയൊരു കുളിയും കുളിച്ചിട്ടൊരു പച്ചച്ചിരി
ചെളി മെഴുകിയ തറയിൽ മൂട്ടവിളക്കിൻ വെളിച്ചത്തിൽ
ചിതറിക്കിടക്കുന്ന മഞ്ചാടിചെപ്പ്.
ചുമരിൽ നിഴലാൽ ചിത്രം വരയ്ക്കുന്ന കോലങ്ങൾ.
മഴ തെല്ലു തോർന്ന നേരത്തീയലിന്റെ ഉമ്മാക്കിക്കളി.
പുത്തൻപുസ്തക നടുവിലേക്കാഴ്ന്നിറങ്ങി നീട്ടി വലിച്ച ശ്വാസം.
അക്ഷരങ്ങളുടെ തേര്
അതിൻ ചിറക്,
..................................................
ഒരു ചുവന്ന കുപ്പിവളപ്പൊട്ട്,
തിരിച്ചുപോക്ക്.

സുവർണ്ണ ബെന്നി
മൂന്നാം വർഷം
ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്



# പെണ്ണിന്റെ ആണത്തമല്ല പെണ്ണിന്റെ 'പെൺപെരുമ'

"തോൽക്കൂല,

തോൽവിയെന്നു പറയുന്നത് ദൈവമെനിക്ക് വെച്ചിട്ടില്ല..

എനിക്ക് വാശിയാണ്.. ഈ എഴുപത്തിമൂന്നാം വയസ്സിലും ഞാനധ്വാനിക്കും

ജനങ്ങൾക്കൊരു പാഠമാകണം..

ഞാൻ വെല്ലുവിളിക്കുന്നു, ഇതിലും കൂടുതലുണ്ടാക്കും, ഇതിലും കൂടുതൽ സമ്പാദിക്കും.."

കൺമുന്നിൽ നോക്കിനിൽക്കെ നിമിഷനേരം കൊണ്ട് കലിതുള്ളിവന്ന പ്രളയജലം വീടിന്റെ ആണിക്കല്ലടക്കം ഒഴുക്കിക്കൊണ്ട് പോയപ്പോൾ, ഒന്ന് മാത്രം നഷ്ടപ്പെടുത്താതെ കാലിനടിയിൽനിന്ന് ഒലിച്ചുപോയ മണ്ണിന്റെ അവശിഷ്ടത്തിൽനിന്നുകൊണ്ട് ഒരു വന്ധ്യവയോധിക പറഞ്ഞ വാക്കുകൾ. പ്രളയത്തിന് കവർന്നെടുത്തുകൊണ്ട് പൊകാൻ സാധിക്കാഞ്ഞത് 73 വയസ്സുകാരിയുടെ മനോധൈര്യത്തെ മാത്രമാണ്.

മലമുകളെന്നോ കടൽത്തീരമെന്നോ സ്ഥലഭേദമില്ലാതെ, ഇന്ത്യയുടെ ഒരു കൊച്ചു സംസ്ഥാനത്തെ ഒന്നടങ്കം വിഴുങ്ങിയ ഒരു മഹാമാരിയെ അവിടുത്തെ മനുഷ്യർക്ക് നേരിടാൻ സാധിച്ചത് ഈ നാടിന്റെ ഇത്തരമൊരു ആത്മബലം മാത്രം മുതൽക്കൂട്ട് ഉണ്ടായിരുന്നതുകൊണ്ടാണ്. എല്ലാം നഷ്ടപ്പെട്ടിട്ടും, ഇനിയെത്ര ദിനം ഈ ഭൂമിയിലുണ്ടോ, ആ ദിവസങ്ങളത്രയും അപ്രതീക്ഷിതമായി വന്നുപതിച്ച വിധിക്കെതിരെ പോരാടാൻ, ഒരായുഷ്കാലംകൊണ്ട് നേടിയതെല്ലാം ഇനിയെത്ര നാളെന്നു ഉറപ്പില്ലാത്തത്രയും കാലംകൊണ്ട് നേടിയെടുക്കുമെന്ന് ലോകത്തോട് വിളിച്ചുപറഞ്ഞ സ്ത്രീയുടെ അതേ ദൃഢനിശ്ചയം, പ്രളയകാലത്തു നാടിന്റെ പലഭാഗങ്ങളിൽ അവിരാമം പ്രവർത്തിക്കുന്നുണ്ടായിരുന്നു, പുരുഷന് തോളോട് തോൾ ചേർന്ന് തന്നെ. അത് പലപ്പോളും, മനുഷ്യനും മൃഗവും airlift ചെയ്യപ്പെടുന്ന ഹെലികോപ്റ്ററിന്റെ കോക്പിറ്റിലോ, വെള്ളം കയറിയ റോഡിലൂടെ മുങ്ങാൻ പോകുന്ന



മനുഷ്യരെയുംകൊണ്ട് തുഴഞ്ഞ് നീങ്ങുന്ന വഞ്ചിയുടെ അമരത്തോ ആയിരുന്നില്ല ;

രാവെന്നോ, പകലെന്നോ വ്യത്യാസമില്ലാതെ, എല്ലാം ഏകോപിപ്പിച്ചുകൊണ്ട് കളക്ടർ ചേംബറിനുള്ളിലും ദുരിതാശ്വാസ ക്യാമ്പുകളുടെ സ്റ്റോറ് ഹൗസിലും ഒക്കെയായി വ്യാപിച്ചു കിടക്കുകയായിരുന്നു.

ഓഗസ്റ്റ് 9 നു മഴ കനക്കുകയും കാര്യങ്ങൾ നിയന്ത്രണാതീതമാവുകയും ചെയ്യാൻ തുടങ്ങിയപ്പോൾ തന്നെ തങ്ങളിരിക്കുന്ന പദവിയുടെ ചുമതലകൾ അശ്രാന്തം നിറവേറ്റാൻ ആരംഭിച്ചിരുന്ന ഉദ്യോഗസ്ഥകളുണ്ടായിരുന്നു. പെണ്ണെന്ന പേരിലൊരു തളർച്ചയും പ്രകടിപ്പിക്കാതെ തന്നെ. പ്രതീക്ഷകൾക്കതീതമായി വെള്ളം സർവ്വ സ്ഥലങ്ങളിലും ഉയർന്നു പൊങ്ങാൻ തുടങ്ങിയപ്പോൾ ജനങ്ങളെ വീടുകളിൽ നിന്നൊഴുപ്പിക്കുന്നത് മുതൽ ഉചിതമായ ഇടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകളും, കൺ ട്രോൾ റൂമുകളും ആരംഭിച്ചും



അവയുടെ നടത്തിപ്പിന് നേരിട്ട് നേതൃത്വം നൽകിയ കൃത്യമായ ഇടപെടലുകൾ, ഒരു പുരുഷൻ ആ സ്ഥാനം അലങ്കരിച്ചാലും അർപ്പിക്കാവുന്ന അതേ സൂക്ഷ്മതയിലും ജാഗ്രതയിലും നിറവേററി, തൃശ്ശൂർ കളക്ടർ ടി.വി. അനുപമ ഐ.എ.എസ് എന്ന ഉദ്യോഗസ്ഥ. സമയാസമയങ്ങളിൽ ഇടമുറിയാതെ വന്നുകൊണ്ടിരുന്ന സഹായഭ്യർത്ഥനകളിൽ ഓരോന്നിന്റെയും ഗൗരവവും സ്വഭാവവും മനസ്സിലാക്കി, സ്ഥിതിഗതികളെ അറുത്തു മുറിച്ചു പഠിച്ചു, ക്ഷണനേരം കൊണ്ട് തീരുമാനങ്ങളെടുത്തും വീഴ്ചകളി ല്ലാതെ അവരൊരുമാതൃകയായി.



പ്രളയം ഏറ്റവുമധികം നാശം വിതച്ച ജില്ലകളിലൊന്നായ തൃശ്ശൂരിന് ഒരുപക്ഷെ തെറ്റായ ഒരു തീരുമാനം പോലും കനത്ത തിരിച്ചടിയായേക്കാവുന്ന അവസ്ഥയിലും, ചാർജ് എടുത്ത് രണ്ടു മാസം തികയാത്തതിന്റെ അപക്വതയൊന്നും ജില്ലയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കി പ്രവർത്തിക്കുന്നതിൽനിന്ന് അവരെ പിന്തിരിപ്പിച്ചില്ല. തുറക്കാൻ മടിച്ച വാതിലുകൾ പൂട്ടുപൊളിച്ചു അകത്തുകടന്നും ജില്ലയുടെ മുക്കും മൂലയും അരിച്ചുപെറുക്കി രക്ഷപ്പെടാൻ ആരും ബാക്കിയില്ലെന്നു ഉറപ്പു വരുത്തിയും പുരുഷൻ മാത്രം വർത്തിച്ച പ്രവർത്തിമണ്ഡലത്തിലേക്ക് ഒരു പെണ്ണായിത്തന്നെ അവർ കാലെടുത്തുവെച്ചു.

പ്രളയം അധികമൊന്നും ബാധിക്കാത്ത ഒരു ജനതയെ എല്ലാം നഷ്ടപ്പട്ടവർക്ക് താങ്ങും തണലുമാകാൻ പ്രാപ്തരാക്കി നേതൃസ്ഥാനത്തുനിന്ന് നയിച്ച് തിരുവനന്തപുരം കളക്ടർ കെ. വാസുകി ഐ.എ.എസ് ആണ് തകർന്ന കേരളത്തിന്റെ തളരാത്ത മറ്റൊരു ചിത്രം. ഒന്നിന് പിറകെ ഒന്നായി ജില്ലകളോരോന്നും ദുരന്തമുഖങ്ങളാകുമ്പോൾ മഴ കനത്ത ഓഗസ്റ്റ് 19 നു 54 ട്രക്ക് സാധന സാമഗ്രികളാണ്, തലസ്ഥാനനഗരിയിൽനിന്ന് ഒരു സ്ത്രീ അമരത്തിരുന്നുകൊണ്ട് പലഭാഗങ്ങളിലേക്കായി ക്ഷണനേരം കൊണ്ട് കയറ്റിയയക്ക്പ്പെട്ടത്. പരിഭ്രാന്തിക്കിടയിലും വാർത്തകിട്ടിയ ഉടൻതന്നെ സോഷ്യൽ മീഡിയയുടെ സഹായത്തോടെ ചിതറികിടന്ന 400 യുവവളണ്ടിയർമാരെ ഒരുമിപ്പിച്ചു, കോട്ടൺഹിൽ കളക്ഷൻ സെന്റർ എന്ന ഒറ്റക്കുടകീഴിൽ നിർത്തിക്കൊണ്ട്, അവരുടെ തന്നെ വാക്കുകൾ കടമെടുത്തു



പറഞ്ഞാൽ, 'കോടികൾ വിലമതിച്ചേക്കാവുന്ന അധ്വാന ത്തിലും പ്രയത്നത്തിലും' ചാലകശക്തിയായ 'പെണ്ണൊരുത്തി ' .

പ്രതീക്ഷയ്ക്കപ്പുറത്തൊരു മഹാദുരന്തം വന്നു ഭവിച്ചപ്പോൾ പെണ്ണിന് എക്കാലവും സമൂഹം ചാർത്തി ക്കൊടുത്ത പരിഭ്രാന്തിയുടെയോ പരവേശത്തിന്റെയോ തെല്ലും ലക്ഷണങ്ങളില്ലാതെ, പുരുഷനാൽ മാത്രം നയിക്കപ്പെടാമെന്നു തെറ്റിദ്ധരിച്ച ലോകത്തെ ഒരു ഭഗീരഥ പ്രയത്നത്തെ അവൻ നേരിട്ടേക്കാവുന്ന അതേ തന്റേടത്തോടും കരുത്തോടും കൂടി നേരിടാൻ അവൾക്ക് സാധിച്ചു, കായികമായി ദുരന്തമുഖത്ത് പുരുഷനോളം അവളുണ്ടാ യിരുന്നില്ലായിരിക്കാം, എന്നിരുന്നാലും നിമിഷനേരം കൊണ്ട് നാമാവശേഷമായ ഒരു നാടിനെ, എങ്ങനെ അതിന്റെയുള്ളിൽ അന്തർലീനമായ ശക്തി സ്രോതസ്സുകളെ ഏകീകരിച്ചു ഉയർത്തെഴുന്നേല്പിക്കാം എന്ന് പ്രവർത്തിച്ചു കാണിച്ച സ്ത്രീയുടെ പ്രാഗത്ഭ്യം 'അവളുടേതായി' തന്നെ ചരിത്രത്താളുകളിൽ രേഖപ്പെടു ത്തേണ്ടതാണ്. പെണ്ണിന്റെ 'ആണത്ത'മല്ല, മറിച്ച് ആണിനോളം പോന്ന പെണ്ണിന്റെ ദാർഢ്യമാണത്. പ്രളയത്തെ വിഴുങ്ങിയ മലയാളിയുടെ അതിജീവനം ചരിത്രമാകുമ്പോൾ സ്ത്രീത്വത്തിന്റെ എല്ലാ വലിപ്പച്ചെറുപ്പങ്ങളോടും കൂടി, സ്ത്രീ സ്ത്രീയായി തന്നെ നേടിയെടുത്ത വിജയത്തിന്റെ മുഖങ്ങളാണ് വാസുകിയും അനുപമയും ദുരന്തമുഖത്തെ തളരാത്ത ആ അമ്മമനസ്സും; സ്ത്രീക്കുതന്നെ അവകാശപ്പെടാവുന്ന നേട്ടം. പെൺവർഗ്ഗത്തിലെ "ആൺകുട്ടികൾ" എന്ന വിശേഷണത്തിൽനിന്ന് മാറി പെണ്ണിന്റെ എല്ലാ ഗുണങ്ങളോടും കൂടി പ്രകൃതി സൃഷ്ടിച്ച പെണ്ണുങ്ങളായി തന്നെ അവർ പ്രകീർത്തിക്കപ്പെടേണ്ടതുണ്ട്. അഥവാ, പൗരുഷത്തിനു പര്യായവാചിയാകേണ്ടതല്ലാത്ത, സ്ത്രീയുടെ അനന്യമായ കരുത്ത്.

നിറഞ്ഞ സദസ്സിൽ ഒരിക്കൽ മലയാളി കയ്യടിച്ചു രോമാഞ്ചം കൊണ്ട "ഒരെണ്ണം കൂടുതലു"ണ്ടെന്നു വീരോചിതമായി പുരുഷനായ കളക്ടർ സിംഹം അവകാശപ്പെട്ട, ആ ഒരെല്ല് - ലോകം കണ്ടു; അത് മുങ്ങികൊണ്ടിരുന്ന കേരളത്തിൽ നിവർത്തിപ്പിടിച്ച ഈ നട്ടെല്ല് തന്നെയാണ് - തളരാത്ത, വളയാത്ത 'പെണ്ണെല്ല് '

മേഘ പ്രസാദ്
2-ാം വർഷം
ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്



# ദൈവത്തിന്റെ ഉടുപ്പ്



ദൈവത്തിന്റെ മുറിയിൽ
ചുവരിൽ മൂന്നുടുപ്പുകൾ
ഒന്നിലൊരു കുരിശ്
അടുത്തതിലൊരു ചന്ദ്രകല..
മൂന്നാമത്തേതിൽ മുപ്പത് മുക്കോടി ദൈവങ്ങൾ
എന്നിട്ടും ദൈവം
ഉടുപ്പില്ലാതെ,
ഉള്ളുപ്പില്ലാതെ നിൽക്കുന്നു !!
“ഒരുടുപ്പെടുത്തിടന്റെ ദൈവമേ”യെന്ന് ഞാൻ ...
ദൈവം പറഞ്ഞു
“ഉടുപ്പ് തയ്പ്പിക്കുന്നതും നിങ്ങൾ
അതുടുപ്പിക്കുന്നതും നിങ്ങൾ
തമ്മിലടിപ്പിക്കുന്നതും നിങ്ങൾ
നമ്മളൊന്നിനുമില്ലേ”യെന്ന് ...

വിജിൻ വിൽസൻ
ഒന്നാം വർഷം
എം.എസ്. ഡബ്ല്യു



# തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ' നിന്നും 2018-ാം ആണ്ട് കേരളപ്രളയത്തിലേക്ക്

തൊണ്ണൂറുകൾക്ക് മുൻപുള്ള കേരളീയ ജീവിതങ്ങളെ അവയുടെ കണ്ണീരോടും വിയർപ്പോടും കൂടെ തന്റെ തൂലികത്തുമ്പിനാൽ വരച്ചിട്ട എഴുത്തുകാരനാണ് തകഴി. കുട്ടനാടൻ ജീവിതയാഥാർത്ഥ്യങ്ങൾ നേടിക്കൊടുത്ത് ആവിഷ്ക്കാര ശ്കതിയുടെ നേർ പ്രതിഫലനമാണ് അദ്ദേഹത്തിന്റെ വെള്ളപ്പൊക്കത്തിൽ എന്ന ചെറുകഥ. കുട്ടനാട്ടിലെ വെള്ളപ്പൊക്കവും, അതിൽ അകപ്പെട്ടു പോയ ഒരു നായുടെ മരണ വെപ്രാളങ്ങളും പ്രമേയങ്ങളാകുന്ന കഥക്ക് പഴയ കേരളത്തെക്കുറിച്ച് പറയാനേറെയുണ്ട്. 20-ാം നൂറ്റാണ്ടിന്റെ പകുതിയിലും കേരളം ആരെ പ്രതി വിലപിച്ചുവോ .........അവരുടെ കഥയാണത്... അല്ല ജീവിതമാണത്....... ആ കാലഘട്ടത്തിൽനിന്നും 21-ാം നൂറ്റാണ്ടിന്റെ സോപാന





ത്തിലേറുമ്പോൾ നാം പിന്നിട്ട വഴികൾ നമുക്ക് നൽകിയ മാറ്റങ്ങൾ അനവധിയാണ്. ആ മാറ്റങ്ങൾ തന്നെയാണ് 2018ലെ ഒരപ്രതീക്ഷിത പ്രളയത്തെ ധൈര്യപൂർവ്വം നേരിടാൻ മലയാളിയെ പ്രാപ്തമാക്കിയതും. വെള്ളപ്പൊക്കത്തിൽനിന്നും വർഷങ്ങൾക്കു ശേഷം കേരളം ഒരു വൻപ്രളയത്തിന് സാക്ഷിയാകുമ്പോൾ ......എന്തെല്ലാം താരതമ്യങ്ങളാണ് നമുക്കവിടെ കണ്ടെത്താൻ കഴിയുക...? ഒന്നു വിചിന്തനം ചെയ്തു നോക്കാം.

ഒരു നായയുടെ അന്ത്യവിലാപങ്ങളിലൂടെ തകഴി വ്യക്തമാക്കി തന്നത് അധ:സ്ഥിതരുടെ ദീനരോദനങ്ങളെയായിരുന്നു. അവർ അനുഭവിക്കേണ്ടിവന്ന യാതനകളെയായിരുന്നു. എന്നാൽ ഇന്ന് ഒരു കേരളീയന്റെ അവ



സ്ഥയെ പ്രതിഫലിപ്പിക്കാൻ ഇത്തരത്തിലുള്ള പ്രതീകം ഒട്ടും തന്നെ ഉചിതമായി വരില്ല. കാരണം ശക്തമായ സാമൂഹിക ഇടപെടലുകളിലൂടെ മലയാളനാട് നേടിയെടുത്ത ജീവിതനിലവാരത്തെ ഇന്ന് ലോകരാജ്യങ്ങൾ വരെ പുകഴ്ത്തുകയാണ്...... കുടിയാനും, അടിയാളനുമല്ലാതെ അന്തസ്സോടെ ജീവിക്കുവാൻ നമുക്കിന്ന് കഴിയുന്നു.

ദൃശ്യമായ ഒരു പ്രധാന പരിണാമത്തെ കുറിച്ചാണ് ഇപ്പോൾ സൂചിപ്പിച്ചത്. അടുത്തതായി പ്രളയസാഹചര്യത്തെ തന്നെ നമുക്ക് അവലോകനം ചെയ്യാം. ക്ഷേത്രത്തിലെ മൂന്നു മുറിയുള്ള മാളികപ്പുറത്ത് 67 കുട്ടികളുണ്ട്. 356 ആളുകൾ, പട്ടി, പൂച്ച്, ആട്, കോഴി മുതലായ വളർത്തു മൃഗങ്ങളും. എല്ലാം ഐക്യത്തോടെ കഴിയുന്നു. ഒരു ശണ്ഠയുമില്ല. ഇതാണ് കഥയിലെ ആദ്യരംഗം. ഈ പ്രളയകാലത്ത് നമ്മുടെ ക്യാമ്പുകളും ഈ വിധം തന്നെയായിരുന്നു. ഒറ്റപ്പെട്ട ചില സംഭവങ്ങളൊഴിച്ചാൽ ഐക്യത്തോടെ നാം ആ ദിനങ്ങളിൽ ക്യാമ്പുകളിൽ കഴിഞ്ഞു. എന്നാൽ പ്രബുദ്ധകോരളത്തിന് ലജ്ജാവഹമെന്നോണം ചില സ്ഥലങ്ങളിൽ ജാതി തല പൊക്കുകയുണ്ടായി... ഒരു പിൻനടത്തത്തിന് നാം ഒരിക്കലും വഴി വയ്ക്കരുതെന്ന ഓർമ്മപ്പെടുത്തലാണ് അത്തരം സംഭവങ്ങൾ സൃഷ്ടിച്ചവരോട് പറയാനുള്ളത്.

ഗർഭിണിയായ ഭാര്യയേയും കൂട്ടിക്കൊണ്ട് വെള്ളപ്പൊക്കത്തിൽനിന്നും രക്ഷപ്പെടുവാൻ തിടുക്കം കൂട്ടുന്ന ചേന്നപ്പറയനെ തകഴി കഥയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഗർഭിണികളേയും, മുലയൂട്ടുന്ന അമ്മമാരേയും അതീവ ശ്രദ്ധയോടെ രക്ഷിച്ച് സേനാംഗങ്ങളെയും നാട്ടുകാരെയും നാം വിടെയും കണ്ടു.

ഇനിയുള്ളത് ചില വിപരീതതാരതമ്യങ്ങളാണ്. ആ നായുടെ ദീനരോദനം അതിദൂരപ്രദേശങ്ങളിലെത്തി. എന്നാൽ അതിനെ ആരും സഹായിക്കാനെത്തിയില്ല. ആ ജീവി തൊണ്ട പൊട്ടുമാറ് രണ്ടാമതും കുറച്ച് നേരം മോങ്ങി. എന്നാൽ ആ ശബ്ദം ആരും ചെവികൊണ്ടില്ല. അത് ഹൃദയദ്രവീകരണ സമർത്ഥമായ ഒരു രാഗം വിസ്തരിച്ചു തുടങ്ങി. അവന്റെ കണ്ണുകളിൽ ആരേയും കരയിക്കുന്ന നിസ്സഹായസ്ഥിതി പ്രതിഫലിച്ചിരുന്നു. പക്ഷെ അവനെ രക്ഷിക്കാൻ ആരും ഉണ്ടായിരുന്നില്ല.

എന്നാൽ ഈ പ്രളയക്കാലം കണ്ടത് ഇതിനു വിപരീതമായ കാഴ്ചകളായിരുന്നു. നിസ്സഹായരായി നിലവിളിച്ചവരെ രക്ഷിക്കാൻ മലയാളികൾ ഒന്നടങ്കം കൈകോർത്തു. തനിക്കു മുന്നിൽ മരണഭയത്തോടെ നിൽക്കുന്ന സഹോദരനെ രക്ഷിക്കാനാഞ്ഞപ്പോൾ ആരും ജാതിയോ മതമോ എന്തെന്നു പോലും ചിന്തിച്ചില്ല. മനുഷ്യത്വമെന്ന മഹത്വത്തോടെ എല്ലാ ദീനരോദനങ്ങൾക്കും നാം ചെവിപാർത്തു. പരീക്ഷണംവും ഹൃദയസ്പൃക്കുമായ ദീനരോദനങ്ങൾ കാറ്റിൽ ലയിക്കുകയല്ല മറിച്ച് മലയാളികളുടെ മനസ്സിൽ ലയിക്കുകയാണുണ്ടായത്.

ജീവഭയവും വിശപ്പും അതിൽ നിറഞ്ഞിരുന്നു. ഏതു ഭാഷക്കാരനും ഏതു ചൊവ്വാഗ്രഹവാസിക്കും ആശയം മനസ്സിലാകും. അത്ര സർവ്വവിദിതമായ ഭാഷ.

എന്നാൽ ആ നായയെ ആരും തിരിഞ്ഞു നോക്കിയില്ല. ഇതിൽനിന്നു വ്യത്യസ്തമായി കേരളത്തിൽ സംഭവിച്ചതോ.........? വിശപ്പിന്റെ ഭാഷ ഏവർക്കും മനസ്സിലാകുമായിരുന്നു. ഉള്ളവെയല്ലാം പങ്കു വച്ച് അവർ അതിജീവനത്തിനുള്ള മാർഗങ്ങൾ തേടി. മരുന്നു തീർന്നപ്പോൾ സ്നേഹം തുണയായി. മരണാസന്നരായി കിടന്നിരുന്ന വൃദ്ധമാതാപിതാക്കളെപ്പോലും ജീവൻമരണപോരാട്ടത്തി



ലൂടെ നാം രക്ഷിച്ചു. മൂന്നുകോടിയിൽപരം മലയാളികൾക്ക് ഹൃദയസംവേദനത്തിനുള്ള ഭാഷ ഒന്നേ ഉണ്ടായിരുന്നുള്ളൂ....... ഏവർക്കും മനസ്സിലാകുന്ന ഭാഷ....... ഭക്ഷണസാധനങ്ങളും അവശ്യവസ്തുക്കളും ജനങ്ങളിലേക്കെത്തിക്കാൻ സേനാംഗങ്ങളും കോളേജ് വിദ്യാർത്ഥികളും നാട്ടുകാരും പരിശ്രമിച്ചു...... വിശപ്പിന്റെ വിളി ആരും കേൾക്കാതെ പോയില്ല.

'ഇനി ഒരിക്കലും മനുഷ്യനെ സ്നേഹിക്കയില്ലെന്ന് അത് പറയുകയാവാം.'

കഥയുടെ അവസാനത്തോടടുക്കുമ്പോൾ നായയിൽ ഉണ്ടായേക്കാമെന്ന് തകഴി സംശയിക്കുന്ന വിചാരമാണിത്. പക്ഷെ മനുഷ്യന്മാർ പരസ്പരം സ്നേഹിച്ച മനുഷ്യസ്നേഹത്തിന്റെ മഹത്വം ലോകത്തിനു കാണിച്ചു കൊടുത്ത ഒരു അവസരമായിരുന്നു ഈ പ്രളയകാലം.... പ്രളയജലത്തിനും മീതെ സ്നേഹം ഒഴുകിയിറങ്ങിയ ഏതാനും നാളുകൾ.....

തൊലിയഴുകിയതിനാൽ നിറം എന്തെന്നറിഞ്ഞുകൂടാ....... എന്ന വരിയോടെ കഥ അവസാനിക്കുമ്പോൾ അത് മുന്നോട്ട് വയ്ക്കുന്ന ആശങ്കകളും വിലാപവും പ്രതിഷേധവും വളരെ വലുതാണ്. പക്ഷെ തൊലി അഴുകിയാൽ മാത്രം നിറം തിരിച്ചറിയാൻ സാധിക്കില്ല എന്ന ആ കാലഘട്ടത്തിന്റെ അജ്ഞതയിൽനിന്നും മനുഷ്യനല്ലോ...... നിറം പ്രസക്തമല്ല... എന്ന തിരിച്ചറിവിലേക്ക് കേരളം വളരുന്നു എന്ന ആനന്ദം നമുക്കിന്ന് ലഭിച്ചിരിക്കുന്നു. ആ ജ്ഞാനമാണ് ഇനി എന്നും ഇവിടെ വാഴേണ്ടതും....

ശിൽപ വിൽസൺ
മൂന്നാം വർഷം
ബി.എസ്.സി. ഫിസിക്സ്







കൊട്ടും പാട്ടുമായിവന്ന
പ്രളയത്തിൽ നിശബ്ദരായ വിശ്വാസികൾ
രണ്ടുതുള്ളി ചോപ്പിനെ ഭയന്ന്
ശ്രീകോവിൽ വാതിലുകൾ ചാരിയിടുന്നു.

അഭിജിത്ത് മാമ്പിള്ളി
ഒന്നാം വർഷം
ബി.എ. മലയാളം





# അതിക്രമി

അതേ ഞാൻ കട്ടിലിന്മേ ആ നീലീച്ചയുടെ കൂടുള്ള തുള പേപ്പർ തിരുകി അടച്ചൂട്ടോ..

അതെന്തിനാ ??  അത് നിന്നെ ഇതുവരെ ഉപദ്രവിച്ചിട്ടുണ്ടോ ??

ഇല്ല.. എന്നാലും..

നീ താമസിക്കുന്നിടത്ത് ഒരു മൂലയിൽ ശല്യമില്ലാതെ അതും ജീവിക്കുന്നു..

പിന്നെന്തിനാ വെറുതെ ആ പാവത്തിനെ ..

അല്ല ഇനി ഭാവിയിൽ അത് കൂടൊക്കെ വലുതാക്കി മക്കളും കൂട്ടുക്കാരുമൊക്കെയായി, അവസാനം ഞാൻ അതിന്റെ ഇടത്തിലെ അതിക്രമി ആയി അതിന് എങ്ങാൻ തോന്നിയാലോ ?

അങ്ങനെ തോന്നാൻ അതിനു 46 ക്രമോസോം അല്ല ഉള്ളത്.

മേഘ പ്രസാദ്
രണ്ടാം വർഷം
ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ്





# ദൈവങ്ങൾ വെള്ളത്തിലാണ്....

മഴ പെയ്യാൻ തുടങ്ങിയ രാത്രിയിൽ ഒരു തുണ്ട് പേപ്പറും പേനയുമായി മുറ്റത്തിറങ്ങിയ, മഴയെ സ്നേഹിക്കുന്ന കവി. ഓർമ്മയിൽ അവൻ കണ്ട മഴയെ വലിയ ക്യാൻവാസിലേക്ക് പകർത്തുന്നു.

നിസ്ക്കാരപ്പായയുടേയും പൂണൂലിന്റേയും കുരിശിന്റേയും ബന്ധനങ്ങളിൽനിന്ന് മഴയവനെ പുറത്തേക്കെത്തിച്ചു. കുചേലനേയും കുബേരനേയുമവർ അഭയാർത്ഥിയെന്ന് മാത്രം വിളിച്ചു.

ബർഗ്ഗറിന്റെയും പിസയുടേയും രുചിക്ക് മുകളിൽ ഒരു കഷണം ഉണക്കറൊട്ടി രാജാവായ ദിനങ്ങൾ. ആഡംബരക്കാർ സ്വന്തമായപ്പോളില്ലാത്തൊരു ആനന്ദമവന്റെ ഉള്ളിൽ നിറഞ്ഞിട്ടുണ്ടാവണം. ഒരു കഷണം കമ്പിളിപ്പുതപ്പിന്റെ ചൂടിലമർന്നപ്പോൾ പുലയൻ വച്ച കഞ്ഞി കുടിച്ചിട്ടുണ്ടാവണം. പൂണൂലിട്ട, പൂജ മാത്രമറിയാവുന്ന ദൈവങ്ങൾ കർത്താവിനെ വിളിക്കാൻ മാത്രമുയർത്തിയ കൈകൾ ഉയർന്നിട്ടുണ്ടാവണം വഞ്ചിയിലെത്തിയ ദൈവങ്ങൾക്കായ്. മതിൽക്കോട്ടകൾക്കപ്പുറത്തെയും ഇപ്പുറത്തെയും അയൽക്കാർ അഭയാർത്ഥി ക്യാമ്പിൽ വച്ച് പരിചയപ്പെട്ടിട്ടെങ്കിലും ഉണ്ടാവാം.

ബന്ധനങ്ങൾക്കപ്പുറത്തെ തന്റെ അയൽക്കാരനെ, മുടിയും താടിയുമൽപ്പം നീട്ടി വളർത്തിയ, നാട്ടുകാരുടെ കണ്ണിലെ കഞ്ചാവുകളെ, കാത്തു നിന്നിട്ടുണ്ടാവുമവർ ഒടുങ്ങാത്ത പ്രതീക്ഷയുമായി.

പ്രവചനസിംഹങ്ങൾക്കും വെള്ളത്തിൽ മുങ്ങിയ ദൈവങ്ങൾക്കും മുകളിൽ അൽപ്പനാളെങ്കിലും ഉയർന്ന് നിന്നിട്ടുണ്ടാവണം

മനുഷ്യനെന്ന നന്മ.

ജിന്റോ ജോസഫ്
രണ്ടാം വർഷം
ബി.എ. മലയാളം



# കഴുകൻ



ലിവർസീറോസീസ് ഒരു കഴുകനെപ്പോലെ അവന്റെ കരളുകൊത്തിപ്പറിച്ചപ്പോൾ പൊട്ടിപ്പോയത് അവളുടെ താലിച്ചരടായിരുന്നു.

ചോര വറ്റിയ വരണ്ട കണ്ണുകൾ ഒന്നുമറിയാതെ ഉറങ്ങിയിരുന്ന ആ പിഞ്ചുകുഞ്ഞുങ്ങളെ നിസ്സഹായതയോടെ നോക്കി.

തന്റെ പ്രാണനെ കെണി വെച്ചുപിടിച്ച കഴുകൻ വിശപ്പടങ്ങാതെ ഈ ഇളം മാംസങ്ങളെയും വശ്യമായി നോക്കിച്ചിരിക്കുന്നുണ്ടോ.

കുന്തിരിക്കം പുകച്ച പുക മറനീക്കി ചന്ദനത്തിരിയുടെ ഗന്ധവുമായാണ് അന്ന് സൂര്യനുദിച്ചത്. നാടിനെ സ്നേഹിച്ചവനെ ഒരു നോക്ക് കാണാനെത്തിയവർ കണ്ണീരുകൊണ്ട് അവന് അവസാനമായി വെള്ളം കൊടുത്തു.

ബലിക്കാക്കകളുടെ കൂട്ടക്കരച്ചിലിനിടയിൽ തെക്കേപ്പറമ്പിൽ അന്ത്യവിശ്രമത്തിനായി അവൻ ഒരുങ്ങി.

അച്ഛന്റെ ചിതയടങ്ങിയപ്പോൾ പക്വത എത്തിയ പുരുഷനെപ്പോലെ ആ കൗമാരക്കാരന്റെ കണ്ണുകളിൽ തീ ജ്വലിച്ചുയരുന്നത് അവൾ കണ്ടു.

ആരായിരുന്നു യഥാർത്ഥ കഴുകൻ

ഏട്ടന്റെ പുറകിൽ നിറകണ്ണുകളോടെ നിന്നിരുന്ന രണ്ടാമൂഴക്കാരന്റെ നെഞ്ചിലും പുകഞ്ഞിരുന്നു.

ആരായിരുന്നു യഥാർത്ഥ കഴുകൻ

ഒടുവിൽ,

ചിതയിൽ എരിഞ്ഞൊടുങ്ങിയ അവന്റെ ഹൃദയത്തോടൊപ്പം ബസ് സ്റ്റാന്റിലെ ലോഡ്ജ് മുറിയിൽ നിന്നിറങ്ങിയപ്പോയ ആ പഴയ കളിക്കൂട്ടുകാരിയുടെ ഓർമ്മകളും കത്തിയമർന്നു.

മുടിയഴിച്ചിട്ട് ചോരയൊലിക്കുന്ന ദംഷ്ട്രകളുമായി സംഹാരതാണ്ഡവമാടുന്ന ഒരു യക്ഷിയെപ്പോലെ ഇരുട്ട് അന്ന് ആ നാടിനെ ആർത്തിയോടെ പ്രാപിച്ചു.

ഓടു മേഞ്ഞ ആ പഴയ തറവാടിന്റെ ഉമ്മറപ്പടിയിൽ തനിച്ചിരുന്ന അവളെ നോക്കിച്ചിരിക്കാൻ നക്ഷത്രങ്ങൾക്ക് അന്ന് ഭയമായിരുന്നു.

അഴിച്ചിട്ട ഇടതൂർന്ന മുടിയെ തലോടി പുറകിലൂടെ ചെന്ന് അവളുടെ പിൻകഴുത്തിൽ മൃദുവായി ചുംബിച്ചിരുന്ന കാറ്റിനു പോലും അന്നവളെ ആലിംഗനം ചെയ്യാൻ മനസ്സ് വന്നില്ല.

നിശ്ശബ്ദത തളം കെട്ടിക്കിടന്നിരുന്ന രാത്രിയിൽ ഇലകൾ ഭൂമിയിൽ വീണപ്പോൾ ആരോ തലതല്ലി കരഞ്ഞതുപോലെ തോന്നിയോ.....

തെക്കേത്തൊടിയിലെ മൂവ്വാണ്ടൻ മാവ് തേങ്ങിക്കരഞ്ഞത് അവൾ കേട്ടിരിക്കുമോ...? ചലനമറ്റ അവളുടെ നെറ്റിയിലൂടൊലിച്ചിറങ്ങിയ സിന്ദൂരത്തിന് തളം കെട്ടിക്കിടന്ന അവന്റെ ചോരയേക്കാൾ ചുവപ്പായിരുന്നോ?

കിരൺ കൃഷ്ണൻ
മൂന്നാം വർഷം ബി.എ. മലയാളം



# ഒരു പ്രളയത്തിന്റെ പെസഹാക്കുറിപ്പുകൾ

Nothing is soft as water, Yet who can with stand raging floods?

(Lao Ma - A fictional character)

പറഞ്ഞുകേട്ടതാണ്.

ചാലക്കുടി ചന്തയാണ് രംഗം

ആഗസ്റ്റ് 15 വൈകീട്ടാവണം. അതിശക്തമായ മഴ. പുതിയ ലോഡ് ഇറക്കുകയാണ് ഒരു കച്ചവടക്കാരൻ. ഒരു ലോഡിങ്ങുകാരൻ മുതലാളിയോട് പറയുന്നു.

മൊതലാളി ദ്പ്പെന്താദ് റോഡൊക്കെ വെള്ളായിലോ.

മഴപെയ്തട്ട്, ഇതൊന്ന് മാറ്യാ ഒക്കെങ്ങ്ട് എറങ്ങി പൊക്കോളും.

ലോഡിറക്കൽ തുടർന്നു.

എന്നാൽ, ആ തൊഴിലാളിയും, മുതലാളിയും ഒരിക്കലും ചിന്തിക്കാതിരുന്ന ഒരു വിളിയായിരുന്നു ചാലക്കുടി ചന്ത പിറ്റേന്ന് കേട്ടത്. പകച്ചു നിന്ന കണ്ണുകളുടെ ഇമയടയുന്ന വേഗത്തിൽ, തച്ചുടപ്പറമ്പിലെ കേട്ടുകേൾവി ചാലക്കുടി നഗരത്തെ ചുറ്റി, സുന്ദരിക്കവലയെ തൊട്ടു നിന്നപ്പോഴേക്കും വിറങ്ങലിച്ച ഒരു നിശബ്ദത മാത്രമായി രംഗത്തിലെ കഥാപാത്രം.

പ്രളയത്തിന്റെ ഒരു വിവക്ഷ, കൽപ്പാന്ത്യത്തിലെ ലോകനാശം എന്നാണ്. നാഗരിക സംസ്ക്കാരത്തിന്റെ അവിഭാജ്യഘടകമായി എന്നും പ്രളയം ഉണ്ടായിരുന്നു. ആദിമ സംസ്ക്കാരങ്ങളുടെ ജീവിതഗതിയെത്തന്നെ നിയന്ത്രിച്ചിരുന്നത് നദികളിലെ വാർഷിക പ്രളയങ്ങളായിരുന്നല്ലോ. ടിക്കാലിന്റെയും അങ്കോവർത്തിന്റെയും തകർച്ച പ്രളയമുറിപ്പാടിന്റെ ശേഷിപ്പുകളാണ്. അറ്റ്ലാന്റിസായും, പെട്ടകമായും, ആലിലക്കണ്ണനായും, നമ്മുടെ മായാപ്രപഞ്ചത്തിൽ വിലസുന്ന പ്രളയം. രേഖപ്പെടുത്തപ്പെട്ട ചരിത്രം പ്രകാരം നമുക്ക് അനുഭവവേദ്യമായത് എ.ഡി.1341ലെ പെരിയാർ വെള്ളപ്പൊക്കം വഴിയാണ്. എന്നാൽ നമ്മുടെ ബോധതലത്തിൽ തത്തിക്കളിക്കുന്ന പ്രളയം കൊല്ലവർഷം 1099 (എ.ഡി.1924)ലെ ആണ്. സർവ്വതും മുക്കിക്കളഞ്ഞ വെള്ളപ്പൊക്കം എന്നുള്ള ഒറ്റ വാചകം മാത്രമേ അതിനെപ്പറ്റി നമുക്കറിയൂ. സങ്കൽപ്പത്തിലെ ആ മുറിവാണ് 2018ജൂലായ് ആഗസ്റ്റ് മാസങ്ങളിൽ പുറത്തു വന്നത്. പക്ഷേ ഈ പ്രളയം നമുക്ക് മുറിവുകൾക്കും അപ്പുറമാണ്.

**പണ്ടോറയുടെ പെട്ടി**

Every cause has a reason and every reason has a cause

(Theory of Causton)



കണം നമ്മുടെ പ്രളയപാഠം? അത് എവിടെനിന്നു തുടങ്ങുന്നു എന്നതാണ് പ്രഥമവിഷയം. ഭൂമിശാസ്ത്രപരമായി കടലും മലനിരയും അതിരിടുന്ന ഭൂമി. ചൂടുള്ള വായുവിന്റെ ഘർഷണത്താൽ മഴയെ കാണാൻ കഴിയാത്ത ഒരു മരുഭൂമിയായി മാറണം. നിബിഡ സസ്യാവരണവും, മൺസൂൺ കാറ്റുകളും ആ വിധിയിൽ നിന്ന് കേരളത്തെ രക്ഷിച്ച പ്രളയത്തിന്റെ ഭൂഖണ്ഡത്തിലായിരുന്നിട്ടും ചരിഞ്ഞ ഭൂപ്രകൃതി അധികജലത്തെ ഒഴുക്കിവിടുകയും ചെയ്തു. പ്രളയങ്ങൾ നമുക്ക കടങ്കഥയായത് അങ്ങനെയാവണം. നമ്മുടെ ഈ അവഗണനാമനോഭാവം പ്രളയത്തിലേക്ക് എത്തിച്ചത്? സത്യത്തിൽ നമ്മുടെ ഈ മനോഭവം പരിസ്ഥിതിയുടെ അനിവാര്യതയോടെയായിരുന്നു. എഴുപതുകൾ വരെ ചില വിശ്വാസങ്ങൾ ഈ അവഗണനാമനോഭാവത്തെ ഫലപ്രദമായി തടഞ്ഞു നിർത്തി. എന്നാൽ അതിനുശേഷം കേരളത്തിന്റെ പൊതുമണ്ഢലത്തിൽ സംഭവിച്ച സാമ്പത്തിക സാമൂഹിക രംഗത്തെ ദ്രുതഗതിയിലുള്ള മാറ്റങ്ങൾ നിമിത്തം ഈ അവഗണനാമനോഭവം പണത്തെ ദൈവമാക്കി മാറ്റിയ യൂട്ടിലിറ്റേറിയൻ ചിന്താഗതിയായി പരിവർത്തനം ചെയ്തു. വികസനം എന്ന ആട്ടിൻ തോലണിഞ്ഞ് നടന്ന് നിലമൊരുക്കൽ നാടകത്തിലൂടെ കേരളത്തിന്റെ പ്രകൃതി സമ്പുഷ്ടതയെ നിർത്താതെ കൊള്ളയടിക്കാൻ ഇത് സാഹചര്യമുണ്ടാക്കി. അത് നമ്മുടെ ചെറിയ ഭൂമികയിലെ സങ്കീർണ്ണമായ ജലവ്യവസ്ഥയെ തച്ചുതകർത്തത് നമ്മൾ അറിഞ്ഞില്ല. വ്യവസായവത്കരണം സർവ്വമേഖലകളിലും വ്യാപിച്ചതോടെ ലോകാന്ത്യം വരെ ജലസമൃദ്ധമായ കേരളം എന്ന മിത്ത് കൂടുതൽ ശക്തി പ്രാപിച്ചു. ധൂർത്ത് ഒരു ഫാഷനായി തന്നെ മാറി. ദൈവങ്ങൾ അവർ നശിപ്പിക്കുവാൻ ആഗ്രഹിക്കുന്നവരെ ആദ്യം ഭ്രാന്തന്മാരാക്കുന്നു എന്ന യൊഹാൻ ഫ്രിഡ്റിഷ് ഷില്ലറുടെ വാക്യത്തെ ശരിവച്ചുകൊണ്ട് പരിസ്ഥിതിക്കു വേണ്ടി വാദിച്ചവരെ നാം മവോവാദികളാക്കി മാറ്റി. കൂടാതെ ആസന്നമായ ദുരന്തത്തെ പ്രവചിച്ച് വന്ന ഗാഡ്ഗിലിനേയും കസ്തൂരിരംഗനേയും ഇസ്ലാമോഫോബിയ വരെ നിരത്തി, കൊടിയും കുരിശും പിടിച്ച് നാം നാടുകടത്തി. ഒറ്റപ്പെട്ട ചില സ്വരങ്ങൾ കേൾക്കാമായിരുന്നു. നമ്മുടെ കൂട്ടായ വിഭ്രാന്തി (Collective Delusion) അനിവാര്യമായ ഒരു പ്രളയത്തിലേക്ക് നമ്മെ എത്തിച്ചിരുന്നു. മുഹൂർത്തം മാത്രമേ കുറിക്കാൻ ഉണ്ടായിരുന്നുള്ളു.

ഗ്രീക്ക് പുരാണത്തിലെ പണ്ടോറയുടെ കഥ അറിയാത്തവരുണ്ടാകില്ല. മനുഷ്യവംശത്തിന് നൽകപ്പെട്ടിട്ടുള്ള പണ്ടോറയുടെ പെട്ടിയാണ് പരിസ്ഥിതി. അത് തച്ചുപൊളിച്ചാൽ ദുരന്തങ്ങളുടെ ഒരു ഘോഷയാത്ര തന്ന ഉണ്ടായെന്നു വരാം. അതിലൊന്നാണ് പ്രളയയം.

വിരുന്നുകാരൻ പടിപ്പുരവാതിൽക്കലെത്തുമ്പോൾ ആ വീട് ഇപ്രകാരമായിരുന്നു.

Extreme busyness, whether at school or college; kirk or market, is a symptom of deficient vitality
(R.L.Stevenson)

നിലക്കാത്ത ഓട്ടമായിരുന്നു എല്ലാവർക്കും. എന്തോ മറന്ന്, എല്ലാം മറന്ന്, എല്ലാവരേയും മറന്നുള്ള ഓട്ടം. മാനവികതക്ക് നിളാനദിയുടെ വേനൽരൂപമായിരുന്നു. സ്വയം പുകഴ്ചയുടെ തിരുനാൾ ആഘോഷിക്കുകയായിരുന്നു മലയാളി യുവത. മാധ്യമങ്ങളെ പുളകം കൊള്ളിക്കാൻ എന്നും മസാലകൾ ഉണ്ടായിരുന്നു. പണമെന്ന ദൈവം മനുഷ്യനെപ്പോലും നിശ്ശേഷ്ടനാക്കി പന്തലിച്ചു നിൽക്കുകയായിരുന്നു. ഗുരുതരമായ വിടവുകളും, വീഴ്ചകളും, മതിലുകൾ പണിയുന്ന തിരക്കിൽ നാം അവഗണിച്ചു. നവോത്ഥാന മൂല്യങ്ങളുടെ തകർച്ച കാലത്തിനൊത്ത് ചേർന്നതോടെ സത്യാനന്തര കേരളവും പിറന്നു. ഏതൊരു വികസിത സമൂഹത്തിനും സംഭവിക്കാവുന്ന അനാവശ്യത്തെ അനിവാര്യതയാക്കുന്ന ശൈലി വന്നുചേർന്നതോടെ ഏതർത്ഥത്തിലും ജീർണതയുടെ പരകോടിയിൽ, മനം മടുപ്പിക്കുന്ന ദുർഗന്ധത്തിൽ നാം മുങ്ങിക്കുളിച്ച് കിടന്നു. ഒരു പുതിയ തുടക്കത്തിന് ആഗ്രഹിക്കാത്ത മലയാളികൾ ഉണ്ടായിരുന്നില്ലെന്ന് വേണം കരുതാൻ. അതിലേക്കാണ് പതിവുതെറ്റാതെ കൂടുതൽ



ശക്തിയോടെ ജൂലായ് മാസത്തിൽ കാലവർഷം വന്നത്. പതിവ് പോലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. ഉരുൾ പൊട്ടലുകളും മണ്ണിടിച്ചിലും പലയിടത്തും സംഭവിച്ചു. 26 വർഷത്തിനു ശേഷമുള്ള മഹാത്ഭുതത്തിന്റെ തിരക്കിലായിരുന്നു ആ സമയത്ത് മലയാളി. ഇടുക്കി ഡാം തുറക്കുവാൻ വേണ്ടി റൂട്ട് മാപ്പൊരുക്കി നാം കാത്തിരുന്നു. ഏറെ നാളത്തെ സസ്പെൻസിനു ശേഷം അത് സംഭവിച്ചതോടെ മലയാളി ആഘോഷിച്ചു. കലിതുള്ളിയ കാലവർഷം ഉണ്ടാക്കിയ ചിലയിടത്തെ ദുരന്തങ്ങൾ ചിലർക്കെങ്കിലും പുതിയ ചിന്ത നൽകി. എങ്കിലും ഞാൻ സുരക്ഷിതനാണല്ലോ എന്ന ഭാവം നമ്മെ വിട്ടു മാറിയിരുന്നില്ല. ഇതിനിടയിൽ ഒഡിഷ തീരത്തെ ന്യൂനമർദ്ദം ഉണ്ടാക്കുന്ന ന്യൂനമർദ്ദപാത്തി കേരളത്തിൽ അതിശക്തമഴക്ക് കാരണമാകും എന്ന കാലാവസ്ഥ നിരീക്ഷണകേന്ദ്രത്തിന്റെ പ്രവചനം പതിവു പോലെ ചവറ്റുകുട്ടയിൽ എറിയപ്പട്ടു. ദുരന്ത നിവാരണ അതോറിറ്റി അപ്പോൾ കൊഞ്ഞനം കുത്താൻ പോലുമാകാതെ കടലാസുകളിലും, ചുവപ്പു നാടയിലും കുരുങ്ങി മരിച്ചു കിടന്നു.

**ആ ദിനങ്ങൾ**

യൂദായിലുള്ളവർ പർവ്വതങ്ങളിലേക്ക് പലായനം ചെയ്യട്ടെ. പുരമുകളിലിരിക്കുന്നവർ വീട്ടിൽനിന്ന് എന്തെങ്കിലുമെടുക്കാൻ താഴേക്ക് ഇറങ്ങാതിരിക്കട്ടെ. ആ ദിനങ്ങളിൽ ഗർഭിണികൾക്കും മുലയൂട്ടുന്നവർക്കും ദുരിതം. (ബൈബിൾ, മത്തായിയുടെ സുവിശേഷം 24:16–18)

ആഗസ്റ്റ് 14ന് ഉച്ച മുതലേ ഉരുണ്ടു കൂടിയ കാർമേഘങ്ങൾ ഗർജിച്ചു തുടങ്ങിയിരുന്നു. പതിവു സംസാരങ്ങൾക്കുശേഷം സുഹൃത് വൃന്ദങ്ങൾ റോഡിലേക്കിറങ്ങി. സാമാന്യം നല്ല രീതിയിൽ പെയ്യുന്ന മഴയുടെ ഇടയിൽ ആഗസ്റ്റ് 16ന് നടക്കാനിരിക്കുന്ന യൂണിയൻ ഇലക്ഷന്റെ കൊട്ടിക്കലാശം അരങ്ങേറുന്നു. അത് ആസ്വദിച്ച ശേഷം, നടന്നു നീങ്ങുമ്പോൾ, അതേ വാക്കുകൽ ചുണ്ടുകൾ ഉറച്ച ശബ്ദത്തോടെ വീണ്ടുമുച്ചരിച്ചു. ഇലക്ഷന്റന്ന് കാണാം. യാതൊരു ആയുസ്സുമില്ലാതായി പോയ ഒരു ഉറപ്പ്.

പിന്നീട് കടന്നുവന്ന മൂന്നു ദിനങ്ങൾ സ്വപ്നസീമകൾക്കും അപ്പുറമായിരുന്നു. ആഗസ്റ്റ് 14പുലർച്ചയോടെ തുടങ്ങിയ മഴ ആഗസ്റ്റ് 15 ഓടെ രൗദ്രഭാവം പൂണ്ടു. പല കൂട്ടുകാരും വീടുകൾ വിട്ട് സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറിയതോടെയാണ് പ്രളയം എന്ന വാക്ക് അധരങ്ങളിൽ നിന്ന് പുറപ്പെട്ടതും കാതുകൾ കേട്ടതും. രാജ്യത്തിന്റെ 72-ാം സ്വാതന്ത്ര്യദിനം അധികം പതാകകളില്ലാതെ കടന്നു പോയത് അധികമാർക്കും ശ്രദ്ധിക്കാൻ പറ്റിയില്ല. കിടക്ക നനഞ്ഞപ്പോളായിരുന്നു പലരും വിവരമറിഞ്ഞത്. വെറും കൈയോടെ, കഴുത്തറ്റം വെള്ളത്തിലും, മുട്ടൊപ്പം വെള്ളത്തിലും ഓടി രക്ഷപ്പെട്ടു പലരും. ഉയർന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായതോടെ, ഫോൺ, വൈദ്യുതി ബന്ധങ്ങൾ വിച്ഛേദിക്കപ്പെട്ടു. അപ്പോഴേക്കും കേരളത്തിലെ മുക്കാൽഭാഗം ഡാമുകളും ഒരാഘോഷവുമില്ലാതെ, വേണ്ട ജാഗ്രതയില്ലാതെ തുറന്നു വിട്ടിരുന്നു. ദുരിതാശ്വാസ ക്യാംപുകൾ നാടൊട്ടുക്കും തുറക്കപ്പെട്ടു. നീറിപ്പിടിക്കുന്ന വേദനോടെ, പ്രളയം വിഴുങ്ങുന്ന വീടുകളേയും കടകളേയും കണ്ട്, ഭയപ്പാടോടെ അതിൽ കുറേ പേർ കിടന്നു. മരണത്തെ മുഖാമുഖം കണ്ട്, ആരൊക്കെയോ നീട്ടുന്ന ഭക്ഷണപ്പൊതികളുടെ വരവും നോക്കി. കെട്ടിടങ്ങളുടെ ഉള്ളിൽ കുടുങ്ങിയവരുടെ കഥകൾ വേറെ. ഹെലികോപ്റ്ററുകളേയും മീൻ പിടുത്ത ബോട്ടുകളേയും കാത്തിരിക്കുന്ന നിസ്സഹായരായ മലയാളി മുഖങ്ങൾ പ്രളയത്തിന്റെ നൊമ്പര കാഴ്ചകളായിരുന്നു. കഴുത്തറ്റം വെള്ളത്തിൽനിന്ന് രക്ഷപ്പെട്ടവർ, മാതാപിതാക്കളെ പിരിഞ്ഞ കുട്ടികൾ, നമിഷാർദ്ധങ്ങളുടെ വ്യത്യാസത്തിൽ മരണപ്പെട്ട ഹതഭാഗ്യർ, രോഗികൾ, ഗർഭിണികൾ, നിലച്ചുപോയ സേവനമേഖല, പ്രളയം നേരിട്ടു ബാധിച്ചവരുടെ കഥകൾ വാക്കുകൾക്കപ്പുറത്താണ്. പ്രകൃതിയുടെ മാറ്റം ഭയാനകമായിരുന്നു. കിളിയൊച്ചയോ, ചീവിടിന്റെ കരച്ചിലോ ഇല്ലാതെ ഒഴുക്ക് മാത്രം കേട്ട മൂന്ന് നിശബ്ദതയുടെ കരാള രാത്രികൾ. നൂറുകൊല്ലം പുറകിലേക്കാണ് ഒറ്റയടിക്ക് നാം ചുവടുവെച്ചത്. നിശബ്ദതയെ ഭഞ്ജിച്ച് ഇടക്കിടെ പ്രത്യക്ഷപ്പെടുന്ന സിഗ്നലും, ഹെലിക്കോപ്റ്ററും, ആംബുലൻസും.



ഡാം പൊട്ടിയെന്നും, ദുരിതാശ്വാസ ക്യാംപ് തകർന്നെന്നും വരെ കിംവദന്തികൾ. വെള്ളം ഇരച്ചുകയറാത്ത ഇടങ്ങളിലുള്ളവർ ഒന്നും ചെയ്യാനില്ലാതെ തളർന്നിരുന്നു. അവശ്യസാധനങ്ങളുടെ ലഭ്യത കുറഞ്ഞു. പട്ടിണി ഭയന്ന് അന്ന് കഴിച്ച അൽപ്പഭക്ഷണത്തിന്റെ മധുരവും, നിശ്ചേഷ്ടമായ വേളകളിലെ മനംമടുപ്പും, ഇതെഴുതുമ്പോഴും പേനയെ വലിക്കുകയാണ്. മരിച്ചുപോയ അപ്പനെ പുൽപ്പായയിൽ പൊതിഞ്ഞ് മൂന്നു ദിവസം കാവലിരുന്ന ഒരു ചേച്ചിയുടെ കഥകേട്ടു. എത്ര പെട്ടെന്നാണ് ആലംബഹീനരായ നിസ്സാഹയരുടെ ഒരു കൂട്ടമായി നാം മാറിയത്. ടി.വി.യിൽ ഒരു നിമിഷത്തേക്ക് കാണിച്ച കേരളത്തിന്റെ ഉപഗ്രഹചിത്രത്തിന് 38863 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം ഉണ്ടായിരുന്നില്ല. തുരുത്തുകളിൽ ഉയർന്നുനിന്ന കൊടിമരത്തിൽ കൊടികളും. ജലം കേരളത്തെ കാണിച്ചു തരികയായിരുന്നു.

We the people of Kerala, United and stand against floods

That year would become a landmark in local history and grandmothers would forlong tell, grim tales of collective sufferings (Ivory Throne)

തിരിഞ്ഞു നോക്കുമ്പോൾ പ്രളയത്തെ നാം നേരിട്ട രീതിയിൽ അത്ഭുതം തോന്നുന്നു. സമാനതകളില്ലാത്ത വിധം എന്ന് പറയുന്നതാവും ശരി. ഏതൊരു കാലത്തേയും പോലെ യുവതക്ക് നേരെ ഒരുപാട് ആരോപണങ്ങൾ ഉണ്ടായിരുന്നു. എന്നാൽ പ്രളയം മതിലുകൾ തകർത്തതോടെ എല്ലാവരും തങ്ങളുടെ അയൽക്കാരനെ കണ്ടു. സോഷ്യൽ മീഡിയയിൽ അലസരായിരുന്ന ചെറുപ്പക്കാരായിരുന്നു ആദ്യം ഉണർന്നത്. നിമഷാർദ്ധം കൊണ്ട് സോഷ്യൽ മീഡിയ ഒരു ഇൻഫർമേഷൻ സെന്ററായി മാറി. പ്രളയഭൂമിയിൽ സഹായങ്ങൾ കൃത്യമായി എത്തിക്കുവാനും, രക്ഷാപ്രവർത്തനം നടത്തുവാനും ഈ സൈബർ വാരിയേഴ്സ് ഏറെ ശ്രദ്ധിച്ചു. ഇവരുടെ പ്രവർത്തനം കൃത്യതയോടെ ഫീൽഡിൽ എത്തിക്കാനും യുവത ശ്രദ്ധിച്ചു. മറ്റൊരു പ്രധാന ഏട് സേനയായിരുന്നു. മിനിറ്റുകൾ മതിയായിരുന്നു കേരളസമൂഹത്തോട് അലിഞ്ഞു ചേർന്ന് അവർക്ക് പ്രവർത്തിക്കാൻ. രാപകൽ ഭേദമന്യേ കേരളത്തിന്റെ മുക്കും മൂലയും വരെ അവർ അരിച്ചു പെറുക്കി. എന്നാൽ ഇവർക്കെത്തിപ്പെടാൻ കഴിയാത്ത നാടുകളിലും സ്ഥലങ്ങളിലും, വഞ്ചിയുമെടുത്തെത്തിയത് കേരളത്തിന്റെ നാവികസേന എന്ന് പിൽക്കാലത്ത് വിളിക്കപ്പെട്ട മത്സ്യത്തൊഴിലാളികളായിരുന്നു. ജീവിക്കാനുള്ള തത്രപ്പാടിൽ മുങ്ങിനടക്കാതെ സഹജീവികളോടുള്ള സ്നേഹം മാത്രം കൈമുതലാക്കി, ചാടിയിറങ്ങി. അനിതരസാധരണമായ സേവനം ഇവർ കാഴ്ചവെച്ചപ്പോൾ തകർന്നു പോയത് മലയാളികളുടെ അവസാന അവജ്ഞയായിരുന്നു. ഇവരോടൊപ്പം അഭിപ്രായവ്യത്യാസങ്ങൾ മറന്ന രാഷ്ട്രീയക്കാരും, ലാഭം നോക്കാതെയിറങ്ങിയ കച്ചവടക്കാരും വിശ്രമമില്ലാതെ ജോലിചെയ്തതോടെ, വൻ ദുരന്തത്തിൽനിന്നാണ് നാം രക്ഷപ്പെട്ടത്.

മനുഷ്യനന്മകളുടെ ഈ ഉണർത്തുകാലത്തിലും ചില പീലാത്തോസുമാർ ഉണ്ടായിരുന്നു. രക്ഷാപ്രവർത്തനത്തെ പരിഹസിച്ചവർ, ഉപരിവർഗ്ഗ- സവർണ്ണധാർഷ്ട്യം കാണിച്ചവർ. ദന്തഗോപുരത്തിൽ ഇരുന്ന് ബലേഭേഷ് പറഞ്ഞവർ. അയ്യപ്പന്റെ ശാപം, ബിഷപ്പിന്റെ ശാപം എന്നൊക്കെ പറഞ്ഞു നടന്ന ഗീർവാണക്കാർ, ഇവരൊക്കെ നമ്മുടെ ഇടയിൽത്തന്നെ ഉണ്ടായിരുന്നവർത്തന്നെയാണ്. ചില ക്യാംപുകളിലെങ്കിലും ഏകോപനക്കുറവ് നിമിത്തം അവശ്യവസ്തുക്കളുടെ കുറവ് നിലനിന്നിരുന്നു. പ്രളയസമയത്ത് കടകളിൽ മോഷണത്തിനിറങ്ങിയവരും, ക്യാംപിലേക്ക് വന്ന വസ്തുക്കൾ സ്വന്തം വീട്ടിലേക്ക് വകമാറ്റിയവരും കൊടി പിടിച്ച് വിതരണം ചെയ്തവരും, അവശ്യവസ്തുക്കൾ കെട്ടിക്കിടക്കാൻ അനുവദിച്ചവരും സാക്ഷരകേരളത്തിന്റെ ഒരു കുറവ് തന്നെയായിരുന്നു.

**അതിജീവനം എന്ന അത്ഭുതം**

Yet Puelbo Unido

Jamas sera vencid

(The people united shall never be fail)

ഫ്രാൻസിലെ തൊഴിലാളിവർഗ പ്രസ്ഥാനത്തെ



പണ്ടോറയുടെ പെട്ടിയിൽനിന്ന് അവസാനം പുറത്തുവരുന്ന സ്വർണ്ണവർണ്ണമുള്ള ഒരു പ്രാണിയുണ്ട്. അതിന്റെ പേര് പ്രത്യാശ എന്നായിരുന്നു. നമുക്കും അത്തരത്തിലൊരു വഴി പ്രളയം തുറന്നുവച്ചു. നവകേരള സൃഷ്ടി എന്ന ലേബലിലാണ് അത് ഉടലെടുത്തത്. ഒരു പുതിയ കേരളം സൃഷ്ടിക്കണം. അന്ന് എല്ലാവരുടേയും പ്രധാന അജണ്ട അതായിരുന്നു. ആ ആവേശം ഒന്നു കെട്ടടങ്ങിയെങ്കിലും ഇന്നും അതിന്റെ അനുരണനങ്ങൾ ഉണ്ട്. പക്ഷേ എങ്ങനെയാണ് ഇത് സാദ്ധ്യമാകുന്നത്. അത് തുടങ്ങേണ്ടത് പ്രളയപാഠങ്ങളിൽ നിന്നാണ്. പരിസ്ഥിതിയുടെ ആവശ്യകതയെപ്പറ്റിയും സന്തുലിതാവസ്ഥയെപ്പറ്റിയും ഇതിലും മനോഹരമായി നാം ഇനി പഠിക്കാൻ ഇടയില്ല. ഗാഡ്ഗിൽ ഭ്രാന്തനല്ലെന്നുള്ള വെളിപാട് തികച്ചും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഗ്രീൻ പ്രോട്ടോക്കോൾ, ഇക്കോസിസ്റ്റം, ബഫർസോൺ സാമൂഹ്യശാസ്ത്രങ്ങളുടെ നിർവചന പുസ്തകത്തിനുമപ്പുറമാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദുരന്തനിവാരണ അതോറിറ്റി കാര്യക്ഷമമാക്കി പൊതുജനങ്ങൾക്ക് അവബോധം പകരുന്നത് അത്യന്താപേക്ഷിതമാണ്. പ്രളയത്തിന് ശേഷമുള്ള ന്യൂറംബർഗ് വിചാരണയിൽ പ്രഥമ ദൃഷ്ട്യാ കുറ്റക്കാരൻ ജലമാണെന്ന് തോന്നാം. സൂക്ഷിച്ച് നോക്കൂ. അതിൽ നമ്മുടെ മുഖമല്ലേ കാണുന്നത്.

പ്രളയം നമുക്ക് വരുത്തി വച്ച് അരലക്ഷം കോടിയുടെ നഷ്ടം കൃത്യമായി നമുക്ക് നികത്താനായോ എന്ന് സംശയമുണ്ട്. എങ്കിലും 1% ജി.എസ്.ടി സെസ് ഉൾപ്പെടെ ഉള്ള നയങ്ങൾ നമ്മൾ ആപാതയിലാണ് എന്നുതന്നെയാണ് തോന്നിക്കുന്നത്. വ്യക്തമായ രൂപരേഖയോടെ പരിസ്ഥിതിയെ കണക്കിലെടുത്തുള്ള സുസ്ഥിരവികസനമാണ് നാം നടത്തേണ്ടത്. ജലവിനിയോഗവുമായി ബന്ധപ്പെട്ട് കൂടുതൽ പഠനങ്ങളും, അവബോധവും ഉണ്ടാവേണ്ടതുണ്ട്. പരിസ്ഥിതിയുടെ ചൂഷണത്തിന് നിയന്ത്രണങ്ങൾ കൊണ്ടുവരാനുള്ള ധൈര്യം നാം കാണിച്ചേ മതിയാവൂ. ലാറിബേക്കറിന്റെ 1974ലെ നിർമാണ റിപ്പോർട്ടും, ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടും വിമർശനാത്മ

ഉത്തേജിപ്പിച്ച ഈ ഗാനം, നമുക്കും ചേരുന്നത് നമ്മുടെ അതിശയിപ്പിക്കുന്ന അതിജീവനം നിമിത്തമാണ്. വെള്ളമിറങ്ങിയപ്പോൾ നമ്മൾ എങ്ങും കണ്ടത് മനം മടുപ്പിക്കുന്ന കാഴ്ചകളായിരുന്നു. എന്നാൽ തളർന്നിരിക്കാതെ നാം പ്രവർത്തിക്കാൻ തുടങ്ങി. ശുചീകരണയജ്ഞം ശരവേഗത്തിലായിരുന്നു തീർന്നത്. പ്രളയത്തിനു ശേഷം പടർന്നു പിടിക്കുമെന്ന് വിചാരിച്ചിരുന്ന സാംക്രമിക രോഗങ്ങൾ പോലും ആരും കണ്ടില്ല. അത്ര കൃത്യമായ ശുചീകരണ നയം നമുക്കുണ്ടായിരുന്നു. 1924ലെ പോലെ ഒരു രാഘവവാര്യരും, സേതുലക്ഷ്മി ഭായിയും അല്ല മുഴവൻ ഉദ്യോഗസ്ഥവൃന്ദവും, സർക്കാരും വിശ്രമമില്ലാതെ പണിയെടുത്തു. സർക്കാരിന്റെ സഹായധനം വളെരവേഗം തന്നെ എത്തി. പ്രളയത്തിന്റെ സമയത്ത് വന്ന മറ്റിടങ്ങളിലെ സഹായഹസ്തങ്ങൾ അതേപടി തുടർന്നതോടെ അതിജീവനം വേഗത്തിലായിരുന്നു. 99-ൽ ഗാന്ധിജിയങ്ങ് ഇന്ത്യയിലൂടെ നടത്തിയ സഹായാഭ്യർത്ഥന Stand with Kerala എന്ന ഹാഷ്ടാഗോടെ പുനർജ്ജനിച്ചു. സെലിബ്രിറ്റികളും മറ്റു പലരും ഒരു ദിവസത്തെ വേതനം കേരളത്തിനു നൽകി. കേരളത്തിന്റെ  സ്കൂളുകൾ 12 കോടി നൽകിയപ്പോൾ, കോളേജുകൾ 8 കോടി നകി. സ്വന്തം ഭൂമി ദാനം ചെയ്ത് അനിൽകുമാർ, സ്വാഹ..... എത്ര മറക്കാനാവാത്ത പേരുകൾ. ജപ്പാനിലൊക്കെ കാണുന്ന വേഗത്തിൽ, ഒരു മൂന്നാം ലോകരാജ്യത്ത് അതിജീവനം സംഭവിച്ചു എന്നതുതന്നെ മലയാളികളുടെ മഹത്വത്തെ കാണിക്കുന്നു. തെളിനീര് പോലെ ശുദ്ധമായിരുന്നു അന്ന് നമ്മുടെ മനസ്സ്. മടികൂടാതെ നമ്മൾ ഓണം ആഘോഷിച്ചു. ഒരുമാസംകൊണ്ട് പ്രളയത്തെ നാം ഏകദേശം മറക്കുകതന്നെ ചെയ്തു. അതിജീവനത്തിന്റെ സമയത്ത് ഒരൽപ്പം വിവാദം സൃഷ്ടിച്ചത് അഴിമതിയും, സാലറി ചലഞ്ചും മാത്രമായിരുന്നു.

**പുനർനിർമാമണ യജ്ഞം**

Our Lord has written the promise of resurrugtion not in book alone, but in every leaf in springtime

(Martin Luther)



കമായി വായിച്ചാൽ തീർച്ചയായും വഴികൾ തുറന്നു കിട്ടും. ഭാവിയെ മുന്നിൽകണ്ട് പുതുകേരളം കെട്ടിപ്പടുക്കുക എന്നതാവണം പുനർനിർമാണത്തിന്റെ ആത്മാവ്. സർക്കാരിന്റെ മാത്രം ബാദ്ധ്യതയല്ല ഇത്. ഇതുവരെ ചെയ്ത തെറ്റുകൾക്ക് പ്രായശ്ചിത്തമായുള്ള കാഴ്ചയുടേയും കാഴ്ചപ്പാടിന്റെയും മാറ്റമാവണം ഈ ഭഗീരഥപ്രയത്നം. ഭാവിയിൽ കേരളചരിത്രമെഴുതുന്ന ഒരാൾ പ്രളയത്തിനുശേഷം ഒരു പുതിയ ആകാശവും, പുതിയ ഭൂമിയും കണ്ടു എന്ന് എഴുതട്ടെ.

**പ്രളയാനന്തര വരൾച്ച**

This is the way which world ends, not with a bang, but with awhimper

(T.S.Eliot)

പണ്ടോറയുടെ പെട്ടിയിലെ ഒരു പ്രാണി മാത്രമാണ് പ്രളയം. വരൾച്ച എന്നൊരു യാഥാർത്ഥ്യം അതിനൊപ്പം കിടക്കുന്നുണ്ട്. നമുക്ക് പിന്നെയും പരിചിതമാണ് വരൾച്ച. എങ്കിലും പ്രളയത്തിനുശേഷം പെട്ടെന്ന് വരൾച്ച വന്നത് തെല്ലൊന്നുമല്ല അതിശയിപ്പിച്ചത്. വയനാട്ടിലെ കുഞ്ചിത്തണ്ണിയിൽ മണ്ണിരകൾ ചത്തുപൊന്തിയതോടെയാണ് അപകടം മനസിലാവുന്നത്. താമസിയാതെ നിറഞ്ഞു കവിഞ്ഞൊഴുകിയിരുന്ന പലപുഴകളും നീർച്ചാലുകളായി. മണ്ണിന്റെ ഘടനതന്നെ മാറിപോയി എന്ന് ശാസ്ത്രം പറയുന്നു. അത് ഇനിയും കെട്ടടങ്ങിയിട്ടില്ല.

ഇത് പ്രകൃതിയിലെ വരൾച്ച. ഒരു മാസത്തെ ആയുസ്സേ തെളിനീരുപോലത്തെ മലയാളിമനസ്സുണ്ടായുള്ളു. വീണ്ടും ജാതിയും, മതവും, രാഷ്ട്രീയവും പറഞ്ഞ് കൊടി പിടിച്ച് ഇറങ്ങിയതോടെ, മലയാളിമനസ്സും, വരൾച്ച ബാധിച്ച് ഊഷരമായി. വിഭാഗീയതയുടെ ഗന്ധമാണ് ഇപ്പോൾ കേരളം മുഴുവൻ. ഒപ്പം, മുരടിപ്പിന്റെ മടുപ്പും. എത്ര പ്രളയത്തിലേക്ക് ഈ വരൾച്ച വിരൽ ചൂണ്ടുന്നത്. ഇനിയും എത്ര ജീവൻ? അറിയില്ല.

വീടിനടുത്തുള്ള പോട്ടച്ചിറയിൽ പ്ലാസ്റ്റിക് മാലിന്യം ചെക്ക് ഡാം പോലെ പ്രവർത്തിച്ചതോടെയാണ് ചിറയുടെ കര മുങ്ങിപോയത്. പ്രളയം മാറി സൂര്യരശ്മികൾ പതിച്ചതോടെ, ചിറവൃത്തിയാക്കാൻ നാടുണർന്നു. ഇവിടെ മാലിന്യം നിക്ഷേപിക്കരുത് എന്ന് ആഘോഷപൂർവ്വം പ്രഖ്യാപിച്ചു. ഇന്നലെ പള്ളിയിൽനിന്നും മടങ്ങി വരുമ്പോൾ കാണുന്നത് വറ്റിവരണ്ട പോട്ടച്ചിറയാണ്. പതിവിലുമധികം മാലിന്യങ്ങൾ അതിൽ കുമിഞ്ഞ് കൂടിയിരിക്കുന്നു.

ഭാവി നമുക്ക് എന്നും ഡെമോക്ലീസിന്റെ വാളാണ്. ബർണാഡ് ഷാ പറഞ്ഞതുപോലെ ചരിത്രത്തിൽ നിന്ന് ഒന്നും പഠിക്കാത്ത ചരിത്രപഠിതാക്കൾ തന്നെയാണോ ഇന്നും നാം?

അലോക് പല്ലിശ്ശേരി
ഒന്നാം വർഷം
ബി.എസ്.സി. ഫിസിക്സ്





# മതിലുകൾ

എടീ ഞാനെന്റെ ബാല്യകാലത്തെ കളിക്കൂട്ടുകാരനെപ്പറ്റി പറഞ്ഞിരുന്നില്ലേ?

ഏത്? ഏറെക്കാലം തേടി നടന്നതോ?

അഹ് അത് തന്നെ. നീണ്ട പതിമൂന്ന് വർഷക്കാലം ഒരുമിച്ച് കളിച്ച് വളർന്നവൻ

എങ്ങനെ? ഇപ്പോൾ എവിടെ വച്ചാണ് കണ്ടത്?

ദുരിതാശ്വാസക്യാമ്പിൽ നമ്മുടെ കൂടെ കഴിഞ്ഞി-
രുന്നതിൽ അവരും ഉണ്ടായിരുന്നു. നമ്മുടെ
ഈ വില്ലയുടെ തൊട്ടടുത്ത വില്ല അവരു-
ടേതായിരുന്നുവെന്ന് ഇപ്പോളാണ് ഞങ്ങൾ രണ്ടാളുമറിഞ്ഞത്.

ഒരു മതിൽ ദൂരത്തിരുന്നിട്ടും ഇത്രകാലം നമ്മളവരെ കണ്ടില്ലല്ലോ?

ജിന്റോ ജോസഫ്
രണ്ടാം വർഷം
ബി.എ. മലയാളം



# അസാധാരണക്കാർ

സാധാരണമായി തീർന്ന ഒരു പാട് മൂല്യച്യുതികളാൽ നിറഞ്ഞ ആൾക്കൂട്ടത്തെയാണ് ഇന്ന് സമൂഹം എന്ന് വിളിക്കുന്നത്. ഇത്തരം അസാധാരണത്വത്തിൽനിന്ന് ഒഴുകിമാറി കാൽവയ്ക്കുന്നവർക്ക്, സാമൂഹ്യവിരുദ്ധർ എന്ന പേര് ചാർത്തപ്പെട്ടിരിക്കുന്നു. വിവേചനം എന്ന അന്തസത്തയാണ് ഈ സാധാരണക്കാരുടെ ഉള്ളിലെന്ന് മനസ്സിലാക്കിത്തരുന്നതാണ് ഇന്ന് ശബരിമലയിൽ നടത്തുന്ന ആചാരസംരക്ഷകരുടെ പ്രഹസനങ്ങൾ ഓരോന്നും.

ചോദ്യം ചെയ്തപ്പോൾ അസാധാരണക്കാരായി പോയവർക്കുവേണ്ടി

കാലം ഹരിക്കുന്ന അഥവാ മറികടക്കുന്ന പലതും കാലഹരണപ്പെട്ടു എന്നും പറയാം. പക്ഷെ കാലത്തിന്റെ അധികാരങ്ങളെ മനസ്സിലാക്കാനും അതിനൊപ്പം ചലിക്കാത്ത ചില വ്യക്തികൾ അവരുടെ ചിന്താഗതികൾകൊണ്ട് പിന്നിലാക്കപ്പെട്ടു. പക്ഷെ ഇല്ലാതാക്കപ്പെട്ടില്ല. കാലം എന്നും മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചു മാത്രം മുന്നോട്ട് നീങ്ങുമ്പോൾ മൂല്യച്യുതികളെ ഉയർത്തിപ്പിടിക്കുന്ന ആചാരങ്ങൾ അവഹേളനങ്ങൾക്ക് വിധേയമാകുന്നത് സ്വാഭാവികം മാത്രമാണ്.

“If the fundamental rights are opposed by the community, no law, no parliament, no judiciary can gaurantee them in the real sense of the word”

ഡോ. ബി. ആർ. അംബേദ്കറിന്റെ വാക്കുകൾ ഏറ്റവും ശരി വയ്ക്കുന്ന സംഭവങ്ങൾ കേരളത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന വിവേചനം എന്നത് നിലനിർത്തുന്നത് വിവേചിക്കപ്പെട്ടവർക്ക് മുകളിൽ ഒരു സ്ഥാനവും ആനുകൂല്യവും കിട്ടുന്നവർ മാത്രമാണ്.

മൗലിക അവകാശം ഒരു ആചാരത്തിൽനിന്നും ഉയർന്നു വന്നതല്ല. ആചാരം എന്ന മാനദണ്ഡം അതിനെ മുറിക്കാൻ ജനാധിപത്യരാഷ്ട്രം ആരെയും അനുവദിക്കുന്നില്ല. വിവേചനാത്മകമായ നിലപാടെടുത്ത് മുന്നിട്ടിറങ്ങിയ ആളുകൾ ഉണ്ട്, അത്തരം ചിന്താഗതിയുടെ വേരുകൾ പടർന്നിരിക്കുന്നത് പരോക്ഷമായി ഇന്നും മനുഷ്യത്വത്തിലും മേലേ നിൽക്കുന്ന ജാതിവ്യവസ്ഥ തന്നെയാണ്. യൂറോ-അമേരിക്കൻ ഫെമിനിസം സാമ്പത്തികവിവേചനത്തിന് ഊന്നൽ നൽകുമ്പോൾ ഇന്ത്യൻ ഫെമിനിസം ജാതിയുടേയും ദുരാചാരത്തിന്റേയും കനത്ത ചങ്ങലകളെ പൊട്ടിച്ചെറിയേണ്ടതുണ്ട് എന്നതിലാണ് ഊന്നുന്നത്. ജാതിയുടെ ചങ്ങലകൾ വലിഞ്ഞു മുറുക്കുന്നത് പലതരത്തിലുള്ള ആചാരങ്ങളിലൂടെ ആയിരുന്നു. ഉദാഹരണത്തിന് മാറുമറയ്ക്കാൻ അവകാശമില്ലായ്മ, ചേലാകർമ്മം അങ്ങിനെ തുടങ്ങുന്ന നീണ്ട നിര. ഇതൊക്കെ എന്തിനു വേണ്ടി സങ്കൽപ്പിക്കപ്പെട്ടു എന്നത് ഉത്തരം ആരും കേൾക്കാനാഗ്രഹിക്കാത്ത ഒരു ചോദ്യം ആണ്. ചിലരെ സംബന്ധിച്ച് ദൈവകോപത്തിന്റെ മുൾക്കീരീടങ്ങൾ മുന്നിലുണ്ട്. മറ്റു ചിലരെ സംബന്ധിച്ച് ആധിപത്യവും, ഉത്തരം കേൾക്കാൻ ആഗ്രഹിക്കുന്നവരും കൂട്ടത്തിൽ വിവേചിക്കപ്പെട്ടവരും ഒരു പോലെ സ്ഥാനം വഹിക്കുന്ന സ്വയം വിഭജിക്കപ്പെടുന്നതിൽനിന്ന് അടിമത്തത്തിൽ ഒന്നാമതെത്താൻ ശ്രമിക്കുന്ന സ്ത്രീകളെയും, ആധിപത്യത്തിൽ ഇരിക്കാൻ ആഗ്രഹിക്കുന്ന പുരുഷനെയും കാണാം. ശാസ്ത്രത്തെയും ശാസ്ത്രീയതയെയും നിഷ്പ്രയാസം തള്ളിക്കളയാൻ ദൈവം എന്നും പ്രഖ്യാപിക്കപ്പെട്ട ഭയത്തിന് പണ്ടേ കഴിഞ്ഞു. ജനനത്തിനും മരണത്തിനും ഇടയിലെ അസ്സൻന്മാഗ്ഗികളെ നിർണ്ണയിക്കുന്ന അനാചാരങ്ങളെ വെച്ചു പുലർത്തുന്ന വിവേകശൂന്യരുടെയും കൂടെയാണ് ഈ സമുഹത്തിൽ ഞാൻ ജീവിക്കുന്നത് എന്ന തിരിച്ചറിവ് സ്വയം പുച്ഛിച്ചുനോക്കാൻ പ്രേരിപ്പിക്കുമ്പോൾ, ഞാനടങ്ങുന്ന സ്ത്രീകളെ അഥവാ



എന്നിലെ പ്രകൃതിദത്തമായ പ്രവർത്തനത്തെ അതും എന്റെ തെറ്റു കൊണ്ടല്ലാത്ത സ്വാഭാവികത മാത്രം ഉള്ള ഒരു ശരീരികപ്രക്രിയയെ അശുദ്ധി കൽപ്പിച്ച് അചാരങ്ങളേയും അതിന് വെളിച്ചം കാണിച്ച മനുഷ്യരേയും എന്നെക്കൊണ്ട് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല എന്ന നിഷ്ക്രിയത്വം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന നിസ്സംഗതയും ആയിരുന്ന ഈ ശബരിമല വിഷയം എന്നിലേക്കടുപ്പിച്ച വികാരം.

ശബരിമലയിൽ സ്ത്രീയെ കയറ്റാത്തതെന്തുകൊണ്ട് എന്ന ചോദ്യത്തിന്, സ്ത്രീ ആർത്തവസമയങ്ങളിൽ അശുദ്ധയാണ് എന്ന ഉത്തരം തരാൻ ആചാരസംരക്ഷകർക്ക് കഴിഞ്ഞു. എന്തുകൊണ്ട് സ്ത്രീ അശുദ്ധയായി എന്ന ചോദ്യത്തിനോ? മാനവരുടെ പിറവിക്ക് അനിവാര്യമായ ആർത്തവവും രക്തവും അശുദ്ധമായി എല്ലാത്തിനും ഉപരിയായി ഹിന്ദുവിസം എന്ന് പറയുന്നത് ബ്രാഹ്മണ്യസമൂഹത്തിന്റെ മേൽക്കോയ്മ കാട്ടാനുള്ള ഒരു വാക്കായി മാറി.

തനത് പാരമ്പര്യങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും പാലിച്ച് പോന്നിരുന്ന ഒറ്റപ്പെട്ട ചില കൂട്ടങ്ങളായി മാത്രം പല ഗോത്രങ്ങളും മണ്ണടിഞ്ഞിരിക്കുന്നു. പഴയ കാലത്തിന്റെ ആധുനികതയായി പണ്ട് പിറവിയെടുത്ത ബ്രാഹ്മണ്യചാരങ്ങൾ അടിച്ചേൽപ്പിക്കുകയും അംഗീകരിക്കപ്പെടുകയും ചെയ്തപ്പോൾ മേൽപ്പറഞ്ഞ തനതു സംസ്ക്കാരങ്ങൾ ഇല്ലായ്മ ചെയ്യപ്പെട്ടു അഥവാ കാലഹരണപ്പെട്ടു. അവിടെ ഇല്ലാത്തവരെല്ലാം കീഴടങ്ങി.

സാങ്കൽപ്പികവിശ്വസങ്ങളിൽ അടിമപ്പെട്ട അഭയം തേടുന്ന ഒരു വിശ്വാസിയുടെയും തലയിൽ ഇത്തരം യാഥാസ്ഥിതികത കടന്നു ചെല്ലുകയില്ല.

ആചാരങ്ങളെ അംഗീകരിക്കുന്നവരെ മാത്രം അവർ വിശ്വാസികൾ എന്ന കൂട്ടത്തിൽ പെടുത്തുകയുള്ളു. ഇത് ശോഷിച്ച് കാലക്രമേണ ഇല്ലാതാകട്ടെ. കേരളം എല്ലാതരം വിവേചനങ്ങളിൽനിന്നും മോചനം നേടിയ ഒരോതവണയും, ഉദാഹരണത്തിന് മാറുമറയ്ക്കൽ സമരം, ഇത്തരത്തിൽ എതിർത്തവർ വിവേചിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നു കരുതി ഏത് സ്ത്രീയാണ് വസ്ത്രമില്ലാതെ കേരളത്തിൽ നടക്കുന്നത്. വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ എല്ല മേഖലകളിലും വിവേചനരഹിതമായി ഒരു സമൂഹം ഇന്ന് നിലനിൽക്കുന്നുണ്ടെങ്കിൽ നാളെ വിവേചനപരമായി ആചാരങ്ങളും തിരുത്തപ്പെടും, പുരുഷകേന്ദ്രിതമായ മത-വിശ്വാസലോകത്തിന്റെ പൊള്ളത്തരം ഇന്ന് വിശ്വാസി സമൂഹം പതിയെ തിരിച്ചറിയുന്നുണ്ട്

അന്തപ്പുരത്തിൽ ഇരുന്ന് അണിഞ്ഞൊരുങ്ങാൻ വിധിക്കപ്പെട്ട സ്ത്രീയുടെ ചരിത്രം കേരളത്തിലെ ഒരു ന്യൂനപക്ഷത്തിന്റെ മാത്രം ആയി ഒതുങ്ങേണ്ടതിന് പകരം ഞാറുനട്ട്, കൊയ്ത് അന്നം തന്ന അമ്മമാരുടെ ചരിത്രത്തെ അത് മൂടിവെക്കുന്നുണ്ട്.

മാനുഷികമായ ഒരു ആചാരത്തിൽ ഒതുങ്ങി പോകേണ്ട ഒന്നല്ല സ്ത്രീ. ഞാനൊരു സ്ത്രീയാണെന്ന് പറയുന്നിടത്താണ് പണ്ടേ പറയേണ്ടിയിരുന്നത് ഞാനൊരു മനുഷ്യനാണെന്നായിരുന്നു.

അയന പ്രസാദ്
മൂന്നാം വർഷം
ബി.എ. എക്കണോമിക്സ്





# അതിജീവനം

ദുരിതാശ്വാസ
ക്യാമ്പിൽ നിന്നൊരു
ശബ്ദം കേട്ടു...

“ഞങ്ങൾ അതിജീവിക്കുമെന്ന്”

ഉള്ളിൽ കനലെരിയുമ്പോഴും
കണ്ണിൽ വിപ്ലവം
ഒളിപ്പിച്ചവരുടെ ഉറച്ച ശബ്ദം







# IPC 377

അടുത്തിടെ കൃത്യമായി പറഞ്ഞാൽ 2018– സെപ്റ്റംബർ 6ന് സുപ്രീം കോടതി 2 സുപ്രധാന വിധികളിലൂടെ സ്വവർഗ്ഗാനുരാഗത്തെ ക്രിമിനൽ കുറ്റങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കുകയുണ്ടായി. അതു വരെ IPC Section 377 പ്രകാരം സ്വവർഗ്ഗാനുരാഗം ശിക്ഷാർഹമായ ക്രിമിനൽ കുറ്റങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. സുപ്രീം കോടതിയുടെ 5 ജഡ്ജിമാർ അടങ്ങുന്ന ഭരണഘടനാ ബെഞ്ച് ആണ് ചരിത്രപരമായ ഈ വിധി പ്രസ്താവിച്ചത്. 158 വർഷം പഴക്കമുള്ള വിധിയെ യുക്തിഹീനവും ഏകപക്ഷീയവും ദുർഗ്രഹം എന്നും ബെഞ്ച് വിശേഷിപ്പിച്ചു. അപ്പോഴത്തെ ചീഫ് ജസ്റ്റിസ് ആയിരുന്ന ദീപക് മിശ്രയും ജസ്റ്റിസ് എ.എം കാൻവിൻക്കറും ലൈംഗിക സ്വാതന്ത്ര്യത്തെ വ്യക്തി സ്വാതന്ത്ര്യത്തിന്റെയും തൂണുകളിൽ ഒന്നാണെന്നും വിശേഷിപ്പിക്കുകയും അതുകൊണ്ടുതന്നെ സ്വവർഗ്ഗാനുരാഗം തെറ്റല്ലെന്നും ചൂണ്ടിക്കാട്ടുകയും ചെയ്തു. ഈ വിധി ഒരു മനുഷ്യാവകാശ വിജയം ആയിട്ട് കൂടിയും ഇതിനെ ഇന്ത്യയിൽ ഭൂരിഭാഗം വരുന്ന യാഥാസ്തിതിക ചിന്താഗതിക്കാർ ഭാരതീയ സംസ്ക്കാരത്തിന് വെല്ലുവിളി എന്നൊക്കെ മുദ്ര കുത്തി വിമർശിക്കുന്നുമുണ്ട് മറുവശത്ത്. ഇത്തരം ആളുകൾ സ്വവർഗരതിയെ ഒരു രോഗമായും പ്രകൃതിവിരുദ്ധമായും കണക്കാക്കുന്നു. വിധി വന്നപ്പോൾ പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടിയുടെ നേതാക്കളാരും ലൈംഗിക ന്യൂനപക്ഷങ്ങളെ അഭിനന്ദനങ്ങൾ അറിയിക്കാൻ രംഗത്തെത്തി



യില്ല. അവരെ തുറന്നു പിന്താങ്ങിക്കൊണ്ടിരുന്ന സർക്കാരിനെ ഇക്കാര്യത്തിൽ പഴി ചാരാൻ കഴിയില്ല. കാരണം വിധി സുപ്രീം കോടതിയുടേതാണ്. വിധി പുറപ്പെടുവിക്കുന്നതിന് മുൻപ് സ്വവർഗാനുരാഗികൾക്ക് വൈദ്യ സഹായം ലഭിക്കുവാൻ ഒട്ടനേകം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിയിരുന്നു. എന്നാൽ ഇനി അവർക്ക് പരസ്യമായി ലൈംഗികസംബന്ധമായ ആവശ്യങ്ങൾക്ക് ചികിത്സാസഹായം തേടി ആശുപത്രികളെ സമീപിക്കാവുന്നതാണ്. അതിനാൽ ഈ വിധിയിലൂടെ ഇത്തരം ആളുകളുടെ ആരോഗ്യബോധത്തിൽ വർദ്ധനവ് വന്നേക്കാം. ജസ്റ്റിസ് ഇന്ദു മൽഹോത്രയുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ഈ വിഭാഗത്തിൽപ്പെട്ട ആളുകളോടും അവരുടെ കുടുംബങ്ങളോടും ചരിത്രം ക്ഷമ ചോദിക്കേണ്ടിയിരിക്കുന്നു, അവർ അനുഭവിച്ച കഷ്ടതകൾക്ക് പരിഹാരം കാണാൻ ഇത്രയേറെ വൈകിയതിൽ.

എന്നാൽ നിയമങ്ങളിൽ മാറ്റം വന്നതുകൊണ്ട് മാത്രം പ്രശ്നങ്ങൾ തീരുകയില്ല. മാറ്റം വരേണ്ടത് സാമൂഹിക കാഴ്ച്ചപ്പാടുകളിൽ ആണ്. ആയതിനാൽ ഈ വിധിയുടെ നടപ്പാക്കൽ തുടങ്ങേണ്ടത് സമൂഹത്തിന്റെ താഴെത്തട്ടിൽ നിന്നാണ്. ഒരു രാജ്യത്തെ ഭൂരിഭാഗം വരുന്ന ആളുകളുടെ കാഴ്ചപ്പാട് മാറ്റിയെടുക്കുക പ്രയാസം ഏറിയ കാര്യം ആണെങ്കിൽ കൂടിയും അത് ഈ ഘട്ടത്തിൽ അനിവാര്യമായ ഒന്നു തന്നെയാണ്. ഏതാനും ചില മാർഗങ്ങൾ ശരിയായ രീതിയിൽ സ്വീകരിച്ചാൽ ഇന്ത്യയെ നമുക്ക് ലിംഗസമത്വത്തിന്റെ നാടാക്കി മാറ്റാം. അതിൽ പ്രധാനം ലൈംഗിക ന്യൂനപക്ഷങ്ങളെ കുറിച്ച് സമൂഹത്തിൽ ഒരു അവബോധം ഉണ്ടാക്കി എടുക്കുക എന്നതാണ്. ഇത്തരം ആളുകൾക്ക് എതിരെയുള്ള ആക്രമണം പരമാവധി തടയുക, അവർക്ക് വിവാഹം, ദത്തെടുക്കൽ, സ്വത്തവകാശം മുതലായ കാര്യങ്ങളിൽ തുല്യതയും നീതിയും ഉറപ്പാക്കുക എന്നത് മേൽപ്പറഞ്ഞ മാർഗങ്ങളിൽ ചിലതാണ്. ഇവർക്ക് സർക്കാർ പ്രാതിനിധ്യം നൽകുക വഴി അവരുടെ പ്രശ്നങ്ങൾ ഉന്നയിക്കാൻ അവർക്ക് ഒരു അവസരം കിട്ടിയേക്കാം. സ്കൂളുകളിൽ ശരിയായ ലൈംഗിക വിദ്യാഭ്യാസം നൽകുന്നതിലൂടെ കുട്ടികൾക്ക് അവരുടെ ലൈംഗിക താൽപര്യങ്ങളെക്കുറിച്ച് ധാരണലഭിക്കുകയും ഉയർന്നു ചിന്തിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യും. ഇതിലൂടെ ഭാവിയിലെ സാമൂഹിക കാഴ്ചപ്പാടുകൾക്ക് മാറ്റം വന്നേക്കാം എന്ന് നമുക്ക് പ്രത്യാശിക്കാം. എന്തായാലും ഈ വിധിയെ മാറ്റത്തിലേക്കുള്ള ഒരു ചുവടുവെപ്പായി നമുക്ക് നോക്കിക്കാണാം. ഏതൊരു വിഷയത്തിനും അതിന്റേതായ നല്ല വശവും ചീത്ത വശവും ഉണ്ട്. അതുപോലെത്തന്നെ ഈ വിഷയത്തിനും നല്ലതും ചീത്തയും ആയ വശങ്ങൾ ഉണ്ട്. ഭരണഘടനാപരമായ ധാർമികതയെക്കാൾ മാനുഷിക ധാർമികതക്കാണ് നാം കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്; വ്യക്തി സുരക്ഷയ്ക്കാണ് പരമപ്രാധാന്യം. അങ്ങനെ നോക്കുമ്പോൾ ഈ വിധിയിൽ സുരക്ഷാവീഴ്ചയുടെ അടയാളങ്ങൾ കാണാം. ഇത് മേൽപ്പറഞ്ഞ വിധിയുടെ ഒരു പാളിച്ച തന്നെയാണ്.

ആദിത്യൻ വിനോദ്
രണ്ടാം വർഷം
ബി.എ. ഇംഗ്ലീഷ്



# So Much More to Over come.....

I remember sitting in the gender studies class, When i heard my phone vibrate on 28th of September, 2018. On any other day, I would possibly have overcome the temptation to open my bag and take a quick peek into my phone, but that day was different. I was awaiting a verdict and a historic verdict it was - “SC allows women of all age groups to enter temples,” was that the message in my phone. I am blissfully unaware of what the remaining lecture of that hour was about, because my mind had flown back to the innumerable arguments and heated debates that i had got into in class with classmates and friends who had a completely different opinion about the issue. That day would be no different, I knew.

I was aware that this particular supreme court verdict was not one that people in Kerala were eagerly looking forward to, but had the situation not been similarly when the Temple Entry Proclamation had been passed in 1936? Had the Channar Proclamation not been met with the same kind of outrage in 1859? Kerala had witnessed such angst before. This one too would pass. A couple of years later, we would probably witness hoardes of young women clad in black clothes and Thulasimalas clamber up the Sabarimala, exhausted, but happy. But I was wrong.



A week later, what i got to witness was that a state that boasted so much of its high literacy so much of its high literacy rates and empowered women was stuck in the dirty muck of political vendetta, strike religious bigotry and a consequent declaration of section 144 at Nilakkal, Sannidhanam, Pamba and Elavungal. I was not surprised this outbreak. What shook me up completely was the sight of thousands of Ayyapa Bhakts attacking vehicles carrying women, manhandling them and chasing them away. The entire argument had been about preserving the purity of Sabarimala was such physical and Verbal abuse of women part of maintaining the sanctity and purity of the Ayyappa Temple? One gender was fighting another gender to protect a god whom they had never seen and they knew nothing about. As usual, men played their masterstroke really well this time too - They made women stand up against women.

It was barely 3 months back that an entire population of this state, men and women alike had stood up bravely in defence against the war that nature had waged on them. Thousands of men had waded in neck - deep water to save women - young and old and pregnant. The very hands that had struggled to pull women out of death were now the ones armed with clubs and lathis to beat up women being seen in the nilakkal vicinty.

The entire episode taught me a valuable lesson - women in Kerala can stay empowered and happy as long as their happiness and empowerment stays well out of the vicinity of male comfort. The moment men sense a female presence in that vicinity, all hell breaks loose.

Outside college, the scenario was no different. Travelling by buses meant that i got to see a bus dividedinto compartments for men and women. The front rows are female territory where no man dares to venture, while women going and sitting on rear seats is out of question. If a man happens to see an unreserved seat empty, but a woman perched next to it, he'd rather stand for an hour till he reaches his destination. This kind of segregation, in a state that boasts of the highest literacy rates in the country is quite a dichotomy.

When film actor parvathy spoke of misogyny in cinema at the IFFk - 2017, the kind of online abuse that opened up,hit an all - time high. She was issued rape threats and death - threats for one mistake she committed - she spoke her mind. In a state that is ruled by a CPI(M) led government that has always stood tall and high for individual freedom, that has been against autocracy of any sort, how did a women's expression of opinion open up to so much of hate against her? I saw sexual jokes about her being celebrities - men and women come out and lambast her for daring to malign a star as big as Mammootty. The question here is, was Mammootty the issue or was the uproar caused by the simple fact that parvathy is a woman? Would a male counterpart with the same opinion face the same fate?



Every minute of living here i feel vulnerable and the need to be careful about everything my body, my choice of clothes, my words and even the time i decide to step out of my house. I feel the constant need to convince others that i am a girl with good morals, something i never experienced in nearly two decades of living Uttarpradesh a state known for its ramopant crimes against women.

When the flood hit Kerala in August 2018, i got to see a more united people infused with softer sentiments. I believed that the calamity had brought out their hidden sensitivity and emotion. But ,I was wrong. If a calamity can unite man and woman , ayyappan and Mammootty are enough to turn man against woman.

A few days back, I overheard my landlady talking to her pregnant daughter on phone. The boy's family supposedly wanted a boy at any cost. The worried mother was asking her daughter if there was any means of getting to know the child's sex. are such conversations not similar to the ones mothers and married daughters have in Rajasthan, Haryana and Bihar? I realized then, that newspaper survey reports about Kerala are in stark contrast to the actual picture on the other side of the moon.

We overcome the floods, but there is so much more left to be overcome...

Alphy Tom
III$^{rd}$ B.A. English &
History (Double Main)



# CHRIST COLLEGE (AUTONOMOUS), IRINJALAKUDA
# ANNUAL REPORT 2017-18

## INSTITUTIONAL ACHIEVEMENTS& MAJOR EVENTS

1. Our Founder Principal Padmabhooshan Fr. Gabriel Chiramel CMI left us on 11th May 2017. He led the College from 18-06-1956 to 31-03-1975. We will lack his patronage in the coming years.
2. Dr. Fr. Jose Thekkan CMI Respected Principal of Christ College (Autonomous) was expired on 25th July 2017 after unsuccessful heart transplantation at Fortismalar Hospital Chennai. The mortal remains of our beloved Fr. Jose Thekkan was cremated on 28th July 2007 at Christ Bhavan, Irinjalakuda. He served the College from 15-10-2007 to 25-07-2017 and under his Leadership College has grown tremendously. Presently we have twenty undergraduate Programs and 16 Postgraduate programs.
3. Demise of Dr. K. Chandran, Head, Department of English & History Double Main on 8th December 2017 was another sad day to be recorded in this academic year.
4. College was rated to 17th in the nation during the NIRF (National Institutional Ranking Framework) ranking conducted by Ministry of Human Resources, Govt. of India on 21st April 2017. Our college stood first in Kerala in the same NIRF ranking.
5. Christ College was awarded the Best College award for Sports and Games in University of Calicut in May 2017.
6. Arete 2017 was organized to commemorate this monumental achievement on 22nd July 2017. Education Minister of Kerala Prof. C Ravindranath was the Chief guest of the program. Rev Fr. Jacob Njerinjambilly, Manager, Christ College (Autonomous), presided over the function.
7. The first batch (After the College received the autonomous status) of students (Postgraduate) passed out this year and merit day (Christ Convocation ceremony was organized on 20th December 2017 in the College Auditorium. Honorable Vice Chancellor of University of Calicut Dr. K. Mohammed Basheer awarded the certificates for the students. Dr. V VGeorgekutty, Controller of Examinations, Pareeksha Bhavan, University of Calicut distributed the rank certificates. Fr. Walter Thelapilly CMI, Provincial, CMI Devamatha Province presided over the function.
8. The farewell meeting was conducted to honour the retiring staff on 28th February 2018, for which Dr. T K Narayanan, Hon. Vice Chancellor, Kerala Kalamandalam deemed University was the Chief guest and the function was presided over by Rev. Fr. ShajuEdamana CMI, Councillor of Education, Devamatha Province

## RETIRING STAFF MEMBERS

This year two of our Staff members are retiring from service

1. Dr. Pious K Jacob- Head, Research and Post Graduate Department of Zoology
2. Major Dr. Jacob George, Head, Department of Physical Education

## NEW APPOINTMENTS

Following teachers were appointed in the College during this academic year

| No | Teacher | Department |
|---|---|---|
| 1 | Prof. Anusha Mathew | Department of Functional English |
| 2 | Prof. Edwin Jose | Research and PG Department of Physics |

| | | |
|---|---|---|
| 3 | Prof. Bintu T Kalyan | Department of Physical Education |
| 4 | Dr. Abhilash Peter | Research and PG Department of Zoology |
| 5 | Dr. Binu R | Research and PG Department of Zoology |
| 6 | Dr. Bejoy C | Research and PG Department of Zoology |
| 7 | Prof. Jebin Davis | PG Department of Commerce |
| 8 | Prof. Muvish K M | PG Department of Commerce |
| 9 | Prof. Renson John | PG Department of Commerce |
| 10 | Dr. Dijo Damien | Research and PG Department of Chemistry |
| 11 | Prof. Ann Mary Cheriyan | PG Department of Economics |

**Fr. Sibi Francis** was appointed as the Librarian of the College

**LIST OF AWARDS AND RECOGNITIONS TO TEACHERS**

1. Fr. Joy Peenikkaparambil received the meritorious G. V. Raja sports award for best Physical Education Teacher

**UNIVERSITY & AUTONOMOUS RANKS**

A. College achieved following ranks in the University of Calicut Exams (Last Undergraduate batch under University pattern-2014-17 batch)

1. Ms. Ankitha – First Rank – BSc Physics
2. Ms. Sneha Johny – First Rank – BA Economics
3. Ms. Anju Joy- First Rank- BSc Chemistry
4. Mr. Abhiram K – First Rank- BSc Geology
5. Ms. Savitha C S – Second Rank-B.Sc Mathematics

B. Following students achieved first place in the Autonomous exams- First PG Batch under Autonomy pattern

| **STUDENT** | **Course** |
|---|---|
| ANJALI. K C&K G SILPA | MSc Botany (2) |
| KAVYA RATHEENDRAN | MSc Applied Geology |
| ATHIRA THILAKAN | M Com |
| ANCY JOHNSON | MA History |
| NIVEDA SEBASTIAN | MA English Language & Literature |
| NIJIL JACOBI | MA Economics |
| MERINROOTH. P.R | MSW |
| SRUTHI SIVADAS | MSc Zoology |
| FLEMY FRANCIS | MSc Statistics |
| NITHYA.K.S | MSc Physics |
| AISWARYA MENON .P | MSc Mathematics |

| | |
|---|---|
| SREEPRIYA NATHAN.V | MSc Environmental Science |
| PARVATI V RAVEENDRAN | MSc Clinical Psychology |
| RESHMA VARGHESE | MSc Chemistry |

**HIGHLIGHTS OF ACHIEVEMENTS BY STUDENTS**

1. College achieved third position this year in D zone competitions.
2. Our student Sreekrishnan Namboothiri reached up to the finals of "Speak for India" contest conducted by Mathrubhumi and Federal Bank

**CONFERENCES/ SEMINARS/ WORKSHOPS ORGANIZED BY DEPARTMENTS**

1. Department of Economics conducted a One day Seminar on "GST-Impact on Indian Economy" on 20th July 2017 for which the resource person was Dr. Jose Sebastian of Gulati Institute of Finance and Taxation, Thiruvananthapuram
2. Department of Economics in association with Indian Institute of Public Administration conducted a one day National Seminar on "Union budget 2018-19; A Political Document for 2019"
3. Department of Zoology conducted a one day seminar on "Strategies to slash our lifetime risk of developing or dying from Cancer" 16th August 2017 for which the resource person was alumnus of the Department Dr. Rajesh Kumar N V, the GarshomYuvaPravasi Award Winner who is presently working as Senior Manager, Human Therapeutics Division of Intrexon Corporation.
4. Padmabhooshan Rev. Fr. Gabriel Chiramel memorial "Intercollegiate Biodiversity Quiz Competition" was conducted by Department of Zoology on 18th August 2017
5. Two day seminar on the topic "Faunal Diversity and Recent Trends in Animal Taxaonomy" was conducted by Department of Zoology on 20th and 21st December 2017 for which the inauguration and keynote address was delivered by Dr. K K Joshi, Principal scientist, CMFRI, Cochin.
6. Department of Commerce conducted an awareness programme on the topic "How to invest in Capital Market" on 22nd June 2017 for which the resource persons were Mr. Navin, Portfolio Manager, Birla Sunlife Insurance, & Mrs. Janaki, Manager, Geojit Financial Sevices Ltd.
7. Sri K J Joseph Endowment lecture on GST was conducted by PG Department of Commerce on 30th June 2016 and the resource person for the event was Mr. Paul ML, Associate Professor of Gulati Institute of Finance and Tax, Trivandrum.
8. Two day state level workshop on SPSS was condcuted by PG Department of Commerce on 30th June and 1st July of 2017. Resource person for the event was Dr. Saji T G, Associate Professor, Govt. College, TCR.
9. On 12th July 2017, PG Department of Commerce conducted a One day seminar on the topic "The Roll Out of GST- The Biggest Tax Reform of Independent India" for which the resource person was Vijayanachari S, Chairman, Institute of Tax practitioners of India, Kerala Chapter.
10. One day seminar was conducted on 18th July 2017 on the topic "Career in Banking & Finance" by PG Department of Commerce and the resource person was Mr. Janardhanan R, Director of NIIT, Thrissur
11. National Symposium on "GST-One Nation, One Market and One Tax" was conducted by PG Department of Commerce on 21 July 2017 for which the resource persons were alumni of the Department Mr. Sachin Menon, Head, Indirect Tax, KPMG, Mumbai & Mr. V. Krishnakumar C A.

12. An invited talk on the topic “Budget 2018- Tax Implications and Strategies” was conducted by PG Department of Commerce and Management Studies on 14th February 2018. Resource person for the event was Dr. Saji T G, Associate Professor, Govt. College, TCR
13. Department of Geology and Environmental Science, Irinjalakuda organized a National seminar on “Biodiversity conservation and solid waste management” as part of Paristhithikam 2017 on 06th November 2017.The programme was funded by Directorate of Environment and Climate Change, Thiruvananthapuram. The programme is inaugurated by Mr. Renjan Mathew Varghese, state director World Wildlife Fund- India
14. In connection with World Ozone Day celebrations for the year 2017 Department of Geology and Environmental Science organised a talk on ‘The story of ozone hole, Vienna convention and Montreal protocol’ by Dr. Manju N.J, Assistant Prof., Dept. of Geology and Env. Sc.
15. Department of Geology and Environmental Science arranged an invited lecture on “ Meteorite studies using noble gases’ by Dr. Ranjith Kumar PM, Researcher at Institute of Geology and Geophysics, Chinese Academy of Sciences, Beijing, China on 22-02-2018.
16. PG and Research Department of Chemistry conducted an All Kerala Intercollegiate presentation topic on “Chemistry in Nanotechnology” on 16th January 2018.
17. Mathematics Department conducted a one day talk on :Graphs and platonic solids by Dr.Anjaly Kishore, Assistant Professor, vimala college thrissur on 03.10.2017 in association with mathematics association inauguration.
18. One Day Lecture On Number Theory By Dr.M.Manikam, Director, Kerala School Of Mathematics, Kunnamangalam On 19.12.2017 In Association With National Mathematics Day was conducted by Department of Mathematics
19. An intercollegiate Quiz competition was conducted by Mathematics Department on 18.12.2017

**MAJOR SPORTS ACHIEVMENTS**

1. Our Men Netball team achieved first prize in Thrissur District Net Ball Championship and our women team achieved second prize
2. This year we were champions of St. Chavara Football championship
3. Our Hockey team stood second in Calicut University Hockey championship
4. We were the Champions in University of Calicut for Archery and Badminton Competitions
5. Our Men Netball team achieved first prize in Thrissur District Handball Championship.

**PROGRAMMES ORGANIZED BY CLUBS**

**National Cadet Corps (NCC)**

1. This year ANO Dr. Jacob George retired from his service
2. Ashik Mathew attended RD parade

**National Service Scheme (NSS)**

1. The NSS Units of Christ College started a new venture called SAHAJ “Natural Vegetable seeds Conservation Unit” which was Inaugurated by the Agricultural Minister of Kerala Shri. Sunil Kumar.
2. Our NSS Volunteers have been cultivating ***Cheera*** in the Polyhouse and sold it out to the students, staff and the non-teaching staff of the college

3. The NSS Volunteers were trained to make **GROW BAGS** from old Flex Banners. Shri.Jose and Shri.Nandanan (Environmentalist) taught our students to make Grow Bags.
4. On 27th Sep, 2017 the NSS Units of Christ College and the Co-operative hospital Irinjalakuda conducted a Rally from the Irinjalakuda bus stand to govt. taluk hospital. The rally was preceded by a flash mob by our NSS Volunteers and demo of how to overcome Heart Attack by the Cardiologist of the co-op Hospital.
5. On october 2nd the NSS Volunteers of Christ College, helped the govt. taluk hospital of Irinjalakuda in cleaning the premises and painting the beds and oxygen cylinders.
6. During this academic year our volunteers acted as resource persons for making paper bags, flex banner bags and paper pens to volunteers of Prajyothi Niketan College, Govt College Kuttanelloor and St. Josephs College

**Catholic Students Association (CSA)**

1. CSA conducted leadership training programme for first year students on 10th July 2017
2. On 7th February 2018, CSA conducted the Preliminary competition for All Kerala All Kerala Chavara Extempore Competition
3. CSA conducted an Inter Collegiate Mar Clemens Memorial Elocution Competition on 22nd February 2018at Christ College. The winners of the competition were awarded with trophies and cash prizes.

**Thavanish**

1. This year thavanish a group of socially committed teachers and students held an innovative program in the name –Savishkara-. The program to bring out the talents of differently abled students was conducted on 6th and 7th September 2017.
2. Members of Thavanish visited Wathumaram tribal colony and donated dresses collected through the Dress Bank on 14th August 2017
3. In another timely program, Thavanish members released relief for survivors of Oakhidiasater at GUPS relief camp, Azhikode on 4th December 2017
4. Thavanish in association with KILA thrissur and Thrissur Grama Panchayath has started a Vayojana survey in the Muncipality of Irinjalakuda
5. Thavanish members distributed grocery kits worth Rs. 500 to thirty poor families in and around Irinjalakuda on 14th July 2017.
6. On 30th December 2017, Thavanish celebrated New year with inmates of Providence Home (home for destitutes)

**Readers Club**

1. Readers Club started functioning in the College. This year 23 books of various genres were reviewed by the students
2. Along with DC Books Irinjalakuda a mega book fair was arranged in College campus by the readers club members on 19th and 20th October 2017
3. On 2nd November 2017 Readers Club arranged an invited talk on the topic " Ezhuthum Vayanayum" for which the resource person was renowned writer Sri Alencode Leelakrishnan
4. An invited talk on the topic "Dreams" was conducted for which the resource person was Sri Abhilash C.

**Bahuswara (Disability Cell)**

1. 2017-2018 academic year activities of BAHUSWARA was formally inaugurated by Prof. Richard Hay M P(Member of Parliament) on 12th September 2017. Christ College, Manager Fr. Jacob

Njerinjapilly CMI presided over the function. Dr. Jose Joseph Chazhookkaran, Christ College alumini and benefactor was the chief guest.

2. During the inaugural function wheel chair and audio player/recorders were distributed to deserving students.
3. A Short film 'Akakannu' was also screened (a short film acted by visually impaired persons, directed by Gafoor Abhinaya)
4. A three day camp 'SEDA 2018'(**Skill Exchange for Differently Abled)** was organised by BAHUSWARA (disability cell), Christ college in association with JOTHIRGAMAYA FOUNTATION, Thiruvananthapuram on 25, 26 & 27th January 2018 at college seminar hall. The camp was attended by forty members including few parents of differently abled students and by visually impaired persons other than college students.

**INFRASTRUCTURE DEVELOPMENT**

1. Two ramps were constructed in College Auditorium for the disabled. The inauguration of these ramps was done by Dr. Jose Chazhookaran our alumnus on 16th January 2018.
2. Construction of new class rooms are going on near to Library which is expected to be complete by May 2018.
3. The tennis court construction is under full swing and will be completed by March 2018.
4. Our dream project "Padmabhooshan Fr. Gabriel Chiramel Indoor Stadium" is lagging a bit but we hope for its completion very soon
5. Very happy to inform you that the Construction of new pavilion in the Athletic Stadium with the help of Kerala Solvent Extraction Limited is complete and will be inaugurated on 05th March 2018.

**PRINCIPAL,**
**CHRIST COLLEGE (AUTONOMOUS),**
**IRINJALAKUDA**

# ഞാനാകാൻ

എനിക്കു ഞാനായ് നിൽക്കാൻ
തടസ്സമാകുന്നവയെ, വെറുതെ
അടിച്ചൊതുക്കുക അസാധ്യം
മെല്ലെ വകഞ്ഞുമാറ്റാൻ വയ്യ
മെരുക്കിടാനേ ആകൂ
കൂടെ നിറുത്തിടാനേ നോക്കൂ
ഞാനായ് നിൽക്കുവതല്ലേ
സുകൃതം, ജീവിതവിജയം
നനയ്ക്കില്ല ഞാനൊരു കണ്ണും
പിടയ്ക്കാനിടയാക്കില്ലൊരു നെഞ്ചും
എനിക്കു ഞാനായ് നിൽക്കാൽ
മെരുക്കിടും ഞാനെല്ലാം
ഇല്ലേൽ കുരുക്കിടും അവയെന്നെ
എന്നിൽ നിന്നു വിദൂരത്തിൽ
എന്നിലേക്കണയാനാകാതെ.

ആൽഫി ബിജു
രണ്ടാം വർഷം
ബി.എ. എക്കണോമിക്സ്



# ഭ്രഷ്ട്

നമ്മുടെ നാട് കണ്ടതിൽ വച്ച് ഏറ്റവും വലിയ ഒരു ദുരന്തമായിരുന്നു 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായിരുന്ന പ്രളയം. സംസ്ഥാനം മുഴുവൻ ഭീതിയുടെ നിഴലിൽ കഴിഞ്ഞിരുന്നു ആ ദിവസങ്ങൾ പക്ഷേ നമ്മുടെ സമൂഹത്തിൽ ഒരുപാട് മാറ്റങ്ങളാണ് കൊണ്ടുവന്നത്. കുത്തിയൊലിച്ച് വന്ന പ്രളയജലം തിരികെ ഇറങ്ങിപ്പോയത് ചില ചിതലരിക്കപ്പെട്ട ചിന്തകളെ തുടച്ചു നീക്കിക്കൊണ്ടു കൂടിയായിരുന്നു.

എത്രയൊക്കെ വികസനങ്ങൾ വന്നു എന്ന് പറഞ്ഞാലും മാറ്റം വരാതിരുന്ന ഒരു മേഖലയായിരുന്നു സ്ത്രീകളുടെ ഇരുളടഞ്ഞ ലോകം. ഒരുപാട് പുരോഗമനങ്ങൾ മനുഷ്യരുടെ ചിന്തയിൽ വന്നിട്ടുണ്ട്. എങ്കിലും ഇന്നും ആർത്തവത്തെക്കുറിച്ച് സംസാരിക്കാനും മറ്റും പലരും ബുദ്ധിമുട്ട് കാണിക്കുന്നുണ്ട്. പന്ത്രണ്ട് പതിമൂന്ന് വയസ്സ് മുതൽ ഏകദേശം 50 വയസ്സ് വരെ ഒരു സ്ത്രീ ശരീരത്തിൽ എല്ലാ മാസവും ഉണ്ടാകുന്ന ഒരു പ്രകൃതിദത്തമായ പ്രക്രിയ എന്നതിലുപരി എല്ലാ മാസവും അവളെ അശുദ്ധയാക്കുന്ന ഒരു പ്രതിഭാസം ആയാണ് ആർത്തവം കാണപ്പെട്ടിരുന്നത്. ഇന്ന് ഈ ചിന്താഗതിയിൽ വളരേയധികം മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും അത് അപൂർണ്ണമാണ്.

കേരളത്തിലുണ്ടായ പ്രളയത്തിൽ ഒലിച്ചു പോയതും ഇത്തരത്തിലുള്ള ചില ചിന്താഗതികളാണ്. ആർത്തവസമയത്ത് ക്യാമ്പിൽ ജീവിതം കഴിച്ചു കൂട്ടിയ എത്ര സഹോദരിമാരും അമ്മമാരും ഉണ്ട്! അവർക്കുള്ള സകല സഹായങ്ങളും ചെയ്ത് കൊടുത്തത് നമ്മുടെ നാട്ടിലെ സഹോദരന്മാർ തന്നെയാണ്. എല്ലാ ക്യാമ്പുകളിലും ഏറ്റവും കൂടുതൽ ആവശ്യകത ഉയർന്നു വന്നത്



സാനിറ്ററി നാപ്കിനു വേണ്ടി ആയിരുന്നു. എന്നാൽ എല്ലാ ക്യാമ്പുകളിലേക്കും ആവശ്യത്തിലധികം നാപ്കിനുകളാണ് എത്തിക്കൊണ്ടിരുന്നത്. അപ്രതീക്ഷിതമായി പ്രളയജലം വീടുകളിലേക്ക് ഇരച്ചു കയറിയപ്പോൾ പലർക്കും അവശ്യവസ്തുക്കൾ പോലും എടുക്കാൻ സാധിച്ചരുന്നില്ല. സാനിറ്ററി നാപ്കിനുകളെ വളരെയധികം അവശ്യവസ്തുവായി തന്നെയാണ് കണക്കാക്കുന്നത്. തൊട്ടടുത്തിരിക്കുന്ന വ്യക്തിയോട് വരെ രഹസ്യമായി പാഡുണ്ടോ എന്ന ചോദിച്ചിരുന്ന അവസ്ഥക്ക് ഇന്ന് ഒരുപാട് മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. വിഷയത്തെക്കുറിച്ചുള്ള അജ്ഞതയായിരുന്നു എന്നും മറ്റുള്ളവർക്ക് മുമ്പിൽ സ്ത്രീകളെ ആർത്തവകാലത്ത് അശുദ്ധരും തൊട്ടുകൂടാത്തവരുമായി കാട്ടിയിരുന്നത്. എന്നാൽ ഇന്ന് വിദ്യാസമ്പന്നരായ നമ്മുടെ പുതുതലമുറ ഇവ നോക്കിക്കാണുന്നത് വ്യത്യസ്തമായാണ്.

പക്ഷേ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ കാര്യം തീർത്തും വ്യത്യസ്ഥമാണ്. ജീവിതസാഹര്യങ്ങളുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ ഇതിനോട് അവജ്ഞ ഇന്നും നിലനിൽക്കുന്നു. ശൗചാലയം പോലും ലഭ്യമല്ലാത്ത മറ്റ് സംസ്ഥാനങ്ങളിലെ അവസ്ഥ തീർത്തും നിരാശാജനകമാണ്. മെട്രോ സിറ്റികളുടെ പുറമോടിയിൽ ഞെളിഞ്ഞു നിൽക്കുന്ന പലപ്രധാന നഗരങ്ങളുടെ ഉൾവഴിയിലൂടെ സഞ്ചരിച്ചാൽ ഇത്തരത്തിലുള്ള ദയനീയ സ്ഥിതികൾ നമുക്ക് കാണാവുന്നതാണ്. തീണ്ടാരിക്കാലത്ത് അണപ്പൊട്ടിയൊഴുകുന്ന രക്തത്തിന്റെ കുത്തൊഴുക്ക് തടയാൻ ഉപയോഗിക്കുന്നത് പാഴ്‌വസ്തുക്കളും, മുഷിഞ്ഞ തുണികളും, മണ്ണ് പോലും ആണെന്നും മനസ്സിലാക്കുമ്പോൾ തെളിഞ്ഞു വരുന്നത് അവരുടെ ദയനീയ സ്ഥിതിയാണ്. കടയിൽനിന്നും ഒരു പാക്കറ്റ് സാനിറ്ററി നാപികൻ വാങ്ങാൻ പോലും സാമ്പത്തിക സ്ഥിതിയില്ലാത്ത അവരുടെ ജീവിതം നമുക്ക് തീർത്തും അന്യമാണ്. വളർച്ചയുടെ നെറുകിലേക്ക് കയറിപോകുന്നു എന്ന് അവകാശപ്പെടുന്ന നമ്മുടെ രാജ്യത്ത് ഇന്നും 12 ശതമാനത്തിൽ താഴെ മാത്രം സ്ത്രീകളാണ് സാനിറ്ററി നാപ്കിൻ ഉപയോഗിക്കുന്നത്. ബാക്കി 88% സ്ത്രീകളും ആശ്രയിക്കുന്നത് പാഴ്‌വസ്തുക്കളെയാണ്.

കോടിക്കണക്കിന് സ്ത്രീകൾ ഉള്ള ഇന്ത്യയിൽ ആകെ മൊത്തം 12% സ്ത്രീകൾ മാത്രമേ സാനിറ്ററി നാപ്കിൻ ഉപയോഗിക്കുന്നുള്ളു. ഏറ്റവും പുതിയ സർവ്വേ പ്രകാരം ഇന്ത്യയിൽ 43% സ്ത്രീകൾക്കും സാനിറ്ററി നാപ്കിൻ ലഭ്യമല്ല. അവരുടെ ആശ്രയം പാഴ്‌വസ്തുക്കളും മറ്റുമാണ്. തുടർച്ചയായുള്ള ഇവയുടെ ഉപയോഗം അണുബാധക്ക് കാരണമാകുന്നു. 36% സ്ത്രീകളും നാപ്കിനുകൾ ഉപയോഗിക്കുമ്പോൾ തൃപ്തരല്ല. ഇതുമൂലം അവർ മറ്റുള്ളവരുമായി ഇടപെടാനും മറ്റും മാനസികപരമായി ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. മറ്റുള്ളവരുമായി ഇതിനെ പറ്റി സംസാരിക്കുവാൻ വരെ അവർക്ക് സാധിക്കുന്നില്ല. 15–24 വയസ്സുള്ള പെൺകുട്ടികളിൽ 62%. കേരളം പോലെയുള്ള ചില സംസ്ഥാനങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ ഇന്നും പെൺകുട്ടികൾ ആശ്രയിക്കുന്നത് പഴഞ്ചൻ രീതികളെ തന്നെയാണ്. ഉത്തർപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിൽ 81% സ്ത്രീകളും സാനിറ്ററി നാപ്കിൻ ഉപയോഗിക്കുന്നില്ല എന്നത് തീർത്തും അവിശ്വസനീയമാണ്.

സാനിറ്ററി നാപ്കിനുകളുടെ അധികവിലയാണ് സാധാരണക്കാരിൽനിന്നും ഇവയെ അകറ്റുന്നത്. അന്നന്നത്തെ അന്നത്തിനുള്ള വക കണ്ടെത്താനാവാത്ത ഒരു ശരാശരി കുടുംബത്തിന് ഇവയെ അത്യാഡംബര വസ്തുക്കളുടെ പട്ടികയിലേക്ക് ചേർക്കേണ്ടി വരുന്നു. അരുണാചലം മുരുകദാസ് എന്ന തഞ്ചാവൂർകാരന്റെ അക്ഷീണമായ പ്രവർത്തനം മൂലം ഇന്ന് ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിലെങ്കിലും വിലകുറവിൽ സാനിറ്ററി നാപ്കിനുകൾ ലഭ്യമാണ്. അദ്ദേഹത്തിന്റെ ജീവിതത്തെ ആസ്പദമാക്കി R.Balki സംവിധാനം ചെയ്ത പാഡ്മാൻ എന്ന ചിത്രം ഒരുപാട് പ്രേക്ഷകശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. മുഷിഞ്ഞ തുണികളുടേയും മറ്റും ഉപയോഗം സ്ത്രീകളിൽ Vaginal, Utreus കാൻസറിന് കാരണമാകുന്നു. നാണത്തിന്റെ പേരിൽ ഓരോ ജീവനും അപകടത്തിലേക്ക് നടന്നു നീങ്ങുകയാണ്.



കേരളത്തിൽ ഇന്ന് വലിയ മാറ്റമാണ് സംഭവിച്ചിരിക്കുന്നത്. പ്രളയം പലതിനേയും കൊണ്ടുപോയി . പക്ഷെ അത് നമ്മെ അൽപമെങ്കലും ശുചീകരിക്കുക കൂടി ചെയ്തു. സാനിറ്ററി നാപ്കിനുകൾ നാണവും മടിയും കൂടാതെ ചോദിക്കാനും വാങ്ങിക്കുവാനും ഇന്ന് കേരളത്തിലെ സ്ത്രീകൾക്ക് ധൈര്യം ലഭിക്കുന്നുണ്ട്. പക്ഷേ........ ആർത്തവ സമയത്ത് ഒരു കുടിലിൽ ഒറ്റക്ക് താമസിപ്പിച്ച് ഗജയുടെ ആക്രമണത്തിൽ വാവിട്ടു കരഞ്ഞ് ......നിസ്സഹായയായി നിന്ന ഒരു പെൺകുട്ടി...... അവളുടെ ജീവൻ പൊലിഞ്ഞു പോയി....... ഇത്തരത്തിൽ അനാചാരങ്ങൾ ഇന്നും നിലനിൽക്കുന്ന ഭാരതത്തിൽ സാനിറ്ററി നാപ്കിനുകൾ എത്രമാത്രം സ്ത്രീകളിലേക്കെത്തിക്കാനാകും എന്നത് അത്യന്തം ശ്രമകരമാണ്, അതിനാൽ തന്നെ ആർത്തവത്തെ കുറിച്ചുള്ള തെറ്റിദ്ധാരണകളും അന്ധവിശ്വാസങ്ങളും തുടച്ചു മാറ്റാനും ശുചിത്വപൂർണ്ണമായ രീതികളിലൂടെ അതിനെ സമീപിക്കാനും സാനിറ്ററി നാപ്കിനുകൾ സാധാരണക്കാരിലേക്ക് എത്തിക്കാനും നമുക്ക് സാധിക്കണം.

ലക്ഷ്മി
രണ്ടാം വർഷം
ബി.എസ്.സി. ഫിസിക്സ്






# CAN SPRING BE FAR BEHIND?




“Long back, this whole state was flooded yet we survived” - this would probably be one of the dialogues that the posterity of Kerala will have to listen to (We do need a change from, “I walked shoeless to school”, don’t we?) The ‘sunny’ side was not up in our state for a week and even the Pluviophile prayed for the rain to end. When the first rain hit the state, the pretentious rain lovers stepped in to leave their own petrichor on their ostentatious instagram feeds. But this time, Indra (or should I say Zeus to maintain religious tolerence?) did not stop there. Days passed by quickly and we gained momentum. But in the midst of this catastrophy, we chanced upon many humourous and light hearted moments.



One video connected with floods became viral in minutes. An annoyed officer complaining that an young boy called him for help. The Rescue officer was inside a helicopter. Infact all the boy needed was a selfie. Eventhough it was an utter waste of time, energy and money it did prove to be chucklesome to a few. Perhaps he would be the guy who cllicks gruesome shots of accidents. Thank you, your service means a lot to the rest of your class.

Then came the stubborn aunties and uncles (sorry but not sorry) “Meh, the water won’t reach our house eventhough all our neighbouring buildings and the entire state is flooded” Now these were my favourite kind of people. They do deserve a standing ovation for their determination and positivity at those hours of darkness. Where are they now? Presumably dead (This is turning out to be dark) It was also a treat to watch Tovino Thomas struggling hard to get the message through their thick heads speaking of the personalized superman of Kerala, ‘Christies’, did have a lot of fun, drooling and clapping, thirty for his attention. From dawn to dusk, while the Mollywood heartthrob worked his fingers to bone, thousands floocked to the campus, and when he left, viola! It was like disapparition in Harry Potter.

From a voicenote where a girl is rejoicing about her relief camp life to another voicent which speaks of how a boy traveled from Kerala’s one end to the next accidently, the flood of 2018 did make us laugh through our tears. The undying faith that Malayalis have in their motherland was evident during this period. Perhaps it is this very faith that led to the quick comeback of the state to normalcy, once again debating on petrol prices and planning hartals.

Sruthi Madhu
III[rd] DC BA FE





# നിഴൽ, ഭയം

കട്ടനെ ഊതി ഊതി ഒന്നു കൊള്ളിച്ച് ചുണ്ടോടു ചേർത്ത് വെച്ച് ഒരുമ്മ സമ്മാനിക്കവെ അയാളെന്നോട് സുരക്ഷിതത്വത്തെക്കുറിച്ച് സംസാരിച്ചു. ഒപ്പം മാധവിക്കുട്ടിയും വിജയലക്ഷ്മിയും കൂട്ടിരുന്നു. എന്റെ ചില രാത്രികൾ എന്നും അങ്ങനെയായിരുന്നു. കട്ടന്റെ ഉത്തരവാദിത്തം അയാളിൽ ചാർത്തി ഞാൻ ഇരുട്ടിലേക്ക് നടന്നു. ആ യാത്രയിൽ ഉത്തരങ്ങൾ ഒരുപാടുണ്ടായിരുന്നിട്ടും ചോദ്യത്തിനായി ഞാൻ ഇരുട്ടിൽ തപ്പി. കണ്ണിൽ ഇരുട്ടു കയറി തുടങ്ങുന്നു. നടവഴികൾ ശ്യൂന്യമല്ല. ശബ്ദം കേൾക്കാം വെറും ശബ്ദം മാത്രം.. പുറകിൽ നിഴൽ പോലെ ആരോ ഉണ്ട്. തിരിഞ്ഞു നോക്കാൻ വയ്യ, ഭയമാണ് ശരീരമില്ലാത്ത ആ ശബ്ദത്തോട്.

മിഥുൻ. ആർ
രണ്ടാം വർഷം
എം.എസ്.സി. ജിയോളജി





# മുന്നോട്ട്

ഒരായുസ്സിന്റെ കരുതൽ ഒഴുകിപ്പോകുന്നത് നോക്കി നിൽക്കേണ്ടി വന്നപ്പോൾ...

സഹ്യനും അറബിക്കടലിനുമിടയിൽ സ്വസ്ഥമായി വിശ്രമിക്കുകയായിരുന്നു അവളും മക്കളും. സൂചനകൾ അൽപം ലഭിച്ചുവെങ്കിലും പേമാരിയാകുമെന്നും പ്രളയത്തിൽ കലാശിക്കുമെന്നും അവർ കരുതിയതു പോലുമില്ല. എന്നാൽ നോക്കി നിൽക്കുന്ന സമയം വേണ്ടി വന്നില്ല ആ കൊച്ചു ഭൂമിയിൽ വെള്ളം ആർത്തു കയറി... മലകളും പാറക്കെട്ടുകളും  പൊട്ടിത്തെറിച്ചു. വടക്കുനിന്നും ദുരന്ത വിവരം അറിഞ്ഞു വിലപിക്കുവാൻ തുടങ്ങുന്ന സമയംകൊണ്ട് തെക്കുഭാഗവും മധ്യഭാഗവും അപായത്തിൽ ആഴാൻ തുടങ്ങി.



ഒരായുസ്സിന്റെ അധ്വാനം മുഴുവൻ ഉപയോഗിച്ച് പണിതുയർത്തിയവയെ പ്രളയം കൊണ്ടുപോകുന്നത് നിലവിളിയോടെ നോക്കിനിൽക്കാനെ അപ്പോൾ അവർക്ക് കഴിഞ്ഞുള്ളൂ. ജീവനൊഴികെ മറ്റൊന്നിനെക്കുറിച്ചും ചിന്തിച്ചു നിൽക്കാനുള്ള സാവകാശം ലഭിച്ചില്ല എന്ന താണ് സത്യം. ഉറങ്ങിക്കിടക്കുന്ന മക്കളേയും തോളിലേറ്റി പുറമേയുള്ളതിനേക്കാൾ ശക്തമായ പേമാരി ഉള്ളിലേന്തി അവർ പലയിടങ്ങളിൽ അഭയം പ്രാപിച്ചു. സമാന ദു:ഖത്തോടെ കൂടിച്ചേർന്ന ഒരു പറ്റം ആളുകളെയാണ് പിന്നീടവർ കണ്ടത്. പ്രളയദുരന്തം പലതിനേയും ആട്ടി യുലച്ചു എന്ന സത്യം അവിടെ നിന്നെല്ലാം അവർ മന സ്സിലാക്കി..... ചിലർക്കു നഷ്ടമായത് ജീവനോളമായി അവർ കരുതിയിരുന്നവരെയായിരുന്നു, ചിലർക്ക് സ്വപ്ന ങ്ങളും പ്രതീക്ഷകളും ജീവൻ തന്നേയും........

അധ്വാനവും സമ്പത്തും അറബിക്കടലിലേ ക്കൊഴുകിയപ്പോൾ ഇനിയൊരു തിരിച്ചു വരവില്ലെന്ന് ചില രെങ്കിലും കരുതി... നഷ്ടമായതിനെയോർത്ത് അവർ വാവിട്ട് കരഞ്ഞു... ഇല്ലായ്മയിൽനിന്നും എവിടെ തുട ങ്ങണമെന്നറിയാതെ അവർ ഭ്രാന്തമായി അങ്ങുമിങ്ങും നടന്നു. പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടതിന് പെട്ടന്നൊന്നും ആർക്കും പ്രതിവിധി കണ്ടെത്താനായില്ല. ആരെ ശപി ക്കണമെന്നുപോലുമാറിയാതെ കുറച്ചു നാളുകൾ അവർ തേങ്ങിക്കൊണ്ടേയിരുന്നു.

എന്നാൽ അരികിലുണ്ടായിരുന്നവരുടെ ആശ്വാസ വചനങ്ങളും ഏവരുടേയും പരസ്പരസഹായവും ജീവി തത്തിലേക്ക് വർദ്ധിച്ച ഊർജത്തോടെ നടന്നുനീങ്ങുവാൻ അവർക്ക് പ്രേരണയായി...... അരമുറുക്കിക്കെട്ടി അവർ തിരിച്ചു നടന്നു. നഷ്ടപ്പെട്ടവയെ എല്ലാം നേടിയെടു ക്കാൻ.

തിരിച്ചെത്തിയപ്പോഴോ.......... ഹൃദയം തകരുമാ റുള്ള കാഴ്ചകൾ...... മിണ്ടാപ്രാണികളുടെ ശവശരീരങ്ങൾ കണ്ട് അവർ ഏങ്ങലടിച്ചു. വിലപ്പെട്ടതായിരുന്ന രേഖകൾ നഷ്ടപ്പെട്ടിരുന്നു. പലതിന്റേയും ഓർമ്മക്കായ് കാത്തു സൂക്ഷിച്ചിരുന്നവ, വിലപ്പെട്ട മറ്റു പലതും എന്നിങ്ങനെ തിരിച്ചു നേടാൻ സാധിക്കാത്ത പലതും ഉണ്ടായിരുന്നു. എങ്കിലും തളരാൻ തയ്യാറായില്ല. പുതിയവയെ കെട്ടിപ്പെ ടുക്കാൻ അവർ ഒരുമിച്ചുനിന്നു. തളർന്നവരെ തോളത്തു തട്ടിയുണർത്തി. ധൈര്യപൂർവ്വം മുന്നോട്ടു നീങ്ങാൻ തന്നെയവർ തീരുമാനിച്ചു.

ശിൽപ വിൽസൺ
രണ്ടാം വർഷം
ബി.എസ്.സി. ഫിസിക്സ്



# റെഡ് അലർട്ട്




നീ എന്നിൽ ചുമത്തിയ നികുതി-
കൾക്കെല്ലാം ഞാൻ റെഡ് അലർട്ട്
പ്രഖ്യാപിക്കുന്നു.
നീ എന്റെ നെഞ്ചത്തു കയറ്റിയ കൂറ്റൻ
കോൺക്രീറ്റ് കെട്ടിടങ്ങൾക്കും ഞാൻ
റെഡ് അലർട്ട് പഖ്യാപിക്കുന്നു.
ജാതിയുടെയും, വർഗ്ഗീയതയുടെയും പേരിൽ
നീ തീർത്ത അതിർവരമ്പുകൾക്കും
പരസ്പരം സ്നേഹം മറന്നു നീ നടത്തുന്ന
ഡിജിറ്റൽ യുഗത്തിനും ഞാൻ
റെഡ് അലർട്ട് പ്രഖ്യാപിക്കുന്നു.
വിശക്കുന്നവന്റെ വേദനയറിയാതെ നീ
പാഴാക്കുന്ന ഭക്ഷ്യവസ്തുക്കൾക്കും ഞാൻ
റെഡ് അലർട്ട് പ്രഖ്യാപിക്കുന്നു.
നീ അലറുക! നിന്നിൽ റെഡ് അലർട്ട്
വന്നതിനെ ഭേദിച്ചു നീ അലറുക.

റിജാസ് കെ.യു
രണ്ടാം വർഷം
ബി.എ. മലയാളം



പുരോഗമനവും നവോത്ഥാനമൂല്യങ്ങളും ഉയർത്തിപ്പിടിക്കുമ്പോഴും മരണത്തിനും ദൈവത്തിനും അടിമയായൊരു സമൂഹമാണ് നമ്മുടേത്. സമ്പൂർണ്ണ സാക്ഷരത കൈവരിക്കുമ്പോഴും ഈ ഭയം എന്നും അവർക്കൊപ്പമുണ്ട്. സ്ത്രീസംവരണം കൈയ്യടിച്ച് പ്രോത്സാഹിപ്പിച്ചവർ തന്നെ ആർത്തവ കാലത്തെ സ്ത്രീശുദ്ധിയെക്കുറിച്ച് വ്യാകുലപ്പെടുന്നു. ചരിത്ര നവോത്ഥാന നായകരും, പുരോഹിത വർഗ്ഗം സ്ത്രീക്കൊപ്പം ആചാരത്തെ സംരക്ഷിച്ചപ്പോൾ, അതിനു മുകളിൽ കയറി ആധുനിക ദൈവങ്ങൾ പേക്കൂത്ത് നടത്തുന്നു. ദൈവമെന്ന ചെകുത്താൻ മതങ്ങൾക്ക് കുട പിടിക്കുമ്പോൾ, ആ മതങ്ങളെ സംരക്ഷിക്കാൻ അവൾ സ്വയം അശുദ്ധയാകുന്നു.

# മതം ആചാരം പെണ്ണ്



ഇന്ന് പൊതുസമൂഹം ഏറെ അസ്വസ്ഥരാകുന്നത് മതങ്ങൾകൊണ്ടും അവയിലെ ചില ആചാരങ്ങൾക്കൊണ്ടുമാണ് ഏറെ മൂല്യങ്ങളും വിശ്വാസ്യതയും അവകാശപ്പെടുമ്പോഴും സ്ത്രീവിരുദ്ധതയാണ് എല്ലാ മതങ്ങളുടെയും അന്തഃസത്ത പ്രവാചക മതവിശ്വാസങ്ങളിൽ അവ തത്ത്വത്തിൽ അധിഷ്ടിതമാണെങ്കിൽ ഹൈന്ദവമതവിശ്വാസങ്ങളിൽ അത് ആചാരങ്ങളിൽ പ്രകടമാണ്. ഒരു മതത്തിന്റെ ആചാരമോ വിശ്വാസമോ പുനർനിർമ്മിക്കുന്നതിൽ സ്ത്രീകൾക്ക് യാതൊരു പ്രാധാന്യമോ അധികാരമോ കൽപ്പിക്കപ്പെടുന്നില്ലെങ്കിലും അവ പരിപാലിക്കാനും വരും തലമുറകൾക്ക് പരിശീലിപ്പിക്കാനും ചാവേറുകളായി നിയുക്തരാകുന്നത് എന്നും സ്ത്രീകൾ തന്നെയാണ്. മതങ്ങളുടെയും ആചാരങ്ങളുടെയും അടിമയായി സ്വയം ജീവിതം ഹോമിക്കേണ്ടതല്ല അവൾ എന്നാൽ സ്വന്തം മക്കളെ അവയിലേക്ക് നയിക്കേണ്ടത് അമ്മയുടെ ബാധ്യതയാണ്. അങ്ങനെ സ്ത്രീയിലൂടെയാണ് അവൾക്കെതിരായ നിയമങ്ങൾ സംരക്ഷിക്കപ്പെടുന്നതെന്ന് അവൾപോലുമറിയുന്നില്ല.



